2026 NOVEMBER 9

emalayalee.com

The Weekly

WEEKLY NEWSPAPER

C[illegible]yalee.com | Phone: 917 324 4907; 917 662 1122



നിത്യ രാമൻ; ലോസാഞ്ചലസിൽ ചരിത്രം കുറിച്ച് മലയാളി വേരുകളുള്ള ഇന്ത്യൻ വംശജ

അമേരിക്കൻ തിരഞ്ഞെടുപ്പ്



സുരേന്ദ്രൻ കെ. പട്ടേലിനും ജൂലി എ. മാത്യുവിനും മാർട്ടിൻ ജോണിനും ഉജ്ജ്വല വിജയം

MALABAR
GOLD & DIAMONDS



THE SEASON OF
JEWELLERY
THE SEASON OF
OFFERS

FREE
GOLD COINS
WITH DIAMOND
AND PRECIOUS GEM
JEWELLERY PURCHASE

Offer valid
until 8th November 2026


*T&C Apply


നിത്യ രാമൻ; ചരിത്രം കുറിച്ച് മലയാളി വേരുകളുള്ള ഇന്ത്യൻ വംശജ



വാഷിങ്ടൺ: കേരളത്തിൽ ജനിച്ച് അമേരിക്കയിലെത്തിയ നിത്യ രാമൻ ലോസ് ആഞ്ചലസ് മേയറായി. നിലവിലെ മേയർ കാരൻ ബാസിനെ പരാജയപ്പെടുത്തിയാണ് 45കാരിയായ നിത്യ രാമൻ അമേരിക്കയിലെ രണ്ടാമത്തെ വലിയ നഗരത്തിന്റെ തലപ്പത്തെത്തുന്നത്. നഗരത്തിന്റെ ചരിത്രത്തിലെ ആദ്യ ഏഷ്യൻ അമേരിക്കൻ മേയറും ദക്ഷിണേഷ്യൻ വംശജയായ ആദ്യ മേയറുമാണ് നിത്യ. നവംബർ 5 വ്യാഴാഴ്ച കാരൻ ബാസ് പരാജയം സമ്മതിച്ചതോടെ നിത്യയുടെ വിജയം ഉറപ്പായി.

വ്യാഴാഴ്ച രാത്രി പുറത്തുവന്ന വോട്ടെണ്ണൽ കണക്കുകൾ പ്രകാരം 53 ശതമാനം വോട്ടാണ് നിത്യ നേടിയത്. കാരൻ ബാസിന് 47 ശതമാനം വോട്ട് ലഭിച്ചു. ഏകദേശം 8.74 ലക്ഷം ബാലറ്റുകൾ എണ്ണിക്കഴിഞ്ഞപ്പോഴുള്ള കണക്കാണിത്. തിരഞ്ഞെടുപ്പ് ഫലം ഔദ്യോഗികമായി സാക്ഷ്യപ്പെടുത്തിയിട്ടില്ലെങ്കിലും എൻബിസി ന്യൂസ് നിത്യയുടെ വിജയം പ്രവചിച്ചിരുന്നു. നിത്യയെ ഫോണിൽ വിളിച്ച് അഭിനന്ദിച്ച കാരൻ ബാസ് അധികാര കൈമാറ്റം സുഗമമാക്കുമെന്ന് പ്രസ്താവനയിൽ അറിയിച്ചു. ഡിസംബറിൽ നിത്യ മേയറായി ചുമതലയേൽക്കും.





വിജയത്തിനുശേഷം രത്നം സ്വീകരിച്ചു.

സൗകര്യങ്ങൾക്കുവേണ്ടിയും

ലോസ് ആഞ്ചലസിലെ ഒറിജിനൽ ഫാർമേഴ്സ് മാർക്കറ്റിൽ നടത്തിയ പ്രസംഗത്തിൽ കുടിയേറ്റക്കാരുടെ നഗരമാണ് ലോസ് ആഞ്ചലസ് എന്ന് നിത്യ ഓർമിപ്പിച്ചു. 'അമേരിക്കൻ ചരിത്രത്തിലെ ഈ നിർണായക ഘട്ടത്തിൽ ഒരു കുടിയേറ്റക്കാരിയെ അടുത്ത മേയറായി ലോസ് ആഞ്ചലസ് നിവാസികൾ തിരഞ്ഞെടുത്തുവെന്നത് എന്നെ ആഴത്തിൽ സ്പർശിക്കുന്നു' എന്നായിരുന്നു അവരുടെ പ്രതികരണം.

1981ൽ തൃശൂരിലാണ് നിത്യയുടെ ജനനം. പിതാവ് വെങ്കിട്ടരാമൻ കെൽട്രോണിലും മാതാവ് സുധ കെച്ചേരി ഇന്ത്യൻ ഓവർസീസ് ബാങ്കിലും ജോലി ചെയ്തിരുന്നു. തിരുവനന്തപുരത്തും കുടുംബം താമസിച്ചിരുന്നു. ആറാം വയസ്സിൽ കുടുംബത്തോടൊപ്പം അമേരിക്കയിലേക്ക് കുടിയേറി. 22-ാം വയസ്സിൽ ബോസ്റ്റണിൽ വെച്ച് അമേരിക്കൻ പൗരത്വം സ്വീകരിച്ചു.

ഹാർവഡ് സർവകലാശാലയിൽ സോഷ്യൽ സ്റ്റഡീസിൽ പഠനം നടത്തിയ നിത്യ വിദ്യാർഥിയായിരിക്കെ തന്നെ സാമൂഹിക പ്രവർത്തനങ്ങളിൽ സജീവമായി. കുടിയൊഴിപ്പിക്കൽ ഭീഷണി നേരിടുന്ന വാടകക്കാർക്ക് പലിശരഹിത വായ്പ നൽകുന്ന പദ്ധതിയിൽ പ്രവർത്തിച്ചു. ഭവനരഹിതരുടെ പ്രശ്നങ്ങളിലേക്ക് പൊതുജനശ്രദ്ധ ക്ഷണിക്കാൻ അതിശൈത്യത്തിലും പുറത്ത് ഉറങ്ങിയ അനുഭവം അവരുടെ സഹപാഠികൾ അനുസ്മരിച്ചിട്ടുണ്ട്.

ഇന്ത്യയിലെ ഭരണസംവിധാനവും സാമൂഹിക സാഹചര്യങ്ങളും പഠനത്തിന്റെ ഭാഗമായി അടുത്തറിയാൻ നിത്യ ശ്രമിച്ചു. ഡൽഹിയിലെ ചേരികളിൽ പ്രവർത്തിക്കുന്ന സംഘടനകൾക്കൊപ്പം ചേർന്ന് കുടിയൊഴിപ്പിക്കലിനെതിരെയും അടിസ്ഥാന പ്രവർത്തിച്ചു. 2010ലെ കോമൺവെൽത്ത് ഗെയിംസിന് മുന്നോടിയായി ചേരിനിവാസികളെ ഒഴിപ്പിക്കുന്ന നടപടികൾക്കെതിരായ ഇടപെടലുകളും നടത്തി. നഗരവികസന പദ്ധതികളും സർക്കാർ തീരുമാനങ്ങളും സാധാരണക്കാരുടെ ജീവിതത്തെ എങ്ങനെ ബാധിക്കുന്നുവെന്ന തിരിച്ചറിവാണ് നഗരാസൂത്രണം പഠിക്കാൻ പ്രേരിപ്പിച്ചതെന്ന് അവർ പിന്നീട് വ്യക്തമാക്കിയിട്ടുണ്ട്.

എംഐടിയിൽനിന്ന് അർബൻ പ്ലാനിങ്ങിൽ ബിരുദാനന്തര ബിരുദം നേടിയ നിത്യ പഠനശേഷം ഇന്ത്യയിലേക്ക് മടങ്ങി. ചെന്നൈയിൽ 'ട്രാൻസ്പരന്റ് ചെന്നൈ' എന്ന പേരിൽ പൗരസമൂഹത്തിന്റെ വിവരങ്ങൾ ശേഖരിക്കുകയും നഗരാസൂത്രണത്തിന് ഉപയോഗപ്പെടുത്തുകയും ചെയ്യുന്ന സംരംഭത്തിന് തുടക്കമിട്ടു. ചേരിപ്രദേശങ്ങളിലെ ശുചിത്വ സൗകര്യങ്ങൾ, പൊതു

കൗൺസിലിൽ വാടകക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും കുറഞ്ഞ ചെലവിലുള്ള ഭവനങ്ങൾ ലഭ്യമാക്കുന്നതിനും നിത്യ നിരവധി ഇടപെടലുകൾ നടത്തി. പ്രത്യേക കാരണമില്ലാതെ വാടകക്കാരെ ഒഴിപ്പിക്കുന്നത് തടയാനുള്ള സംരക്ഷണം ഏകദേശം നാല് ലക്ഷം അധിക വാടക യൂണിറ്റുകളിലേക്ക് വ്യാപിപ്പിക്കുന്ന നിയമനടപടികൾക്ക് പിന്തുണ നൽകി.

ശൗചാലയങ്ങൾ, അടിസ്ഥാന സേവനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുന്നതായിരുന്നു പദ്ധതിയുടെ പ്രധാന ലക്ഷ്യം.

2013ൽ ലോസ് ആഞ്ചലസിലേക്ക് താമസം മാറിയ നിത്യ നഗരത്തിലെ ഭവനരഹിതരുടെ പ്രശ്നങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. നഗരത്തിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസിൽ പ്രവർത്തിച്ച കാലത്ത് ഭവനരഹിതർക്കായി ചെലവഴിക്കുന്ന തുകയുടെ വിനിയോഗം പരിശോധിച്ചു. ഏകദേശം 100 മില്യൺ ഡോളറിന്റെ ചെലവിൽ വലിയൊരു പങ്ക് ഭവനസൗകര്യങ്ങൾക്കും പുനരധിവാസത്തിനും പകരം അറസ്റ്റുകൾക്കായി ഉപയോഗിക്കുന്നതായി കണ്ടെത്തിയതും അവരുടെ പ്രവർത്തനങ്ങൾക്ക് വഴിത്തിരിവായി.

2017ൽ 'സെലാ നെയ്ബർഹുഡ് ഹോംലെസ് കോയലിഷൻ' രൂപീകരിക്കുന്നതിൽ സഹസ്ഥാപകയായി പങ്കെടുത്തു. പിന്നീട് 'ടൈംസ് അപ്പ് എന്റർടെയ്ൻമെന്റ്' എന്ന സംഘടനയിലും നേതൃത്വം വഹിച്ചു.

2020ൽ ലോസ് ആഞ്ചലസ് സിറ്റി കൗൺസിലിലേക്ക് മത്സരിച്ച നിത്യ, നിലവിലെ കൗൺസിലറായ ഡേവിഡ് റ്യൂവിനെ പരാജയപ്പെടുത്തി. 17 വർഷത്തിനിടെ ആദ്യമായി ഒരു സ്ഥാനാർഥി നിലവിലെ കൗൺസിൽ അംഗത്തെ പരാജയപ്പെടുത്തുന്ന സംഭവമായിരുന്നു അത്. ലോസ് ആഞ്ചലസ് സിറ്റി കൗൺസിലിലെ ആദ്യ ദക്ഷിണേഷ്യൻ വംശജയും ആദ്യ ഏഷ്യൻ അമേരിക്കൻ വനിതയുമായി നിത്യ മാറി. 2024ൽ വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു.

കൗൺസിലിൽ വാടകക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും കുറഞ്ഞ ചെലവിലുള്ള ഭവനങ്ങൾ ലഭ്യമാക്കുന്നതിനും നിത്യ നിരവധി ഇടപെടലുകൾ നടത്തി. പ്രത്യേക കാരണമില്ലാതെ വാടകക്കാരെ ഒഴിപ്പിക്കുന്നത് തടയാനുള്ള സംരക്ഷണം ഏകദേശം നാല് ലക്ഷം അധിക വാടക യൂണിറ്റുകളിലേക്ക് വ്യാപിപ്പിക്കുന്ന നിയമനടപടികൾക്ക് പിന്തുണ നൽകി. 2025 നവംബറിൽ വാടക നിയന്ത്രണമുള്ള അപ്പാർട്ട്മെന്റുകളിലെ വാർഷിക വാടക വർധനയുടെ പരിധി 38 ശതമാനത്തിൽനിന്ന് പണപ്പെരുപ്പത്തിന് അനുസരിച്ച് 14 ശതമാനമായി കുറയ്ക്കാനുള്ള നിർദേശവും കൗൺസിൽ അംഗീകരിച്ചു.

എന്നാൽ ഭവനരഹിതരുടെ പുനരധിവാസ പദ്ധതികളുടെ നടത്തിപ്പിൽ വീഴ്ചകളുണ്ടായെന്ന വിമർശനങ്ങളും നിത്യ നേരിട്ടു. 600 കുടുംബങ്ങൾക്ക് വാടക വൗച്ചറുകൾ വഴി വീടുകൾ ലഭ്യമാക്കാൻ ലക്ഷ്യമിട്ട പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാനായില്ല. ജൂലൈ ഒന്നിന് ലക്ഷ്യമിട്ട 600 കുടുംബങ്ങളിൽ മൂന്നുപേർക്ക് മാത്രമാണ് അപ്പോഴേക്കും താമസസൗകര്യം ലഭിച്ചത്. ഓഗസ്റ്റ് 13 ആയപ്പോഴേക്കും ഇത് 54 ആയി ഉയർന്നു. അതേസമയം, തന്റെ കൗൺസിൽ മണ്ഡലത്തിൽ തെരുവുകളിലെ ഭവനരഹിതരുടെ എണ്ണം 49 ശതമാനം കുറഞ്ഞതായി നിത്യ അവകാശപ്പെട്ടു. ഈ നേട്ടത്തിന്റെ ക്രെഡിറ്റ് മേയർ ബാസ് തന്റെ



RACE FOR L.A. MAYOR: NITHYA RAMAN

'ഇൻസൈഡ് സേഫ്' പദ്ധതി പ്രധാനമായും ക്കാണ് നൽകിയത്.

ഡെമോക്രാറ്റിക് സോഷ്യലിസ്റ്റ്സ് ഓഫ് അമേരിക്കയുടെ പിന്തുണയുള്ള സ്ഥാനാർഥിയായ നിത്യ, ഭവനനിർമാണം പ്രോത്സാഹിപ്പിക്കുന്ന 'യെസ് ഇൻ മൈ ബാക്ക്യാർഡ്' പ്രസ്ഥാനവുമായും ബന്ധം പുലർത്തി. സ്വന്തം തീരുമാനങ്ങൾ സ്വതന്ത്രമായിട്ടാണ് കൈക്കൊള്ളുന്നതെന്ന് അവർ വ്യക്തമാക്കിയിട്ടുണ്ട്.

മേയർ തിരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള നിത്യയുടെ തീരുമാനം രാഷ്ട്രീയ വൃത്തങ്ങളിൽ ശ്രദ്ധ നേടി. നേരത്തെ കാരൻ ബാസിനെ പിന്തുണച്ചിരുന്ന അവർ, സ്ഥാനാർഥിത്വത്തിനുള്ള അവസാന തീയതിക്ക് തൊട്ടുമുമ്പാണ് ബാസിനെതിരെ മത്സരിക്കാൻ തീരുമാനിച്ചത്. ജൂണിൽ നടന്ന പ്രാഥമിക തിരഞ്ഞെടുപ്പിൽ രണ്ടാം സ്ഥാനത്തെത്തിയതോടെയാണ് ഇരുവരും തമ്മിലുള്ള നേരിട്ടുള്ള പോരാട്ടത്തിന് വഴിയൊരുങ്ങിയത്.

തിരഞ്ഞെടുപ്പ് പ്രചാരണത്തിനിടെ പോലീസ് യൂണിയൻ നിത്യക്കെതിരെ അഞ്ച് മില്യൺ ഡോളറിലധികം ചെലവഴിച്ചതായും റിപ്പോർട്ടുകളുണ്ട്. യുവ വോട്ടർമാരുടെ പിന്തുണയാണ് നിത്യയുടെ വിജയത്തിൽ നിർണായകമായത്. ഭവനരഹിതരുടെ പ്രശ്നങ്ങൾ, വാടക വർധന, പൊതുഗതാഗതം, നഗരത്തിലെ അടിസ്ഥാന സൗകര്യങ്ങൾ എന്നിവയായിരുന്നു പ്രചാരണത്തിലെ പ്രധാന വിഷയങ്ങൾ.



ഹാർവഡിൽ പഠിക്കുമ്പോൾ പരിചയപ്പെട്ട വാലിചന്ദ്രശേഖരനാണ് ഭർത്താവ്. 'മോഡേൺ ഫാമിലി', '30 റോക്ക്' തുടങ്ങിയ ടെലിവിഷൻ പരമ്പരകളിൽ പ്രവർത്തിച്ചിട്ടുള്ള വാലി ടെലിവിഷൻ തിരക്കഥാകൃത്താണ്. ഇരട്ടക്കുട്ടികളോടൊപ്പം ലോസ് ആഞ്ചലസിലാണ് താമസം.

തിരഞ്ഞെടുപ്പ് വിജയാഘോഷത്തിൽ മാതാപിതാക്കൾ, സഹോദരൻ, ഭർത്താവ്, മക്കൾ എന്നിവരോടൊപ്പം വേദിയിലെത്തിയ നിത്യ, നഗരത്തിന്റെ ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷകൾ പങ്കുവച്ചു. 'പ്രതീക്ഷയില്ലായ്മ ഒരു നഗരത്തിന് മാരകമാണ്. എന്നാൽ ഈ പ്രചാരണം അതിന് വഴങ്ങിയില്ല' എന്നായിരുന്നു അവരുടെ വാക്കുകൾ.

നാല് മില്യൺ ജനസംഖ്യയുള്ള ലോസ് ആഞ്ചലസിന്റെ ഭരണച്ചുമതലയാണ് ഇനി നിത്യയെ കാത്തിരിക്കുന്നത്. 2028ലെ സമ്മർ ഒളിമ്പിക്സിനുള്ള ഒരുക്കങ്ങൾ, ഭവനപ്രതിസന്ധി, ഭവനരഹിതരുടെ പുനരധിവാസം, പൊതുസുരക്ഷ, നഗരസേവനങ്ങളുടെ കാര്യക്ഷമത എന്നിവ വലിയ വെല്ലുവിളികളാകും. ഡിസംബറിൽ അധികാരമേൽക്കേണ്ടതിനാൽ വളരെ കുറഞ്ഞ സമയത്തിനുള്ളിൽ ഭരണകൈമാറ്റവും പുതിയ ഭരണസംവിധാനത്തിന്റെ തയ്യാറെടുപ്പുകളും പൂർത്തിയാക്കേണ്ടതുണ്ടെന്ന് നിത്യ തന്നെ വ്യക്തമാക്കിയിട്ടുണ്ട്.

കേരളത്തിൽനിന്ന് അമേരിക്കയിലേക്ക് കുടിയേറിയ ഒരു കുടുംബത്തിലെ അംഗം, സാമൂഹിക പ്രവർത്തനത്തിലൂടെ രാഷ്ട്രീയത്തിലെത്തി അമേരിക്കയിലെ ഏറ്റവും വലിയ നഗരങ്ങളിലൊന്നിന്റെ ഭരണത്തലപ്പത്തേക്ക് ഉയർന്നത് ഇന്ത്യൻ വംശജർക്കും മലയാളി സമൂഹത്തിനും അഭിമാനകരമായ നേട്ടമാണ്.

തിരഞ്ഞെടുപ്പ് പ്രചാരണത്തിനിടെ പോലീസ് യൂണിയൻ നിത്യക്കെതിരെ അഞ്ച് മില്യൺ ഡോളറിലധികം ചെലവഴിച്ചതായും റിപ്പോർട്ടുകളുണ്ട്. യുവ വോട്ടർമാരുടെ പിന്തുണയാണ് നിത്യയുടെ വിജയത്തിൽ നിർണായകമായത്.

GURUKULAM

ഗുരുകുലം

The Indian School of Culture, Languages and Arts, Inc.
P.O. Box 521, White Plains, NY 10602

നിസ്വാർത്ഥവും ത്യാഗോജ്ജ്വലവുമായ സാംസ്കാരിക സേവനത്തിന്റെ

വിജയകരമായ 34 വർഷങ്ങൾ

ഓൺലൈൻ മലയാളം ക്ലാസ്സുകൾ

ഓരോ വീടും ഓരോ ഗുരുകുലം

നൂറു വീടുകളിൽ മലയാളപഠനം സജീവം

• എട്ടു ലെവൽ • പത്ത് അദ്ധ്യാപകർ • പന്ത്രണ്ട് സഹാദ്ധ്യാപകർ

- രണ്ടര വയസ്സ് മുതൽ പ്രായമുള്ള കുട്ടികൾക്ക് പ്രവേശനം
- പ്രായത്തിന്റെയും ഭാഷാപരിചയത്തിന്റെയും അടിസ്ഥാനത്തിൽ പ്രത്യേകം ക്ലാസ്സുകൾ
- കേരളത്തിലും അമേരിക്കയിലും പഠിപ്പിച്ച് പരിചയം നേടിയിട്ടുള്ള അധ്യാപകർ
- മലയാളപഠനത്തിന് അനുയോജ്യമായ പാഠ്യപദ്ധതി

Professionally prepared audio and video Malayalam classes available in GURUKULAM Website publications

www.gurukulamindianschoolny.org
STUDENTS FROM ALL THE STATES IN THE US ARE WELCOME
for further information: gurukulam.newyork@gmail.com

J. Mathews (Principal) 914 450 1442
Philps Vembenil (PR) 914 428 5678
Purushothaman Panicker (Treasurer) 914 834 5108

GURUKULAM BOARD MEMBERS:
Philip Vembenil
J. Mathews
Purushothaman Panicker
Draupathi Nampoothiri
Jeffy Thomas
Betsy Vargheese
Sonia Thomas

TEACHERS:
Jain Thomas
Sonia Thomas
Betsy Vargheese
Sarala Sasidharan
Sonia Chandy
Merin Joseph
Catherine Vembenil
Lissy Joseph

VOLUNTEERS:
July Asariparambil
Tara Nair
Aishwarya Punnoose
Anna Sunil
Smitha R. Cherry
Shana George
Anna Mathew
George Thomas
Julia Sebastian
Selen Paulose



J. MATHEWS
Principal
jmathews335@gmail.com

Diana Cherian (Vice Principal), J. Mathews (Principal)

അമേരിക്കൻ തിരഞ്ഞെടുപ്പിൽ ചരിത്രമെഴുതി മലയാളികൾ:

സുരേന്ദ്രൻ കെ. പട്ടേലിനും ജൂലി എ. മാത്യുവിനും മാർട്ടിൻ ജോണിനും ഉജ്ജ്വല വിജയം

ജീമോൻ റാന്നി -
അജു വാരിക്കാട് ടീം

ഹൂസ്റ്റൺ: അമേരിക്കൻ ഐക്യനാടുകളിലെ തിരഞ്ഞെടുപ്പ് ചൂടിനിടയിൽ കേരളത്തിന് ഒന്നടങ്കം അഭിമാനിക്കാൻ വകനൽകുന്ന ഒരു വലിയ വാർത്തയാണ് ഇപ്പോൾ പുറത്തുവരുന്നത്. അമേരിക്കൻ മുഖ്യധാരാ രാഷ്ട്രീയത്തിൽ തങ്ങളുടെതായ വ്യക്തിമുദ്ര പതിപ്പിച്ച് മൂന്ന് മലയാളികൾ മിന്നും വിജയം കരസ്ഥമാക്കിയിരിക്കുന്നു. സുരേന്ദ്രൻ കെ. പട്ടേൽ, ജൂലി എ. മാത്യു, മാർട്ടിൻ ജോൺ എന്നിവരാണ് അമേരിക്കൻ ജനതയുടെ വിശ്വാസം ആർജിച്ച് ഈ സുവർണ്ണ നേട്ടത്തിന് അർഹരായത്.

തികച്ചും ആവേശകരമായ മത്സരങ്ങൾക്കൊടുവിലാണ് മൂവരും തങ്ങളുടെ എതിരാളികളെ ബഹുദൂരം പിന്നിലാക്കി വിജയക്കൊടി പാറിച്ചത്.

240-ാം ജുഡീഷ്യൽ ഡിസ്ട്രിക്റ്റ് ജഡ്ജി (District Judge, 240th Judicial District) സ്ഥാനത്തേക്ക് ജനവിധി തേടിയ ഡെമോക്രാറ്റിക് സ്ഥാനാർത്ഥി സുരേന്ദ്രൻ കെ. പട്ടേൽ തന്റെ വിജയത്തിന്റെ ഭൂരിപക്ഷം വൻതോതിൽ വർദ്ധിപ്പിച്ചു. പുതിയ ഫലങ്ങൾ പ്രകാരം അദ്ദേഹം 1,58,897 വോട്ടുകൾ (59.89%) സ്വന്തമാക്കിയിട്ടുണ്ട്. എതിരാളിയായ റിപ്പബ്ലിക്കൻ സ്ഥാനാർത്ഥി ആശാ റെഡ്ഡിക്ക് 1,06,418 വോട്ടുകൾ (40.11%) മാത്രമാണ് നേടാനായത്. ആകെ 2,65,315 വോട്ടുകളാണ് ഈ ഡിസ്ട്രിക്റ്റിൽ രേഖപ്പെടുത്തിയത്.

നീതിന്യായ മേഖലയിൽ വീണ്ടും ജൂലി എ. മാത്യു

നീതിന്യായ മേഖലയിലെ മറ്റൊരു ശ്രദ്ധേയമായ പോരാട്ടത്തിൽ, കൗണ്ടി കോർട്ട് അറ്റ് ലോ നമ്പർ 3-ലെ (County Court at Law No. 3) ജഡ്ജി സ്ഥാനത്തേക്ക് ഡെമോക്രാറ്റിക് പാർട്ടിയുടെ മലയാളിയായ ജൂലി മാത്യു (Juli Mathew) ഉജ്ജ്വല വിജയമാണ് കരസ്ഥമാക്കിയത്. നിലവിലെ ജഡ്ജിയായ ജൂലി 1,68,321 വോട്ടുകൾ (60.10%) ലഭിച്ചു. റിപ്പബ്ലിക്കൻ പാർട്ടിയുടെ ജെസ്സിക്ക ജെറമില്ലോയെയാണ് അവർ പരാജയപ്പെടുത്തിയത്. ജെസ്സിക്കയ്ക്കു 1,111,760 വോട്ടുകളാണ് (39.90%) ലഭിച്ചത്. ഈ തെരഞ്ഞെടുപ്പിൽ ആകെ 2,65,519 പേർ വോട്ട് രേഖപ്പെടുത്തി.

പാർട്ടി ഭേദമന്യേ വിജയം കൊയ്ത് മാർട്ടിൻ ജോൺ

രാഷ്ട്രീയ പാർട്ടികളുടെ ചിഹ്നങ്ങളില്ലാതെ നടന്ന (Non-Partisan) ഫോർട്ട് ബെൻഡ് സെൻട്രൽ അപ്രൈസൽ ഡിസ്ട്രിക്റ്റ് ബോർഡ് ഓഫ് ഡയറക്ടേഴ്സ് തിരഞ്ഞെടുപ്പിലെ പുതിയ കണക്കുകൾ പ്രകാരം

മാർട്ടിൻ ജോൺ തന്റെ ലീഡ് വലിയ രീതിയിൽ ഉയർത്തി. മാർട്ടിൻ ജോൺ 1,22,131 വോട്ടുകൾ (57.68%) നേടി ഉജ്ജ്വല വിജയം സ്വന്തമാക്കി.

എതിരാളിയായ ഷൈസാദ് 'സാം' ചത്രിവാലയ്ക്ക് 89,616 വോട്ടുകൾ (42.43%) മാത്രമേ നേടാനായുള്ളൂ. ഈ മത്സരത്തിൽ ആകെ 2,11,747 വോട്ടുകൾ രേഖപ്പെടുത്തപ്പെട്ടു. മാർട്ടിൻ ജോൺ പാലാ സെന്റ് തോമസ് കോളേജ് യൂണിയൻ മുൻ ചെയർമാനാണ്.

അമേരിക്കൻ പ്രാദേശിക ഭരണകൂടങ്ങളിലും നീതിന്യായ വ്യവസ്ഥയിലും പ്രവാസി മലയാളികൾ എത്രത്തോളം സ്വാധീനം ചെലുത്തുന്നുണ്ടെന്നും, ജനങ്ങൾക്കിടയിൽ അവർക്ക് എത്രത്തോളം സ്വീകാര്യതയുണ്ടെന്നും തെളിയിക്കുന്നതാണ് ഈ തെരഞ്ഞെടുപ്പ് ഫലങ്ങൾ.

സ്വന്തം പ്രയത്നവും നേതൃപാടവവും കൊണ്ട് അമേരിക്കൻ രാഷ്ട്രീയത്തിൽ വേരുറപ്പിക്കുന്ന ഈ മലയാളികളുടെ നേട്ടം, ലോകമെമ്പാടുമുള്ള പ്രവാസി സമൂഹത്തിന് വലിയൊരു പ്രചോദനം കൂടിയാണ്.



ഫൊക്കാന ന്യൂയോർക് മെട്രോ റീജിയൻ പ്രവർത്തനസജ്ജമായി,

ഭാരവാഹികളെ തിരഞ്ഞെടുത്തു



ജിജി റ്റോം.
ഫൊക്കാന പി. ആർ. ഒ.

ന്യൂയോർക്ക്: ഫെഡറേഷൻ ഓഫ് കേരള അസോസിയേഷൻസ് ഇൻ നോർത്ത് അമേരിക്കയുടെ (ഫൊക്കാന) ന്യൂയോർക്ക് മെട്രോ റീജിയന്റെ 2026–2028 കാലയളവിലേക്കുള്ള പുതിയ ഭാരവാഹികളെയും കമ്മിറ്റി അംഗങ്ങളെയും തിരഞ്ഞെടുത്തു. റീജിയണൽ വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ഉഷ ജോർജിന്റെ നേതൃത്വത്തിലുള്ള പുതിയ കമ്മിറ്റി അടുത്ത രണ്ട് വർഷത്തേക്കുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകും.

പുതിയ ഭാരവാഹികളായി ഡോൺ തോമസ് (റീജിയണൽ സെക്രട്ടറി), തോമസ് സക്കറിയ (സുജിത്) (റീജിയണൽ ട്രഷറർ), ഡോ. അന്ന ജോർജ് (റീജിയണൽ വിമൻസ് ഫോറം ചെയർ), ലൈസി അലക്സ് (റീജിയണൽ ജോയിന്റ് സെക്രട്ടറി), ബാഹുലേയൻ രാഘവൻ (റീജിയണൽ ജോയിന്റ് ട്രഷറർ), ഷാജി എണ്ണച്ചേരിൽ (റീജിയണൽ പി.ആർ.ഒ.), ജോണി സക്കറിയ (റീജിയണൽ ഓഡിറ്റർ) എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു. വിനോദ് കെആർകെ, റോജിസ് ഫിലിപ്പ്, ചെറിയാൻ പാലത്ര, ജൂബി വെട്ടം, ജോബി ജോർജ്, ശോശാമ്മ ആൻഡ്രൂസ്, ഡെയ്സി ജോസഫ്, ഗ്രേസ് അലക്സാണ്ടർ, മേരിക്കുട്ടി




മൈക്കിൾ, സൂസൻ തോമസ്, റോയ് കുര്യാക്കോസ്, ബെന്നി ഇട്ടീര എന്നിവർ കമ്മിറ്റി അംഗങ്ങളായിരിക്കും.

കൂടാതെ ഫൊക്കാന നാഷണൽ കമ്മിറ്റി അംഗങ്ങളായ ജിൻസ് ജോസഫ്, മേരി ഫിലിപ്പ്, ചെറിയാൻ പെരുമാൾ, റെജി വർഗീസ് എന്നിവരും ബോർഡ് അംഗങ്ങളായ ബിജു ജോൺ കൊട്ടാരക്കര, തോമസ് തോമസ് പാലത്ര എന്നിവരും റീജിയണൽ കമ്മിറ്റിയുടെ ഭാഗമായിരിക്കും. ന്യൂയോർക്ക് മെട്രോ റീജിയന്റെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുകയും മലയാളി സമൂഹത്തിലെ വിവിധ തലമുറകളെ ഒരുമിപ്പിക്കുകയും ചെയ്യുന്നതിനായിരിക്കും അടുത്ത രണ്ട് വർഷങ്ങളിൽ മുൻഗണന നൽകുകയെന്ന് റീജിയണൽ വൈസ് പ്രസിഡന്റ് ഉഷ ജോർജ് അറിയിച്ചു.

അടുത്ത രണ്ട് വർഷങ്ങളിൽ ന്യൂയോർക്ക് മെട്രോ റീജിയന്റെ പ്രവർത്തനങ്ങൾ കൂടുതൽ ഏകോപിതവും ജനപങ്കാളിത്തമുള്ളതുമാക്കുന്നതിനാണ് പ്രാധാന്യം നൽകുന്നതെന്ന് റീജിയണൽ സെക്രട്ടറി ഡോൺ തോമസ് അറിയിച്ചു. സംഘടനയുടെ സാമ്പത്തിക പ്രവർത്തനങ്ങളിൽ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പുവരുത്തുന്നതിനൊപ്പം സമൂഹത്തിന് പ്രയോജനപ്പെടുന്ന പുതിയ പദ്ധതികൾക്ക് പിന്തുണ നൽകുമെന്ന് റീജിയണൽ ട്രഷറർ തോമസ് സക്കറിയ









(സുജിത്) അറിയിച്ചു. .

ഫൊക്കാന ന്യൂയോർക്ക് മെട്രോ റീജിയൻ വിമൻസ് ഫോറത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കുമെന്നും വനിതകളുടെ നേതൃത്വപാടവവും സാമൂഹിക പങ്കാളിത്തവും വർധിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുമെന്നും റീജിയണൽ വിമൻസ് ഫോറം ചെയർ ഡോ. അന്ന ജോർജ് അറിയിച്ചു.

ഫൊക്കാനയുടെ ദേശീയ നേതൃത്വവുമായി ചേർന്ന് പ്രവർത്തിക്കുന്നതിനൊപ്പം ന്യൂയോർക്ക് മെട്രോ മേഖലയിലെ മലയാളി സമൂഹത്തിന്റെ ഐക്യവും സാംസ്കാരിക പൈതൃകവും നിലനിർത്തുന്നതിനും പുതിയ തലമുറയെ സംഘടനാ പ്രവർത്തനങ്ങളിലേക്ക് ആകർഷിക്കുന്നതിനും കമ്മിറ്റി മുൻഗണന നൽകും.

ഫൊക്കാന പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പിന്റെയും അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള ദേശീയ ടീമിന്റെയും ഒപ്പം അടുത്ത രണ്ട് വർഷം പ്രവർത്തിക്കാൻ അവസരം ലഭിച്ചതിൽ അതിയായ സന്തോഷമുണ്ടെന്ന് ഉഷ ജോർജ് പറഞ്ഞു

ഈ ദൗത്യത്തിൽ എല്ലാ മലയാളി സംഘടനകളുടെയും പ്രവർത്തകരുടെയും അഭ്യുദയകാംക്ഷികളുടെയും പൂർണ പിന്തുണയും സഹകരണവും പ്രാർത്ഥനയും ഉണ്ടാകണമെന്നും



NRS PAY

TAP, DIP, SWIPE OR KEY!



ACCEPTING CREDIT CARDS SHOULDN'T BE A JUGGLING ACT!

Simplify your payment acceptance.

अपने हाई क्रेडिट कार्ड प्रोसेसिंग बिलों में कटौती करें।

- ✔ **FREE** Credit Card Reader
- ✔ **NO** Long-Term Contracts
- ✔ **NO** Hidden Fees
- ✔ **NO** Early Termination Fee

GET STARTED TODAY!
Call **(877) 202-8112**
or visit **nrspay.com**

NRS Pay is a service of National Retail Solutions, Inc. Contract required. Certain features are non-standard and may require additional charges. Terms subject to change. National Retail Solutions, Inc. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN, and a registered ISO of Wells Fargo Bank, N.A., Concord, CA. IDT Telecom Canada Corp. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN.

ഷാലു പുന്നൂസ് FOMAA കൺവെൻഷൻ 2028 ചെയർ



സൈജൻ കണിയോടിക്കൽ



ന്യൂയോർക്ക്: ഫെഡറേഷൻ ഓഫ് മലയാളി അസോസിയേഷൻസ് ഓഫ് അമേരിക്കാസ് (FOMAA)യുടെ 2028 കൺവെൻഷൻ ചെയറായി ഫിലാഡൽഫിയയിൽ നിന്നുള്ള മുൻ ഫോമാ വൈസ് പ്രസിഡന്റ് ഷാലു പുന്നൂസിനെ തിരഞ്ഞെടുത്തു. FOMAAയുടെ ദേശീയ നേതൃത്വമാണ് ഷാലു പുന്നൂസിനെ ഈ സുപ്രധാന ചുമതലയിലേക്ക് തിരഞ്ഞെടുത്തത്. വിവിധ സംഘടനകളിലും സാമൂഹിക, സാംസ്കാരിക, ആരോഗ്യപരിപാലന മേഖലകളിലും ദീർഘകാലമായി പ്രവർത്തിച്ചുവരുന്ന ഷാലു പുന്നൂസിന്റെ നേതൃത്വപരിചയം 2028 കൺവെൻഷന്റെ സംഘാടനത്തിന് മുതൽക്കൂട്ടാകുമെന്നാണ് പ്രതീക്ഷ.

FOMAA പ്രസിഡന്റ് ബിജു തോണിക്കടവിൽ, ജനറൽ സെക്രട്ടറി പോൾ പി. ജോസ്, ട്രഷറർ പ്രദീപ് നായർ, വൈസ് പ്രസിഡന്റ് സാമുവൽ മത്തായി, ജോയിന്റ് സെക്രട്ടറി ഡോ. മഞ്ജു പിള്ള, ജോയിന്റ് ട്രഷറർ ജോൺസൺ കണ്ണൂക്കാടൻ എന്നിവരടങ്ങുന്ന ദേശീയ നേതൃത്വമാണ് നിലവിൽ FOMAAയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

ഈ ദേശീയ നേതൃത്വത്തിന്റെ തീരുമാനത്തിലൂടെയാണ് ഷാലു പുന്നൂസിനെ 2028 കൺവെൻഷൻ ചെയറായി തിരഞ്ഞെടുത്തിരിക്കുന്നത്. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ ചുമതല FOMAAയുടെ ദേശീയ തലത്തിലുള്ള പ്രധാന ഉത്തരവാദിത്വമായാണ് വിലയിരുത്തപ്പെടുന്നത്.

സെന്റ് ജോർജ് ഓർത്തഡോക്സ് ദേവാലയത്തിൽ ട്രസ്റ്റിയായാണ് ഷാലു പുന്നൂസ് സാമൂഹിക പ്രവർത്തനരംഗത്ത് സജീവമാകുന്നത്. എക്കുമെനിക്കൽ ഫെലോഷിപ്പ് ഓഫ് ഇന്ത്യൻ ചർച്ചസിൽ ട്രസ്റ്റി സെക്രട്ടറിയായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഫിലാഡൽഫിയയുടെ പ്രസിഡന്റായും FOMAA നാഷണൽ കമ്മിറ്റി അംഗമായും FOMAA വൈസ് പ്രസിഡന്റായും പ്രവർത്തിച്ചിട്ടുള്ള ഷാലു പുന്നൂസിന് സംഘടനാ രംഗത്ത് വിപുലമായ അനുഭവസമ്പത്തുണ്ട്.

ഫിലാഡൽഫിയയിലെ ബഡി ബോയ്സ് ഫിലാഡൽഫിയയുടെ സ്ഥാപകനായ അദ്ദേഹം ഫിലാഡൽഫിയ പോലീസ് അഡൈസറി ബോർഡ് അംഗം, മോണ്ട്ഗോമറി കൗണ്ടി ഹെൽത്ത് അഡൈസറി കമ്മിറ്റി അംഗം എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

ആരോഗ്യപരിപാലന രംഗത്തും ഷാലു പുന്നൂസിന് വിപുലമായ പ്രവർത്തന പരിചയമുണ്ട്. ഫിലാഡൽഫിയ കറക്ഷൻ ഡിപ്പാർട്ട്മെന്റിൽ നഴ്സായി സേവനമനുഷ്ഠിച്ച അദ്ദേഹം ഹോം കെയർ, അഡൾട്ട് ഡേ കെയർ മേഖലകളിൽ സംരംഭകനായും പ്രവർത്തിക്കുന്നു.

സാമൂഹിക-സംഘടനാ പ്രവർത്തനങ്ങൾക്കൊപ്പം കലാരംഗത്തും സാന്നിധ്യമറിയിച്ചിട്ടുള്ള ഷാലു പുന്നൂസ് രണ്ട് സിനിമകളിൽ അഭിനയിച്ചിട്ടുണ്ട്.



2028-ലെ FOMAA കൺവെൻഷന്റെ സംഘാടന പ്രവർത്തനങ്ങൾക്ക് ഷാലു പുന്നൂസിന്റെ നേതൃത്വത്തിൽ തുടക്കം കുറിക്കും. അമേരിക്കൻ മലയാളി സമൂഹത്തിന്റെ വിവിധ മേഖലകളെ ഒരുമിപ്പിക്കുന്ന ദേശീയ വേദിയെന്ന നിലയിൽ കൺവെൻഷനെ വിജയകരമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായിരിക്കും ഇനി മുൻഗണന.

ഷാലു പുന്നൂസിന്റെ തിരഞ്ഞെടുപ്പിനെ FOMAA ദേശീയ ഭാരവാഹികളും വിവിധ അംഗസംഘടനാ പ്രതിനിധികളും അഭിനന്ദിച്ചു.

ക്ലിഫ്റ്റൺ സെന്റ് ഗ്രീഗോറിയോസ് ഇടവകയ്ക്ക് സുവർണ ജൂബിലി; വിശ്വാസവും പാരമ്പര്യവും പുതുതലമുറയ്ക്ക് കൈമാറണമെന്ന് മെത്രാപ്പോലീത്തമാർ





ക്ലിഫ്റ്റൺ (ന്യൂജേഴ്സി): അഞ്ച് പതിറ്റാണ്ടിന്റെ വിശ്വാസ ജീവിതവും കൂട്ടായ്മയും സേവനപാരമ്പര്യവും ആഘോഷിച്ച് ന്യൂജേഴ്സിയിലെ ക്ലിഫ്റ്റൺ സെന്റ് ഗ്രീഗോറിയോസ് ഇന്ത്യൻ ഓർത്തഡോക്സ് ഇടവകയുടെ സുവർണ ജൂബിലി ഭക്തിനിർഭരമായി ആചരിച്ചു. വിശ്വാസവും സഭാപാരമ്പര്യവും സാംസ്കാരിക മൂല്യങ്ങളും പുതുതലമുറയ്ക്ക് കൈമാറേണ്ടതിന്റെ പ്രാധാന്യം ചടങ്ങിൽ പങ്കെടുത്ത മെത്രാപ്പോലീത്തമാരും ക്ലിഫ്റ്റൺ മേയറും ഓർമിപ്പിച്ചു.

നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനാധിപൻ അഭിവന്ദ്യ സഖറിയാ മാർ നിക്കോളോവോസ് മെത്രാപ്പോലീത്ത, സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസനാധിപൻ അഭിവന്ദ്യ തോമസ് മാർ ഇവാനിയോസ് മെത്രാപ്പോലീത്ത എന്നിവർ ആഘോഷങ്ങളിൽ പങ്കെടുത്തു. അഞ്ച് പതിറ്റാണ്ടായി മുതിർന്ന തലമുറ കാത്തുസൂക്ഷിച്ച വിശ്വാസപാരമ്പര്യവും മൂല്യങ്ങളും ഉൾക്കൊണ്ട് മുന്നോട്ടുപോകാൻ യുവജനങ്ങളോട് ഇരുവരും ആഹ്വാനം ചെയ്തു. ഇടവകയുടെ

മുൻ വികാരിമാരും ചടങ്ങിൽ പങ്കെടുത്തു.

ക്ലിഫ്റ്റൺ നഗരത്തിന് ഇടവകയും വിശ്വാസിസമൂഹവും നൽകിയ സംഭാവനകളെ അഭിനന്ദിച്ച് മേയർ റെയ്മണ്ട് ഗ്രാബോസ്കി നഗരത്തിന്റെ ഔദ്യോഗിക പ്രൊക്ലമേഷൻ സമ്മാനിച്ചു. ലോകം വലിയ ഭിന്നതകളും അഭിപ്രായവ്യത്യാസങ്ങളും നേരിടുന്ന ഇന്നത്തെ സാഹചര്യത്തിൽ മനുഷ്യർ ദൈവത്തിൽനിന്ന് അകന്നുപോകുന്നതാണ് പ്രധാന പ്രശ്നമെന്ന് അദ്ദേഹം പറഞ്ഞു. പാരമ്പര്യങ്ങൾ പിന്തുടരേണ്ടതിന്റെ പ്രാധാന്യം ചൂണ്ടിക്കാട്ടിയ മേയർ, ദൈവവിശ്വാസമുള്ളിടത്ത് സമാധാനം നിലനിൽക്കുമെന്നും സ്നേഹത്തിലൂടെയും ദൈവവിശ്വാസത്തിലൂടെയും വെറുപ്പിനെ അതിജീവിക്കണമെന്നും അഭിപ്രായപ്പെട്ടു. ലോകത്ത് സമാധാനം വിജയിക്കുമെന്ന പ്രത്യാശയും അദ്ദേഹം പങ്കുവച്ചു.

ട്രൈ-സ്റ്റേറ്റ് മേഖലയിൽ നിന്നുള്ള നിരവധി കുടുംബങ്ങൾ 1231 വാൻ ഹൗട്ടൻ അവന്യൂവിലെ ദേവാലയത്തിൽ നടന്ന ആഘോഷത്തിൽ പങ്കെടുത്തു. വിശുദ്ധ കുർബാനയ്ക്കുശേഷം നടന്ന ജൂബിലി സമ്മേളനത്തിൽ ഇടവകയുടെ മുൻ വികാരിമാരെ ആദരിക്കുകയും വിവിധ കാലഘട്ടങ്ങളിൽ സേവനമനുഷ്ഠിച്ച വൈദികർക്ക് മെമന്റോകൾ സമ്മാനിക്കുകയും ചെയ്തു.

സഖറിയാ മാർ നിക്കോളോവോസ് മെത്രാപ്പോലീത്ത സുവർണ ജൂബിലി സുവനീർ പ്രകാശനം ചെയ്തു. ഗവർണർ മൈക്കി ഷെറിലും സെനറ്റർ ആൻഡി കിമ്മും ഇടവകയുടെ അഞ്ച് പതിറ്റാണ്ടത്തെ സേവനത്തെ അഭിനന്ദിച്ച് നൽകിയ ആശംസാ സന്ദേശങ്ങളും സുവനീറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1976 സെപ്റ്റംബറിൽ വെസ്റ്റ് ഓറഞ്ചിലെ വാടക ദേവാലയത്തിൽ വെരി റവ. ഫാ. ജോൺ മാത്യൂസിന്റെ നേതൃത്വത്തിലാണ് ന്യൂജേഴ്സിയിലെ ആദ്യ ഇന്ത്യൻ ഓർത്തഡോക്സ് ഇടവകയ്ക്ക് തുടക്കമായത്. 1978 ഒക്ടോബർ 28ന് അഭിവന്ദ്യ തോമസ് മാർ മക്കാറിയോസിന്റെ നേതൃത്വത്തിൽ ഇടവകയ്ക്ക് ഔദ്യോഗിക അംഗീകാരം ലഭിച്ചു. തുടർന്നുള്ള വർഷങ്ങളിൽ ന്യൂവാർക്ക്, ബെൽവിൽ, എലിസബത്ത് തുടങ്ങിയ വിവിധ സ്ഥലങ്ങളിലേക്ക് ആരാധനയ്ക്കായി മാറേണ്ടിവന്നെങ്കിലും വിശ്വാസിസമൂഹം സഭാപാരമ്പര്യവും കൂട്ടായ്മയും കൈവിട്ടില്ല.

ഇടവകയ്ക്ക് സ്വന്തമായി ദേവാലയം എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനുള്ള നിർണായക പ്രവർത്തനങ്ങൾക്ക് 2007ൽ ഫാ. ബാബു വർഗീസിന്റെ (ഷെബാലി അച്ചൻ) നേതൃത്വത്തിൽ തുടക്കമായി. 2008 മേയ് 12ന് ക്ലിഫ്റ്റണിലെ 1231 വാൻ ഹൗട്ടൻ അവന്യൂവിലുള്ള ദേവാലയവസ്തു സ്വന്തമാക്കി. മേയ് 18ന് അവിടെ ആദ്യ വിശുദ്ധ കുർബാന അർപ്പിച്ചു. മേയ് 24ന് മാർ ബർണബാസ് ദേവാലയം കൂദാശ ചെയ്തു. പിന്നീട് ഫാ. ഷിനോജ് തോമസിന്റെ നേതൃത്വത്തിൽ നടത്തിയ നവീകരണപ്രവർത്തനങ്ങൾക്കുശേഷം 2017 ഡിസംബർ 25ന് നവീകരിച്ച ദേവാലയം വീണ്ടും കൂദാശ ചെയ്തു.

ഇന്ന് മുതിർന്നവരും യുവജനങ്ങളും കുട്ടികളുമുൾപ്പെടുന്ന സജീവ വിശ്വാസിസമൂഹമാണ് ഇടവകയുടെ കരുത്ത്. സൺഡേ സ്കൂൾ, ആത്മീയ സംഘടനകൾ, വിവിധ സാമൂഹിക-സാംസ്കാരിക പ്രവർത്തനങ്ങൾ എന്നിവയിലൂടെ പുതുതലമുറയിൽ വിശ്വാസവും കൂട്ടായ്മയും വളർത്തുന്നതിൽ ഇടവക ശ്രദ്ധിക്കുന്നു.

നിലവിലെ വികാരി വെരി റവ. ഫാ. യേശുദാസൻ പാപ്പൻ കോർ എപ്പിസ്കോപ്പയുടെ നേതൃത്വത്തിലാണ് സുവർണ ജൂബിലി ആഘോഷങ്ങൾ സംഘടിപ്പിച്ചത്. 2023 മുതൽ വികാരിയായി സേവനമനുഷ്ഠിക്കുന്ന അദ്ദേഹത്തെ ചടങ്ങിൽ ആദരിച്ചു.

ജൂബിലി ജനറൽ കൺവീനർ മാത്യു ജേക്കബ്, സുവനീർ കൺവീനർ വർഗീസ് പി. മത്തായി, സെക്രട്ടറി തിമോത്തി കണ്ടത്തിൽ, ട്രസ്റ്റി ജിജു കൊട്ടാരത്തിൽ എന്നിവർ ആഘോഷങ്ങളുടെ വിജയത്തിനായി നേതൃത്വം നൽകി. ദേവാലയം സ്വന്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങളിലും വായ്പാ നടപടികളിലും ബാങ്കിങ്-അക്കൗണ്ടിങ്



സംവിധാനങ്ങൾ ഒരുക്കുന്നതിലും മാത്യു ജേക്കബും വർഗീസ് പി. മത്തായിയും നിർണായക പങ്കുവഹിച്ചു. ജൂബിലിക്കായി ഏറ്റവും കൂടുതൽ സ്പോൺസർഷിപ്പ് സമാഹരിച്ച സാലിൽ ജോസഫിനെയും ആദരിച്ചു. ചടങ്ങിൽ ജിജു കൊട്ടാരത്തിൽ നന്ദി പറഞ്ഞു.

സ്ഥാപക വികാരി വെരി റവ. ഫാ. ജോൺ മാത്യൂസ് ഉൾപ്പെടെ വിവിധ കാലഘട്ടങ്ങളിൽ ഇടവകയെ നയിച്ച ഫാ. സി.എം. ജോൺ കോർ എപ്പിസ്കോപ്പ, ഫാ. സി.സി. മാത്യൂസ്, ഫാ. സാമുവൽ കെ. മാത്യു, ഫാ. ബാബു വർഗീസ്, ഫാ. ഷിനോജ് തോമസ് എന്നിവരെയും ചടങ്ങിൽ ആദരിച്ചു. ഫാ. ഷിബു ഡാനിയേലും ഫാ. ജോയ്സ് പാപ്പനും അതിഥി വൈദികരായി പങ്കെടുത്തു.

ന്യൂജേഴ്സിയിൽ 50 വർഷം പൂർത്തിയാക്കുന്ന ആദ്യ ഓർത്തഡോക്സ് ഇടവകയെന്ന നേട്ടവും സെന്റ് ഗ്രീഗോറിയോസ് ദേവാലയത്തിന്റെ സുവർണ ജൂബിലിക്ക് പ്രത്യേക പ്രാധാന്യം നൽകുന്നു. വാടക ദേവാലയത്തിലെ ചെറിയൊരു വിശ്വാസി സമൂഹത്തിൽനിന്ന് സ്വന്തമായ



ദേവാലയവും സജീവമായ തലമുറകളുടെ കൂട്ടായ്മയുമായി വളർന്ന ഈ യാത്ര വിശ്വാസത്തിന്റെയും സമർപ്പണത്തിന്റെയും കൂട്ടായ പരിശ്രമത്തിന്റെയും ചരിത്രം കൂടിയാണ്.

എളിയ നിലയിൽ ആരംഭിച്ച ഈ ഇടവക, നിരവധി കുടുംബങ്ങളുടെ വിശ്വാസം, സമർപ്പണം, ത്യാഗങ്ങൾ എന്നിവയിലൂടെ ക്രമേണ വളർന്നു. സൺഡേ സ്കൂൾ, ആത്മീയ സംഘടനകൾ, മറ്റ് വിവിധ ഇടവക പ്രവർത്തനങ്ങൾ എന്നിവ സമൂഹജീവിതത്തിന്റെ അവിഭാജ്യ ഘടകങ്ങളായി മാറി. ഇവ അംഗങ്ങളുടെ ആത്മീയ വളർച്ചയെ സഹായിക്കുകയും, തലമുറകൾക്കിടയിലുള്ള കൂട്ടായ്മയെ ശക്തിപ്പെടുത്തുകയും ചെയ്തു.

ഇന്നും, വളർന്നുകൊണ്ടിരിക്കുന്നതും വൈവിധ്യമാർന്നതുമായ ഒരു വിശ്വാസി സമൂഹത്തിന് ഈ ഇടവക സേവനം നൽകിപ്പോരുന്നു. മുതിർന്ന അംഗങ്ങൾ, യുവകുടുംബങ്ങൾ, കുട്ടികൾ, യുവാക്കൾ എന്നിവർ ഇതിലെ ആത്മീയവും സാമൂഹികവുമായ പ്രവർത്തനങ്ങളിൽ സജീവമായി പങ്കുചേരുന്നു. ഇത് മലങ്കര ഓർത്തഡോക്സ് സഭയുടെ പാരമ്പര്യങ്ങൾ സംരക്ഷിക്കുന്നതിനൊപ്പം, തലമുറകൾക്കിടയിൽ ശക്തമായ ഒരു കൂട്ടായ്മ വളർത്തിയെടുക്കാനും സഹായിക്കുന്നു.




Baggage Claim 6-9
Restrooms


4
TAXI

LAWSON travel

Enjoy Your Vacations With Us



214-631-2458

www.LawsonTravel.com


പുസ്തക പരിചയം 49

ഞാനതിൽ രസികനേകൻ

(കവിതകൾ)

ഡോ. സുകുമാർ കാനഡ





പുസ്തക പരിചയം
തയ്യാറാക്കിയത് :
ബാജി ഓടംവേലി, ഡാലസ


കഴിഞ്ഞ മുപ്പത്തിയാറ് വർഷമായി കാനഡയിലുള്ള, പേരിൽ തന്നെ കാനഡയുള്ള എഴുത്തുകാരൻ ഡോ. സുകുമാർ കാനഡയുടെ കവിതകളുടെയും ഭാവഗീതങ്ങളുടെയും ലളിതഗാനങ്ങളുടെയും സമാഹാരമാണിത്.

ഏതു കവിതയുടെയും ആദ്യ ആസ്വാദകൻ കവി തന്നെയാണ്. കവിത എഴുതുമ്പോൾ, അത് താളാത്മകമായി മനസ്സിൽ രൂപം കൊള്ളുമ്പോൾ എഴുതുന്ന കവി അത് സ്വയം നന്നായി ആസ്വദിക്കാറുണ്ട്. കവി ആസ്വദിച്ചെഴുതിയ ആസ്വാദന തലത്തിലേക്കെത്താൻ ഓരോ വായനക്കാരനും നിരന്തരം ശ്രമിച്ചു കൊണ്ടേയിരിക്കണം. വായനക്കാരനും കവിയും ഒരേ തലത്തിലെത്തുമ്പോൾ ആ കവിത വായനക്കാരന് പൂർണ്ണ അർത്ഥത്തിൽ ആസ്വദിക്കാനാവും.

‘മധുരമൽപ്പം ചവർപ്പും പുളിയുമി,
ത്തിരി കൈപ്പുമാവട്ടെ.
നമ്മിലിഴചേരുന്ന നിത്യജീവിത
ക്കാഴ്ച്ചതന്നുപ്പാവട്ടെ,
കണ്ണുനീരിറ്റുന്ന നീറ്റമാവട്ടെ, നാം

നെഞ്ചേറ്റും തണുപ്പാവട്ടെ,
സൂര്യനു കീഴിലെന്തിനേയും തുറന്നു
പാടിപ്പരത്താനാഞ്ഞടിക്കുന്ന
കാറ്റാവട്ടെ....'
എന്ന വിചാരത്തിൽ തന്നെയാണ് കവി വിതയ്ക്കുന്നത് എന്ന് ആമുഖ കവിതയായ 'കവിയാണിതിന്നാദ്യരസികൻ' എന്ന കവിതയിൽ കവി സാക്ഷ്യപ്പെടുത്തുന്നു.

'എഴുത്തിന്റെ അച്ഛൻ' എന്ന കവിതയിൽ വിവേചനങ്ങൾക്ക് എതിരായ പ്രതികരണം സാമൂഹ്യമാറ്റത്തിന് നാന്ദികൂറിക്കുന്ന കാവ്യങ്ങളാകുന്ന അസുലഭ വിപ്ളവമാണ് എഴുത്തശ്ശനിലൂടെ നാം കാണുന്നത്. വർണ്ണത്തിമിരം എഴുത്താണികൊണ്ട് നീക്കിയ എഴുത്തച്ഛൻ, എഴുത്തിന്റെ അച്ഛനാവുന്നത് അക്ഷരവിപ്ളവത്തിലൂടെ അക്ഷരാതീതത്തിന്റെ പൊരുൾകാണിച്ചു തരുന്നതിലൂടെയാണ്.
'നൂറിന്റെ നിറവിലൊരു പുഞ്ചിരിപ്പൂവുമായ്
നിൽക്കുന്നു കൈകൂപ്പി നല്ലിടയൻ....'
എന്ന് തുടങ്ങുന്ന 'തിരുമേനിയിൽ തെളിഞ്ഞ ദീപപ്രഭ' എന്ന കവിതയിൽ ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ തിരുമേനി നൂറു വയസ്സ് പൂർത്തിയാക്കിയപ്പോൾ അദ്ദേഹത്തിന്റെ ജീവിതവും സൗഹൃദവും ദർശനവും നർമ്മ സംഭാഷണങ്ങളും അനുസ്മരിച്ചിരിക്കുന്നു.
'ആത്മീയ സായൂജ്യ സംപൂജ്യ ജീവിതം
സാർത്ഥകം സഫലമാം പുണ്യജന്മം.'
എന്ന് പാടി മനോഹരമായി അവസാനിപ്പിച്ചിരിക്കുന്നു.



2016 ജനുവരിയിലെ ഭാഷാപോഷിണിയിൽ പ്രസിദ്ധീകരിച്ച ഒ.എൻ.വി യുടെ അവസാന നാളുകളിലെ കവിതയായ 'അഹം' വായിച്ചുറക്കുടിയ ദുഃഖം പകരാൻ ശ്രമിക്കുന്ന കവിതയാണ് 'മഹാകവി ഒ എൻവി യുടെ അഹം'.
'അഹമെന്ന വാക്കിനെ വെറുക്കുന്നു' നീയെന്ന-
സന്നിദ്ധമായിപ്പറഞ്ഞതുമുൺമയോ?
ഏറെ അൾളീലമാണഹം എന്നു നീ പാടിയതു-
മറിവിന്റെയുറവകൾ വറ്റി വരണ്ടപ്പഴോ?
എന്തിന്നഹമെന്ന വാക്കിനെ വെറുത്തു നീ
അഹമില്ലയെങ്കിലീ നീയില്ല ഞാനില്ല
എന്നഹം നിന്നഹമാണെന്നൊരറിവുള്ളിൽ
അറിയാതെയെങ്കിലും ഉണരാതിരിക്കുവാൻ
അവസാന നിദ്രതൻ മുൻപ് നിൽ തൂലികയിൽ
വെറുപ്പിന്റെ കാർമഷി പടർത്തിയതല്ലയോ'
എന്ന അനേകം അരാധകരിൽ ഒരാളായ എഴുത്തുകാരന്റെ സ്വകാര്യ നോവിന്റെ നേർക്കാഴ്ച വായനക്കാരെയും സ്പർശിക്കുകയും ഈറനണിയിക്കുകയും ചെയ്യും.
'നീ തന്നെയെഴുതി മായ്ച്ചു വീണ്ടും വീണ്ടും
മെഴുതും
തീരാമഹാകാവ്യം മാത്രമീ പുസ്തകത്താൾകളിൽ
മന്വന്തരങ്ങളായി നിൻ കാവ്യമതു തുടരുന്നു.
ക്രാന്തദർശിയായ്, കവിയായ്, വേദാന്തിയായ്,
ഗുണവാനായ്, ഗുണാതീതൻ, നിദ്രയാണ്ടിരിക്കുന്നു
അക്ഷരത്തിനു മേലെ
അക്ഷരാതീതത്തിനും
പൊരുളായി നിന്നിലലിവു,
മറിവു, മുറയ്ക്കുന്നു.
എന്ന് പാടുന്ന 'ഞാനതിൽ രസികനേകൻ' എന്ന കവിതയിൽ നിസ്സംഗനായി ജീവിതത്തെ നോക്കിനിൽക്കുന്ന ദാർശനിക ചിന്ത കാണാം.
'കാലദേശാവധിഭ്യാം നിർമുക്തനായ' ഭഗവാനെ അറിഞ്ഞാൽ ആ ഭഗവാനോട് താദാത്മ്യം

പ്രാപിച്ചാൽ നമ്മുടെ നിത്യ പ്രവാസം തീരും എന്ന് 'പ്രവാസം' എന്ന കവിതയിൽ മനോഹരവും അർത്ഥഗർഭവുമായി പറഞ്ഞിരിക്കുന്നു.

'അങ്ങു ജീവിച്ചു കാണിച്ചതാം
നേരറിവിന്റെ
നേരിയ പാതയിലേകനായൊരു
യാത്ര...
പോകും വഴിയിലെനിക്കു പാഥേയം ആ
പാവനഗ്രന്ഥമാം പവിത്രജന്മം'

എന്ന് പാടുന്ന 'മർത്ത്യസാദ്ധ്യതകൾ' എന്ന കവിതയിൽ കരിങ്കൽ ഭിത്തികളാൽ അലങ്കരിച്ച പള്ളി, ആളനക്കമില്ലാത്ത ദേവാലയത്തിനുള്ളിൽ ചില്ലുജാലകത്തിലൂടെ കടന്നു വരുന്ന സൂര്യപ്രഭയിൽ ക്രിസ്തുദേവന്റെ ജീവിതയാത്ര ഓരോരോ ഘട്ടങ്ങളായി തെളിഞ്ഞുണരുന്നു.

'കണ്ണനെ കാണുമ്പോളെന്തു തോന്നി?
കായാമ്പൂവിതളെന്നു തോന്നി
മായാമയനാം കണ്ണനെ
കണ്ടപ്പോൾ
കരിമുകിലെന്തോ
കുറുമ്പു ചൊല്ലി'

എന്ന് തുടങ്ങുന്ന 'കണ്ണനെ കാണുമ്പോൾ' എന്ന കവിത ഗുരുവായൂരപ്പനെപ്പറ്റിയാണ്. കൃഷ്ണപ്രേമികൾക്ക് ഇതുവായിക്കുമ്പോഴുണ്ടാകുന്ന ആനന്ദം പറഞ്ഞറിയിക്കാനാവില്ല.

'കണ്ണനെ കാണാഞ്ഞിട്ടെന്തു തോന്നി?
ഒന്നുമേ തോന്നാനില്ലെന്നു തോന്നി
മായക്കണ്ണനെൻ കൺമുന്നിലില്ലെങ്കിൽ
ഞാനില്ല.., ജീവിതരംഗമില്ല'

എന്നു പറഞ്ഞാണ് ഈ കവിത അവസാനിപ്പിച്ചിരിക്കുന്നത്. ഏകാദശിനാൾ, കണ്ണാടി, വാതാലയേശന്റെ വാതിൽക്കൽ, എന്നു തുടങ്ങി നിരവധി കവിതകൾ ഗുരുവായൂരപ്പനെപ്പറ്റി ഭക്തിയുടെ നിറവിൽ പാടിയിരിക്കുന്നവയാണ്.

'കുഞ്ഞിനെ താരാട്ടു പാടിയുറക്കിയപോൽ
നിർവൃതിയടയുന്ന സേവകൻ
അമ്മ ചൊരിയുമ്പോൽ വാത്സല്യാതിരേകം
നെഞ്ചകത്തേറ്റുന്ന പ്രിയ താതൻ'

എന്നു പാടുന്ന 'അയ്യപ്പത്യപ്പാദ പങ്കജപൂജ' എന്ന കവിത അയ്യപ്പസ്വാമിയുടെ മേൽശാന്തിയാവാൻ അവസരം കിട്ടുന്ന പുറപ്പെടാ ശാന്തിയെക്കുറിച്ചാണ്. അദ്ദേഹത്തിന് അയ്യപ്പൻ തന്റെ പ്രിയ പുത്രനെന്ന പോലെ സത്യമായും, പൊന്നു പതിനെട്ടാം പടിയിൽ വാണരുളുന്ന, കണ്മുന്നിൽ ദിവസവും കണികാണുന്ന പ്രത്യക്ഷ ദൈവതമാണ്. അതിരാവിലെ ശ്രീകോവിൽ തുറക്കുന്നതു മുതൽ വൈകുന്നേരം അയ്യപ്പനെ ഉറക്കി നടയടച്ച് ഹരിവരാസനം പാടി പടിയിറങ്ങി മടങ്ങി പോകുന്നതുവരെയുള്ള സഗുണോപാസന മേൽശാന്തിയ്ക്ക് കൈവല്യമാണ്. മുജ്ജന്മ സുകൃതമാണ്.

കവിതകളിൽ, സ്വാമി വിവേകാനന്ദനേയും ചിന്മയാനന്ദ സ്വാമിയേയും മാതാ അമൃതാനന്ദമയിയേയും എല്ലാം ബഹുമാനപൂർവ്വം സ്മരിച്ചിട്ടുണ്ട്. ചാറ്റൽ മഴയുടെ നനവ്, തെങ്ങ് തിങ്ങി നിറഞ്ഞ നാട്, പിറന്ന വീടിന്റെ ഉമ്മറക്കാഴ്ചകൾ, പൂമണം തുടങ്ങിയ കവിതകളിലെ പുഞ്ചപ്പാടങ്ങളും തോരാത്ത മഴയും മറ്റും നമ്മിൽ ഗൃഹാതുരത്വം ഉണർത്തും എന്നതിൽ സംശയമില്ല. ആർദ്രം എന്ന കൊച്ചു കവിത നമ്മുടെ ഹൃദയത്തെ ആർദ്രമാക്കുന്നു.

മലയാണ്മ, മലയാളമേ മലയാളമേ, മധുരം മധുരം മലയാളം, മാർകുഴി പോലൊരു മധു വസന്തം, വെണ്ണയല്ലേ ഉണ്ണിക്കണ്ണനല്ലേ, തിരുസന്നിധാനം, അകത്തിരുന്നാരോ ശരണം വിളിക്കുന്നു, കലിയുഗവരദാ, കനിവോലും




മിഴി തുടങ്ങിയ ഭാവഗീതങ്ങളും ലളിതഗാനങ്ങളും ഈ പുസ്തകത്തിന്റെ ഭാഗമാണ്.

പറയാതറിഞ്ഞു നീ.., പാതിയായെൻ പരിഭവം, ഞാനും നീയും, പ്രണയനിലാക്കുളിർ, നന്ദനോദ്യാനം തുടങ്ങിയ ഗസലുകളും നിരവധി നുറുങ്ങുകളും ഈ പുസ്തകത്തിലുണ്ട്.

ഒരു കവി സഞ്ചരിക്കുന്ന വഴികളിലെല്ലാം പുഷ്പദളങ്ങൾ ദർശിക്കാനാവുക അപൂർവ്വമാണ്. എന്തെന്നാൽ കൂരിരുട്ടിന്റെ രാത്രികൾ അയാൾക്കായി/ അവൾക്കായി കാത്തിരിക്കുന്നുണ്ടാവും. സങ്കല്പവും യാഥാർത്ഥ്യവും തമ്മിൽ കെട്ടു പിണയുന്ന നേരത്ത് ബാഹ്യാഡംബരങ്ങളൊഴിഞ്ഞ്, തന്നെ ഏതൊരുവനും അറിയുന്ന പൊലെതന്നെ കവിയും അറിയുന്നുണ്ട്. പക്ഷേ ഈ അറിവുകൾ തമ്മിൽ വ്യത്യാസമുണ്ട്. അമൂർത്തതലത്തിന്റെ പ്രജ്ഞയിലാണ് കവി അത് തിരിച്ചറിയുന്നതെന്നതിനാൽ കവിയിലെ സാധാരണക്കാരനവിടെ ഒഴിവാക്കപ്പെടുകയും, വിശ്വചേതനയുമായി സാത്മ്യം പ്രാപിക്കുകയുമാണ് ഒരു കവി പ്രാഥമികമായി ചെയ്യുന്നത്. ചെയ്യുകയെന്നു പറഞ്ഞാൽ സാധ്യമാകാത്തവിധം ഒരു ലയനമാണവിടെ സംഭവിക്കുന്നത്. അത്തരം ഒരു ലയം ഈ കവിതകളുടെ ആന്തരശോഭയായി വർത്തിക്കുന്നു എന്ന് ആമുഖക്കുറിപ്പിൽ ശ്രീ. കാവാലം അനിൽ പറഞ്ഞിരിക്കുന്നു.

അമേരിക്കയിലെ ഫ്ളോറിഡയിലുള്ള എഴുത്തുകാരി ശ്രീമതി. സാവിത്രി പുറം ആണ് അവതാരിക എഴുതിയിരിക്കുന്നത്. 'കാവ്യവ്യക്ഷത്തിലൊരു കുയിൽ പാടുമ്പോൾ' എന്ന പേരിൽ എഴുത്തുകാരനും കാവ്യ സാഹിതിയുടെ പ്രസിഡന്റും കുരുക്ഷേത്ര ബുക്സിന്റെ എഡിറ്ററുമായ ശ്രീ. കാവാലം അനിലിന്റെ ആമുഖക്കുറിപ്പും കൂടെ ചേർത്തിട്ടുണ്ട്. ആലടീയം ബുക്സാണ് ഈ പുസ്തകം പ്രസിദ്ധീകരിച്ചിരിക്കുന്നത്. 158 പേജുകളുള്ള ഈ പുസ്തകത്തിന്റെ വില 365 രൂപയാണ്.

ഡോ. സുകുമാർ കാനഡ



എറണാകുളം ജില്ലയിലെ പെരുമ്പാവൂർ ഇരിങ്ങോൾ സ്വദേശിയാണ്. ആത്മീയ വിഷയങ്ങളെപ്പറ്റി ധാരാളം എഴുതിയിട്ടുള്ള ആലടി എ. പി. നായരുടെ മകനാണ്. മുത്തച്ഛൻ വിദ്വാൻ വട്ടോളി കൊച്ചുകൃഷ്ണൻ നായർ അറിയപ്പെടുന്ന ഭക്തകവിയായിരുന്നു.

കോഴിക്കോട് ആറീസിയിൽ അധ്യാപകനായിരുന്നു. കാനഡയിൽ ഒരു കമ്പനിയിൽ ചീഫ് എൻജിനീയർ ആയി ജോലി ചെയ്യുന്നു.

ഭാഗവതം നിത്യപാരായണം, ശ്രീമദ് ദേവി ഭാഗവതം നിത്യപാരായണം, യോഗവാസിഷ്ഠം നിത്യപാരായണം 1 & 2, ഞാനതിൻ രസികനേകൻ (കവിത), ശരണകീർത്തനങ്ങൾ, സൗന്ദര്യലഹരി ലളിതപാഠം, മണ്ഡലം മനോഭിരാമം, നചികേതസ് - ഉള്ളുണർവ്വിന്റെ നിതാന്തസാന്നിദ്ധ്യം, സനാതനം - ബഹുസ്വരം (ലേഖനം), മോക്ഷമുഗലദാ (കഥ), ആൽമരത്തിന്റെ രഹസ്യം - തത്ത്വം അസി, ഭക്തിഭാവഗാനങ്ങൾ, ഭാഷാ നാരായണീയം, കൈലാസ ദർശനം (യാത്രാ വിവരണം) എന്നിവ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സമകാലീന പ്രസിദ്ധീകരണങ്ങളിൽ ലേഖനവും കഥയും കവിതയും യാത്രാവിവരണവും ഫോട്ടോ ഫീച്ചറും എഴുതാറുണ്ട്.

Bhagavad Gita 108 Notes, Mandalam Musings, Moonnaamoozham - Droupadi, The Third Avatar, Soundaryalahari - Simplified meanings, Ramayana in 30 Days - Prose, Hindu temples - ISO 9000, Narayanaeeyam - The Divine Nectar of Solace, English poetic and prose translation, Chithra Ramayanam, Kailsa Darshan എന്നീ പുസ്തകങ്ങൾ ഇംഗ്ലീഷിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. പുസ്തകങ്ങൾ Amazon.com , Pothi.com എന്നിവിടങ്ങളിൽ ലഭ്യമാണ്. Moonnaamoozham - Droupadi, the third avatar എന്ന പുസ്തകത്തിനാണ് മികച്ച പരിഭാഷയ്ക്കുള്ള ഫൊക്കാനയുടെ അവാർഡ് ലഭിച്ചത്.

1990 മുതൽ കാനഡയിലെ വാൻകൂറിൽ കുടുംബ സമേതം താമസിക്കുന്നു.

ഭാര്യ :- ബിന്ദു, മക്കൾ :- ആദിത്യ, അച്യുത

ഇമെയിൽ :- sukumarcanada@gmail.com

MUKKUT
MONUMENTS INC.



PHONE (C)
972-342-0041

E-mail: mukkutmonuments@gmail.com
www.mukkutmonuments.com







We Specialize in Custom Creation and Installation of Cemetery Granites, Bronze Memorials Sculptures, Large Stone Cross for Churches.

WE SERVICE ALL OVER USA, CANADA & INDIA

മീനു എലിസബത്ത് മലയാളി മങ്ക; രാജേന്ദ്രൻ കൃഷ്ണദാസ് കേരള ശ്രീമാൻ



പ്രസാദ് തീയാടിക്കൽ



ഡാളസ്: കേരള ലിറ്ററി സൊസൈറ്റിയുടെ കേരളപ്പിറവി ആഘോഷങ്ങളുടെ ഭാഗമായി നടന്ന തിരഞ്ഞെടുപ്പിൽ മീനു എലിസബത്ത് 'മലയാളി മങ്ക'യായും രാജേന്ദ്രൻ കൃഷ്ണദാസ് 'കേരള ശ്രീമാൻ' ആയും തിരഞ്ഞെടുക്കപ്പെട്ടു.

നവംബർ 1 ഞായറാഴ്ച ഡാളസ്സിൽ സംഘടിപ്പിച്ച ആഘോഷച്ചടങ്ങിലാണ് വിജയികളെ പ്രഖ്യാപിച്ചത്. മലയാളി മങ്കയായി തിരഞ്ഞെടുക്കപ്പെട്ട മീനു എലിസബത്തിന് ജോസ് ഓച്ചാലിലും കേരള ശ്രീമാനായി



തിരഞ്ഞെടുക്കപ്പെട്ട രാജേന്ദ്രൻ കൃഷ്ണദാസിന് ജോസൻ ജോർജും ക്യാഷ് അവാർഡുകൾ സമ്മാനിച്ചു.

ലിറ്ററി സൊസൈറ്റി പ്രസിഡന്റ് അനശ്വരം മാമ്പിള്ളി അധ്യക്ഷത വഹിച്ച പൊതുയോഗത്തിൽ സണ്ണിവെയിൽ മേയർ സജി ജോർജ് മുഖ്യസന്ദേശം നൽകി. വൈസ് പ്രസിഡന്റ് പി. പി. ചെറിയാൻ സ്വാഗതവും സെക്രട്ടറി ബാജി ഓടംവേലി നന്ദിയും പറഞ്ഞു.





സംസ്ഥാന സർക്കാരിന്റെ മാധ്യമ പുരസ്കാരങ്ങളിൽ അമേരിക്കൻ മാധ്യമപ്രവർത്തകരെയും ഉൾപ്പെടുത്തണമെന്ന് ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക.

ജോർജ് തുമ്പയിൽ

സംസ്ഥാനത്ത് മാധ്യമപ്രവർത്തകർക്കായി നൽകുന്ന ഔദ്യോഗിക പുരസ്കാരങ്ങളിൽ യുഎസിലെ മലയാളി മാധ്യമപ്രവർത്തകരെക്കൂടി പരിഗണിക്കണമെന്ന് ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക. മുഖ്യമന്ത്രി വി. ഡി. സതീശനുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് ഐപിസിഎൻഎ ഈ ആവശ്യം മുന്നോട്ടുവെച്ചത്. നിർദേശം സർക്കാർ അനുഭാവപൂർവം പരിഗണിക്കാമെന്ന് മുഖ്യമന്ത്രി വ്യക്തമാക്കിയതായി ഐപിസിഎൻഎ പ്രസിഡന്റ് രാജു പള്ളത്ത് അറിയിച്ചു.

ജനുവരി 8-ന് വൈകിട്ട് 5 മണിക്ക് കൊച്ചി ഗോകുലം പാർക്ക് ഹോട്ടൽ കൺവെൻഷൻ സെന്ററിൽ നടക്കുന്ന ഐപിസിഎൻഎ ദേശീയ മാധ്യമ പുരസ്കാര സമർപ്പണ ചടങ്ങിലേക്ക് മുഖ്യമന്ത്രിയെ ക്ഷണിക്കാനെത്തിയപ്പോഴാണ് വിഷയം ശ്രദ്ധയിൽപ്പെടുത്തിയത്.

മാധ്യമരംഗത്തെ സമഗ്ര സംഭാവനകളെ മാനിച്ച് നൽകുന്ന 'മാധ്യമശ്രീ', മികച്ച പ്രവർത്തന മികവിനുള്ള 'മാധ്യമരത്ന' പുരസ്കാരങ്ങളാണ് ചടങ്ങിലെ മുഖ്യ ആകർഷണം. മാധ്യമശ്രീ പുരസ്കാര ജേതാവിന് ഒരു ലക്ഷം രൂപയും പ്രശംസാഫലകവും, മാധ്യമരത്ന ജേതാവിന് 50,000 രൂപയും പ്രശംസാഫലകവുമാണ് സമ്മാനിക്കുക.

മുതിർന്ന മാധ്യമപ്രവർത്തകനും മലയാള മനോരമ മുൻ എഡിറ്റോറിയൽ ഡയറക്ടറുമായ തോമസ് ജേക്കബ്, പ്രശസ്ത കാൻസർ രോഗ വിദഗ്ധനും എഴുത്തുകാരനുമായ ഡോ. എം. വി. പിള്ള, മുതിർന്ന മാധ്യമപ്രവർത്തകനും കോളമിസ്റ്റുമായ ജോസ് പനച്ചിപ്പുറം എന്നിവരടങ്ങുന്ന വിദഗ്ധ ജൂറിയാണ് അവാർഡ് ജേതാക്കളെ തിരഞ്ഞെടുക്കുക.

അച്ചടി, ദൃശ്യ, ഓൺലൈൻ മാധ്യമ മേഖലകളിലെ സമഗ്ര സംഭാവനകൾക്ക് പുറമെ മികച്ച വാർത്താ കവറേജ്, ഫീച്ചറുകൾ, ന്യൂസ് ഫോട്ടോഗ്രാഫി, മികച്ച ടിവി ന്യൂസ് പ്രസന്റർ, അന്വേഷണാത്മക വാർത്ത, മികച്ച വെബ് മീഡിയ ലേഔട്ട്, യുവ മാധ്യമപ്രവർത്തകർക്കുള്ള പുരസ്കാരം തുടങ്ങി വിവിധ വിഭാഗങ്ങളിലാണ് അംഗീകാരങ്ങൾ നൽകുന്നത്.

പുരസ്കാരങ്ങൾക്കായുള്ള നാമനിർദേശങ്ങൾ നവംബർ 30-നകം സമർപ്പിക്കാമെന്ന് ഐപിസിഎൻഎ നേതൃത്വം അറിയിച്ചു. സാംസ്കാരിക, രാഷ്ട്രീയ, മാധ്യമ രംഗങ്ങളിലെ പ്രമുഖർ കൊച്ചിയിലെ പുരസ്കാര സന്ധ്യയിൽ സംബന്ധിക്കും.

em The Weekly
emalayalee.com

സംസ്ഥാന സർക്കാരിന്റെ മാധ്യമ പുരസ്കാരങ്ങളിൽ അമേരിക്കൻ മാധ്യമപ്രവർത്തകരെയും ഉൾപ്പെടുത്തണമെന്ന് ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക









Raju Pallath
(President)



Anil Aranmula
(Secretary)



Jayan Joseph
(Treasurer)



Anil Mattathikunnel
(Vice President)



Simi Jesto
(Joint Secretary)



Kavitha Menon
(Joint Treasurer)



Sunil Tristar
(Advisory Board Chairman)



Shijo Paulose
(President Elect)

പ്രൊഫ. കോശി തലയ്ക്കലിന്റെ മാസ്റ്റർ പീസ് 'ഉല്പത്തിയുടെ പുനർജനി' ഫിലഡൽഫിയയിൽ പ്രകാശനം ചെയ്തു



ജോർജ്ജ് നടവയൽ

ഫിലഡൽഫിയ: പ്രഗത്ഭ സാഹിത്യകാരനും അധ്യാപകനും മലയാള സാഹിത്യ പണ്ഡിതനും ഗാനരചയിതാവുമായ പ്രൊഫ. കോശി തലയ്ക്കലിന്റെ സർഗ വിസ്മയ നോവൽ 'ഉല്പത്തിയുടെ പുനർജനി', ഫിലഡൽഫിയയിൽ പ്രൗഢഗംഭീരമായ സാഹിത്യ സമ്മേളനത്തിൽ പ്രകാശനം ചെയ്തു.

കോശി തലയ്ക്കലിന്റെ, സ്വത സിദ്ധവും തപസ്സുനുഷ്ഠാന പൂർണ്ണവുമായ സർഗ വേദനയുടെ, എണ്ണ വറ്റുന്ന ദീപ യാമങ്ങളിലെ, ഉൾപ്പിടച്ചിലിലൂടെയും മിഴിനീർ പെയ്ത്തിലൂടെയും, വിരിഞ്ഞു പൊന്തിയ, ഉഷകാല പ്രഭയായി, 'ഉല്പത്തിയുടെ പുനർജനി' എന്ന നോവൽ, വഴ്ത്തപ്പെടും എന്നാണ്, പുസ്തക പ്രകാശന സമ്മേളനം പ്രവാചക ശബ്ദമായി പ്രതിധ്വനിച്ചത്.

ബൈബിളിൽ മൗനം കൊണ്ടു ത്രസ്സിക്കുന്നതും, മനസ്സെന്ന മഹാ സമുദ്രത്തിന്റെ ആഴങ്ങളിലെ സ്പന്ദനങ്ങളാൽ അപ്രതിരോദ്ധ്യങ്ങളുമായ, നീറ്റലുളവാക്കുന്ന അനുഭവങ്ങളെ, അനുവാചക ഹൃദയ ധമനികളിലേയ്ക്ക്, പ്രാണവായു പോലെ നിറയ്ക്കുന്നതുമായ, 'ഉൽപ്പത്തിയുടെ പുനർജനി' എന്ന നോവൽ, 426 പേജിൽ ബീജാവാപം കൊണ്ട്, കാലാതിവർത്തിയാകാൻ ജനിച്ച, സദ്വാർത്തയുടെ വിളമ്പരമായിരുന്നു, പുസ്തക പ്രകാശന സമ്മേളനം.

കവിത തുളുമ്പുന്ന ഭാഷ തിരതല്ലുന്നതും, നാടകീയ മുഹൂർത്തങ്ങൾ ഇടതടവില്ലാതെ തിളങ്ങി മിന്നുന്നതുമായ, ആധുനിക മാസ്റ്റർ പീസാണ്, കോശി തലയ്ക്കലിന്റെ 'ഉല്പത്തിയുടെ പുനർജനി' എന്നാണ്, നോവൽ വായിച്ച സാഹിത്യകുതുകികൾ, മുക്തകണ്ഠം പ്രഭാഷണങ്ങളിൽ അവതരിപ്പിച്ചത്.

ഭാഷയോ, അതീവ കാവ്യ സുന്ദരം. ഈ ഒരൊറ്റകൃതിയിലൂടെ, പ്രൊഫസർ കോശി തലയ്ക്കലിന്റെ രചനാ സൗകുമാര്യം, അമേരിക്കയിൽ ജീവിക്കുന്ന മലയാളിയുടെ, ഏറ്റം സുന്ദരമായ









കൃതി ഏതെന്ന ചോദ്യത്തിന്, ഉത്തരം കുറിക്കുന്നുണ്ട്.

ഫിലഡൽഫിയ ഇമ്മാനുവൽ സി.എസ്.ഐ ചർച്ച് വികാരി റവ. സന്ദീപ് ജേക്കബിന്റെ പ്രാർത്ഥനയോടെ ആരംഭിച്ച സമ്മേളനത്തിൽ, ചേസ് ജോൺ കോശി സ്വാഗതവും സി.എസ്.ഐ ക്രൈസ്റ്റ് ചർച്ച് വികാരി റവ. ലിജോ ജോർജ് അധ്യക്ഷ പ്രസംഗവും നടത്തി. സാംസ്കാരിക പ്രവർത്തകനും പുസ്തക പ്രേമിയുമായ ഫാദർ എം കെ കുര്യാക്കോസ് ഉദ്ഘാടന പ്രസംഗം നിർവഹിച്ചു.

ജോർജ്ജ് നടവയൽ വിഷയാവതരണവും ആമുഖ സന്ദേശവും നൽകുന്ന 'വിജ്ഞപ്തി പ്രഭാഷണം' നിർവ്വഹിച്ചു.


പ്രശസ്ത സാഹിത്യകാരനും അറ്റോണിയുമായ മുരളി ജെ. നായർ 'ഉല്പത്തിയുടെ പുനർജനി' നോവലിനെ പരിചയപ്പെടുത്തി പ്രഭാഷണം അവതരിപ്പിച്ചു.


സെന്റ് തോമസ് ഇവാഞ്ചലിക്കൽ ചർച്ച് വികാരി റവ. ജോയൽ ചാക്കോയും പ്രശസ്ത വാഗ്മി പ്രൊഫസർ സാം പനംകുന്നേലും അനുഗ്രഹ പ്രഭാഷണം ചെയ്തു,

മുൻ ഫോമാ പ്രസിഡന്റും സോഷ്യൽ ലീഡറുമായ ജോർജ്ജ് മാത്യു, പ്രശസ്ത എഴുത്തുകാരൻ അശോകൻ വേങ്ങശ്ശേരി, സാംസ്കാരിക പ്രവർത്തകൻ ഫാ. ഫിലിപ്പ് മോഡയിൽ, 'മുന്നാം ഊഴം' നോവൽ രചനയിലൂടെ പുകളറിഞ്ഞ നോവലിസ്റ്റ് ഷീല എം.പി, എന്നിവർ ഒരുമിച്ച് പുസ്തക പ്രകാശന കർമ്മം നിർവഹിച്ചു. ഡോ. ബെറ്റി എൽസാ ജേക്കബ്, ജോർജ്ജ് മാത്യു, അശോകൻ വേങ്ങശ്ശേരി, ഫാ. ഫിലിപ്പ് മോഡയിൽ, ഷീല എം.പി, സുമോദ് നെല്ലിക്കാലാ, ബെന്നി കൊട്ടാരത്തിൽ, കോശി വർഗീസ്, വർഗീസ് കൊച്ചുമടം എന്നിവർ ആശംസകളും പുസ്തക അവലോകനങ്ങളും പങ്കുവെച്ചു.

റെയ്സ് കോശി മാസ്റ്റർ ഓഫ് സെറിമണിയായി സമ്മേളനം ക്രമീകരിച്ചു.

അമേരിക്കയിലെ മലയാളി സമൂഹത്തിലെയും ദേവാലയങ്ങളിലെയും പ്രമുഖരും സാഹിത്യാഭിലാഷികളും പ്രകാശന ചടങ്ങിൽ സംബന്ധിച്ചു. ലിൻ സാമുവൽ നന്ദിയും റവ. ലിജോ ജോർജ് ആശീർവാദ പ്രാർത്ഥനയും നിർവ്വഹിച്ച





തോടെ പ്രകാശന സമ്മേളനം സമാപിച്ചു.

പ്രശസ്ത പ്രസാധകരായ പരിധി പബ്ലിക്കേഷൻസാണ് പുസ്തകം പുറത്തിറക്കിയിരിക്കുന്നത്.

ബൈബിളിലെ ഉല്പത്തി പുസ്തകത്തിന്റെ ചരിത്രപരവും സാംസ്കാരികവുമായ പശ്ചാത്തലത്തെ ആസ്പദമാക്കി തയാറാക്കിയിട്ടുള്ള വേറിട്ട പുനർവായനയാണ് 'ഉല്പത്തിയുടെ പുനർജനി' എന്ന നോവൽ. പുരാതന പാരമ്പര്യങ്ങളെയും വിശ്വാസങ്ങളെയും സർഗ്ഗാത്മകമായി സമീപിക്കുന്ന ഇതിലെ ചില ആഖ്യാനങ്ങൾ വായനക്കാരിൽ പുതിയ ചിന്തകൾക്കും സംവാദങ്ങൾക്കും വഴിതെളിച്ചേക്കാം എന്ന് ഗ്രന്ഥകർത്താവ് ആമുഖത്തിൽ വ്യക്തമാക്കുന്നുണ്ട്.

കൃതിയിലെ ഉദ്വേഗഭരിതമായ ഒരു ഭഗമിതാ:

''സാറാ അന്വേഷിച്ചു, ഉദ്ദേശപൂർവ്വം.

ഏലിയേസർ നിന്നു പരുങ്ങി.

തന്നോടെല്ലാം പറഞ്ഞേൽപ്പിച്ചിട്ടാണ് യജമാനൻ പോയത്.

എല്ലാം സാറായോട് പറയാൻ പറഞ്ഞേൽപ്പിച്ചതാണ്.

പക്ഷേ, എവിടെ തുടങ്ങും? എങ്ങനെ പറയും?

തനിക്ക് മാത്രമേ ഈ രഹസ്യം അറിയാവൂ.

ഒടുവിൽ എല്ലാം പറഞ്ഞു, ഏലിയേസർ.

എല്ലാം കേട്ടപ്പോൾ താൻ ഒരു ശിലയാകുകയാണോ എന്നു തോന്നി സാറയ്ക്ക്. പിന്നെ അവർ ഉറക്കെ വിളിച്ചു കരഞ്ഞു:

'യിസ്ഹാക്കേ.. എന്റെ പൊന്നു മോനേ' സാറാ യുടെ മുഖം മാറി. അത് രൗദ്രമായതുപോലെ..

എങ്കിലും എന്നെ മറച്ച്.. എന്നെ മറന്ന്..

ഒരു വാക്കു പറയാമായിരുന്നല്ലോ.

ഒരു വാക്ക്. കഠിനഹൃദയൻ.

വിശ്വാസത്തിന്റെ കാവൽക്കാരൻ.

ഒരേയൊരു കാവൽക്കാരൻ.

സ്വന്തം കുടുംബത്തെ തള്ളിക്കളഞ്ഞിട്ട് എന്തു വിശ്വാസം?

എന്തു യാഗം.. എന്തനുഷ്ഠാനം..

അതും ഒരേയൊരു മകനെ.

വാർദ്ധക്യ കാലത്ത് താൻ നൊന്തുനൊന്തുപ്രസവിച്ച കുഞ്ഞിനെ കുരുതി കൊടുക്കാൻ പോയിരിക്കുന്നു പിതാവ്..

പെറ്റവയറേ ഉരുകു.

'മോനേ, യിസ്ഹാക്കേ.. കുഞ്ഞേ യിസ്ഹാക്കേ..' സാറാ നിലവിളിച്ചു.

ദിഗന്തങ്ങൾ ഭേദിക്കുന്ന നിലവിളി.

ദാസന്മാരും ദാസിമാരും ഓടിക്കൂടി.

ആടുകളും കാളകളും എല്ലാം കാതുകൂർപ്പിച്ചുനിന്നു.

'നിങ്ങളുടെ യജമാനൻ പോയിരിക്കുകയാ. മകനെ ദൈവത്തിന് യാഗം കഴിക്കാൻ.'

ഒരു ഭ്രാന്തിയെപ്പോലെ അവൾ വിളിച്ചു പറഞ്ഞു. 'ദൈവം ഇതിനായിട്ടാണോ അവനെ തന്നത്.

അവന്റെ ചോരയ്ക്കുവേണ്ടി, തന്നവർക്ക് തിരിച്ചെടുക്കുവാനും അവകാശം ഉണ്ടാക്കും.

ജാതികളുടെ ഇടയിൽപോലും പതിവില്ലാത്തകാര്യം. എന്നിട്ടും ഇങ്ങനെ ചെയ്തല്ലോ എന്റെ ദൈവമേ.'

ഏറെനേരം അവർ തളർന്നിരുന്നു.

പിന്നെ, എന്തോ കല്പിച്ചുറച്ചതുപോലെ എഴുന്നേറ്റ് കൂടാരത്തിലേക്ക് പോയി.

അല്പം കഴിഞ്ഞ് – രണ്ടു ദാസന്മാരെ വിളിച്ച് രണ്ടു ചുമട് എടുപ്പിച്ച് തന്റെ ദാസിമാരേയും വിളിച്ചുകൂട്ടി സാറാ വീടുവിട്ടിറങ്ങി.


ഏലിയേസർ ഉദ്വേഗത്തോടേ നോക്കിനിന്നു.

'ഞാൻ പോവുകയാണ്, ഹെബ്രോനിലേക്ക്. നിന്റെ പ്രിയപ്പെട്ട യജമാനനോട് പറഞ്ഞേക്കൂ: ഈ ആയുസ്സിൽ അയാൾ എന്റെ മുഖം കാണില്ല, കാണിക്കില്ല എന്ന്.'

ഇത്രയും പറഞ്ഞ് സാറാ തിടുക്കത്തിൽ നടന്നു. ഇരുപതു നാഴികദൂരെയുള്ള ഹെബ്രോനിലേക്ക്. ബേർശെബയോട് യാത്ര പറഞ്ഞുള്ള യാത്ര''.

മാവേലിക്കര ബിഷപ്പ് മൂർ കോളേജ് ഉൾപ്പെടെ പ്രശസ്ത കലാലയങ്ങളിൽ അധ്യാപകനായി സേവനമനുഷ്ഠിച്ച പ്രൊഫ. കോശി തലയ്ക്കൽ ഫൊക്കാന (FOKANA) ഗുരു അവാർഡ്, ലാന (LANA) ലുമിനറി അവാർഡ്, എം.ഇ. ചെറിയാൻ അവാർഡ് ട്രൈസ്റ്റേറ്റ് 'സിസ്റ്റർ മേരി ബനീഞ്ഞാ അവാർഡ്'തുടങ്ങിയ നിരവധി അന്താരാഷ്ട്ര-ദേശീയ പുരസ്കാരങ്ങൾക്ക് അർഹനായിട്ടുണ്ട്. പ്രശസ്ത വാഗ്മിയും കവിയും







നിരൂപകനും കഥാകാരനും ഗാന രചയിതാവുമായ പ്രൊഫസർ കോശി തലയ്ക്കൽ, പ്രഥമമായും, തനി കാവ്യ യോഗിയാണ്.,പ്രൊ ഫസർ കോശി തലയ്ക്കൽ മാവേ ലിക്കര ബിഷപ്പ് മൂർ കോളജിൽ മൂ ന്ന് പതിറ്റാണ്ട് മലയാളം വിഭാഗം തലവൻ ആയിരുന്നു. നിരൂപകൻ, പരിഭാഷകൻ, കവി, പ്രഭാഷകൻ എന്നീ നിലകളിൽ പ്രശസ്തനാ ണ്. പ്രശസ്തങ്ങളായ ക്രിസ്തീയ ഗാനങ്ങളുടെ രചയിതാവാണ് പ്രൊ ഫസർ കോശിതലക്കൽ. ''കാ ലാന്തരം'' എന്ന കവിതാസമാഹാ രം പ്രസിദ്ധമാണ്. കേരളത്തിൽ കോൺഗ്രസിനെയും തുടർന്ന് ജ നതാ പാർട്ടിയുടെയും തീപ്പൊരി പ്രസംഗ നേതാവുമായിരുന്നു. രാ ഷ്ട്രീയ പ്രവർത്തനം ഉപേക്ഷിച്ച് മിസ്റ്റിക് കാവ്യ സരണിയിൽ ജീ വിത ശ്രദ്ധ സമർപ്പിക്കുകയായിരു ന്നു.

'പള്ളി', ബഡവാഗ്നി' എന്നീ നോവലുകളും, 'വെളിച്ചം ഉറങ്ങുന്ന പാതകൾ' എന്ന ചെറു കഥാ സമാഹാരവും, 'ഡിങ്ങ് ഡോ ങ്ങ്' , 'മൈനയും മാലാഖയും' എന്നീ ബാല സാഹിത്യ രചനക ളും, ' ആത്മ സംകീർത്തനം'എന്ന ഗാന സമാഹാരവും, ആത്മീയ ബിന്ദുക്കൾ, പഞ്ചവർണ്ണ കഥകൾ, കുരിശിലെ മൊഴികൾ എന്ന ട്രില ജി- രചനാത്രയവും പ്രൊഫ. കോ ശി തലക്കലിന്റെ സാഹിത്യ കൃ തികളാണ്.

'കുരിശിലെ മൊഴികൾ' എന്ന കൃതി, രചനയുടെ വര പ്രസാദം കൊണ്ട്, ശ്രദ്ധേയമാണ്. ഉദാര സൗന്ദര്യ പ്രതീകമായ ദൈ വപുത്രന്റെ നിണച്ചാലിനൊപ്പം, ഉ രുകിയൊഴുകിയ സപ്തമന്ത്രമാ ണ് ഈ പുസ്തകത്തിലുള്ളത്.

'ആത്മീയ ബിന്ദുക്കൾ' എന്ന കൃതി, മുപ്പതു അതിഗ ഹന പ്രമേയങ്ങളുടെ ലളിതോദാ രമായ, തേൻ തുളുമ്പുന്ന, കാവ്യ പുഷപങ്ങൾ, അഥവാ ഒരിക്കലും വാടാത്ത പൂവുകൾ വിരിഞ്ഞു, താനേ നൃത്തം വയ്ക്കുന്ന, ഒരു പുഷ്പകോദ്യാനം പോലെ, വശ്യ സുന്ദരം. വർത്തമാനകാല ജീ വിതാവസ്ഥകളെയും ഒരിക്കലും മരിക്കാത്ത ഗ്രന്ഥക ഥാ സന്ദർഭ ങ്ങളെയും കോർത്തിണക്കി, മനന ത്തിന്റെ ആഴങ്ങളിലേയ്ക്ക് നയി ക്കുന്ന ആത്മീയ സംവാദങ്ങളായ ഈ രചനകൾ, ഹൃദയ കവാടം കടന്ന് ഉള്ളിനെ ഉണർത്തുന്ന നീഹാരബിന്ദുക്കളാകുന്ന, പരിവർ ത്തനത്തിന്റെ അനുഭവവും, ഭാഷ യുടെ വര പ്രസാദവും പേറി, വില മതിക്കാനാവാത്ത ഉപഹാരമായി മാറുന്നതെങ്ങനെയെന്ന് വായിച്ച നുഭവിച്ചാലേ മതിയാകൂ.

''പഞ്ച വർണ്ണ കഥകൾ'' എന്ന കൃതിയാകട്ടെ, ഇളം മന സ്സുകൾക്ക് പാലമൃതൂട്ടുന്ന അമ്മ മനസ്സിന്റെ മൃദുത്വത്തോടെയും, ഗുരുകുലാധിപന്റെ അദ്ധ്യാപന സിദ്ധികളോടെയും, ജീവിത പരി വർത്തനത്തിന്റെ അനന്ത വിഹായ സ്സിലേയ്ക്ക്, കുട്ടികളെയും, ഒപ്പം മുതിർന്നവരെയും ഒരേ പോലെ കൂട്ടിക്കൊണ്ടു പോകുന്ന പതി നൊന്നു കഥകളുടെ സമാഹരമാ ണ്. 'ഹൃദയത്തിന്റെ ആർദ്ര തലങ്ങ ളിലൂടെ, ചിന്താ മണ്ഡലങ്ങളിലേ യ്ക്ക് ആഴ്ന്നിറങ്ങുന്ന കഥകളുടെ കർമ വ്യാപാരം' എന്നതാണ് ഈ കൃതിയുടെ അനന്യത.

അമേരിക്കയിലെ റേഡിയോ നെറ്റ്വർക്ക് ഫാമിലി റേഡിയോ യിൽ മലയാളി വിഭാഗത്തിന് ചു മതലക്കാരനായിരുന്നു പ്രൊഫ. കോശി തലക്കൽ. 'ലാന'യുടെ 2018 ലെ മികച്ച സാഹിത്യ പ്രവർ ത്തകനുള്ള പുരസ്കാരജേതാവാ ണ് പ്രൊഫ. കോശി തലക്കൽ. നാടകാഭിനയ രംഗത്തും കോശി തലക്കൽ മുദ്ര ചാർത്തിയിട്ടുണ്ട്. ഏറ്റവും നല്ല ഗാനരചനയ്ക്കുള്ള പ്രഥമ എം പി ചെറിയാൻ അ വാർഡ്, ക്രൈസ്തവ സാഹിത്യ അക്കാദമി അവാർഡ്, ഫൊക്കാ നാ സാഹിത്യ അവാഡ്, എന്നീ പുരസ്കാരങ്ങൾ ആദരവായി ലഭി ച്ച അനവധി പുരസ്കാരങ്ങളിൽ പ്രഥമമാണ് .

കുന്നം ഗവൺമെൻറ് ഹൈ സ്കൂളിലും, തിരുവല്ല മാർ ത്തോമാ കോളേജിലും ചങ്ങ നാശ്ശേരി എസ് ബി കോളജിലും പ്രൊഫ. കോശി തലക്കൽ പഠിച്ചു. സഹധർമ്മിണി: പരേതയായ കു ഞ്ഞുമോൾ. പിതാവ്: പടിഞ്ഞാറേ തലയ്ക്കൽ ജോൺ, മാതാവ്: മറി യാമ്മ. ചെയ്സ്, റെയ്സ് എന്നിവർ മക്കൾ. രഞ്ജിനി, മായ എന്നിവർ മരുമക്കൾ. ഹാന, സോയ, കൊ ഷോ, കോശി എന്നിവർ ചെറുമ ക്കൾ.

നക്ഷത്ര തിളക്കവുമായി ബോബി ചെമ്മണ്ണൂർ ഇന്റർനാഷണൽ ജൂവലറി നവീകരിച്ച ഷോറൂം ഹ്യൂസ്റ്റനിൽ



അനിൽ ആറന്മുള

ഹൂസ്റ്റൺ: കണ്ണഞ്ചുന്ന നവീകരിച്ച അതിമനോഹരമായ ഷോറൂം ഹ്യൂസ്റ്റനിൽ തുറന്ന് ബോബി ചെമ്മണ്ണൂർ ജൂവലേഴ്സ്. പുതിയ രൂപത്തിലും ഭാവത്തിലുമുള്ള സ്വർണ്ണാഭരങ്ങളുടെ കമനീയമായ കലവറയാണ് ഹൂസ്റ്റണിലെ ഹിൽക്രോഫ്റ്റിൽ ബോച്ചേ തുറന്നിരിക്കുന്നത്.

അക്ഷയ തൃതീയ ദിനമായ നവംബർ ആറ് വെള്ളിയാഴ്ച രാവിലെ പതിനൊന്നര മണിക്കായിരുന്നു പുതിയ ഷോറൂമിന്റെ ഉത്ഘാടനം. ബോബി ചെമ്മണ്ണൂരിന്റെ കുടുംബാംഗങ്ങളായ ജോർജ്, ട്രീസ ജോർജ്, ജി കെ പിള്ള, രമേശ് പിള്ള, ദിൽഹോർ, മോൻസി, പൊന്നു പിള്ള, രഞ്ജു, കെന്നഡി, മൈസൂർ തമ്പി

എന്നിവർ ഭദ്രദീപം കൊളുത്തിയാണ് ഉത്ഘാടനം നിർവഹിച്ചത്. നവീകരണ ജോലികൾക്കായി മാസങ്ങൾക്കു മുമ്പാണ് പഴയ ഷോറൂം അടച്ചത്.

ഉത്ഘാടനത്തിനു സാക്ഷിയാകാൻ ധാരാളം മലയാളികളും സന്നിഹിതരായിരുന്നു. ഉത്ഘാടന ദിവസം സ്വർണം വാങ്ങിയവർക്ക് പ്രത്യേക ഡിസ്കൗണ്ട്കളും മൽകിയിരുന്നു.

കേരളത്തിൽ സ്ത്രീകൾക്ക് പ്രിയപ്പെട്ട രണ്ടു ഗ്രാം, നാലു ഗ്രാം, ആറുഗ്രാം തുടങ്ങിയ തൂക്കത്തിലുള്ള നവീന ഡിസൈനുകളിൽ തീർത്ത നിത്യോപയോഗത്തിനുള്ള മാലകളുടെ ശേഖരമാണ് ഇത്തവണത്തെ പ്രത്യേകത എന്ന് ഡെപ്യൂട്ടി ജനറൽ മാനേജർ ജിജോ ഡിറക്ടർ ബിനു സെബാസ്റ്റ്യൻ എന്നിവർ പറഞ്ഞു. കൂടാതെ തൂക്കം കുറഞ്ഞ മനോഹരമായ ഡിസൈനിലുള്ള നെക്ലേസുകളും ധാരാളമുണ്ട്.







Blue Ocean Wealth Solutions

A member of the MassMutual Financial Group

CELEBRATING 30 Yrs Service & Commitment



Philipose Samuel

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals

BUSINESS NEEDS

Business Continuation Planning
- Key Employee Insurance
- Business Overhead Insurance
- Disability Buyouts
- Buy-Sell Arrangements

Retirement Planning
- 401K Plans
- 403b Plans
- Simplified Employee Pensions (SEPs)
- Simple IRAs

Employee Benefits Products
- Short-term and Long-term Disability Insurance
- Health Insurance*

Group Health insurance
- Group Whole Life (Without Medicals)
- Group Disability & Group Dental Plans Insurance

PERSONAL NEEDS

Wealth Communication
- Managed Investment Accounts
- Mutual Funds
- Exchange Traded Funds
- Fixed, Variable and Index Annuities
- Traditional and Roth IRAs
- Education Funding Strategies
- Retirement Planning

Family Protection
- Long-Term Care Insurance
- Whole Life Insurance
- Term Life Insurance
- Disability Income Insurance
- Medicare Supplement & Advantage Plans*
- Medicare Part D*
- Home Owner's Insurance*
- Auto Insurance*
- Estate Conservation
- Charitable Planning Strategies

MassMutual Leaders Conference:
2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014
2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998

Philipose Samuel (Sam)
30 Years of Service
Financial Service Representative Financial Advisor
O: (516) 326-7028 | C: (516) 312-2902
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number **516 774 4283**

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its affiliated US insurance companies. Registered Representative of and securities and investment advisory services offered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its affiliated companies. "Property & Casualty insurance is offered through a variety of quality insurance companies that are not affiliated with MassMutual or MML Investors Services, LLC. Some health insurance products offered by unaffiliated insurers. **Not practicing on behalf of MassMutual or its affiliates. CRN202501-1659414.

വേൾഡ് മലയാളി കൗൺസിൽ ഫ്ലോറിഡ പ്രോവിൻസിന്റെ നേതൃത്വത്തിൽ കേരളപ്പിറവി ദിനാഘോഷം സംഘടിപ്പിച്ചു



സോണി കണ്ണോട്ടുതറ

ഒർലാന്റോ: വേൾഡ് മലയാളി കൗൺസിൽ (WMC) ഫ്ലോറിഡ പ്രോവിൻസിന്റെ നേതൃത്വത്തിൽ കേരളപ്പിറവി ദിനാഘോഷം വർണ്ണാഭമായി സംഘടിപ്പിച്ചു. ചടങ്ങിൽ ഫ്ലോറിഡ പ്രോവിൻസ് പ്രസിഡന്റ് ശ്രീമതി രേഷ്മ പുത്തൻ ഏവർക്കും സ്വാഗതം ആശംസിച്ചു.

വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ അസോസിയേറ്റ് സെക്രട്ടറി ശ്രീമതി സ്മിതാ സോണി, ഫോമാ (FOMA) നാഷണൽ പ്രസിഡന്റ് ശ്രീ. ബിജു തോണിക്കടവിൽ, ഫൊക്കാന (FOKANA) എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ലിൻഡോ ജോളി, ഫൊക്കാന ഞഡഋ രാജീവ് കുമാരൻ, ഫോമാ നാഷണൽ കമ്മിറ്റി അംഗം സന്തോഷ് തോമസ്,





ഒരുമ പ്രസിഡന്റ് ബിനുസ് ജോസ്, ഓർമ പ്രസിഡന്റ് റോഷിനി ക്രിസ്നോൽ, മലയാളി അസോസിയേഷൻ ഓഫ് ഡേറ്റോണ മുൻ പ്രസിഡന്റ് ജെറി കമ്പിയിൽ, ഫ്ലോറിഡ പ്രോവിൻസ് എക്സിക്യൂട്ടീവ് അംഗങ്ങൾ, വിമൻസ് ഫോറം എക്സിക്യൂട്ടീവ് അംഗങ്ങൾ, യൂത്ത് ഫോറം എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ ചേർന്ന് ഭദ്രദീപം കൊളുത്തി ചടങ്ങുകൾക്ക് തുടക്കം കുറിച്ചു.

സമ്മേളനത്തിൽ വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ അസോസിയേറ്റ് സെക്രട്ടറിയായി ചുമതലയേറ്റ ശ്രീമതി സ്മിതാ സോണിയെ ഫ്ലോറിഡ പ്രോവിൻസ് ചെയർമാൻ സോളമൻ ഡാലസ്, പ്രസിഡന്റ് ശ്രീമതി രേഷ്മ പുത്തൻ എന്നിവർ ചേർന്ന് പൊന്നാട അണിയിച്ച് ആദരിച്ചു. ശ്രീമതി സ്മിതാ സോണി സംഘടനയുടെ ലക്ഷ്യങ്ങളെയും പ്രവർത്തനങ്ങളെയും കുറിച്ചും കേരളപ്പിറവി ദിനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും വിശദീകരിക്കുകയും ഗ്ലോബൽ കമ്മിറ്റിയുടെ ആശംസകൾ അറിയിക്കുകയും ചെയ്തു. ചടങ്ങിൽ മുഖ്യാതിഥിയായി സംസാരിച്ച ഫോമാ നാഷണൽ പ്രസിഡന്റ് ശ്രീ. ബിജു തോണിക്കടവിൽ ഫോമായുടെ പേരിൽ ഏവർക്കും കേരളപ്പിറവി ദിനാശംസകൾ നേർന്നു.

വിവിധ കലാപരിപാടികളും ചിരിയും സന്തോഷവും നിറഞ്ഞ സംഗമവും ശക്തമായ കൂട്ടായ്മയുടെയും സൗഹൃദത്തിന്റെയും വേദിയായി മാറി. വേദിയിലും അണിയറയിലും പ്രവർത്തിച്ച കുടുംബങ്ങൾ, കുട്ടികൾ, സംഘാടകർ എന്നിവരുടെ ആത്മാർത്ഥമായ സമർപ്പണം പരിപാടിയുടെ വിജയത്തിന് മാറ്റുകൂട്ടി. സമൂഹത്തിന്റെ ആവേശകരമായ പങ്കാളിത്തം കൂട്ടായ്മയുടെ ശക്തിയും ഐക്യത്തിന്റെ മഹത്വവും വിളിച്ചോതുന്നതായിരുന്നു.

ഫ്ലോറിഡ പ്രോവിൻസ് എക്സിക്യൂട്ടീവ് അംഗങ്ങളായ ചെയർമാൻ സോളമൻ ഡാലസ്, പ്രസിഡന്റ് രേഷ്മ പുത്തൻ, സെക്രട്ടറി സോണി കണ്ണോട്ടുതറ, ട്രഷറർ രഞ്ജി ജോസഫ്, വൈസ് ചെയർമാൻ റെജിമോൻ ആന്റണി, വൈസ് പ്രസിഡന്റ് സണ്ണി



കൈതമറ്റം, ജോയിന്റ് സെക്രട്ടറി ഹിന്ദുജ നായർ, ജോയിന്റ് ട്രഷറർ ബിജു തോമസ്, പ്രോവിൻസ് വിമൻസ് ഫോറം സെക്രട്ടറി പ്രിയ ജെറി എന്നിവരടങ്ങുന്ന കമ്മിറ്റിയാണ് കലാപരിപാടികൾക്ക് നേതൃത്വം നൽകിയത്. ശ്രീമതി റിറ്റി ജോ, ശ്രീമതി പ്രിയ ജെറി, ശ്രീമതി റോഷിനി ക്രിസ്നോൽ, ശ്രീമതി ഹിന്ദുജ നായർ എന്നിവർ അവതാരകരായിരുന്നു. പരിപാടിയിൽ പങ്കെടുത്ത എല്ലാവർക്കും സെക്രട്ടറി സോണി കണ്ണോട്ടുതറ ഹൃദയം നിറഞ്ഞ നന്ദി അറിയിച്ചു.

ജന്മനാടായ കേരളത്തിൽ നിന്ന് ആയിരക്കണക്കിന് മൈലുകൾ അകലെയാണെങ്കിലും കേരളത്തിന്റെ സംസ്കാരവും പാരമ്പര്യവും പ്രവാസികളുടെ ഹൃദയങ്ങളിൽ എന്നും ജീവിക്കുന്നുവെന്ന സന്ദേശമാണ് സംഗമം പകർന്നു നൽകിയത്. 'സംസ്കാരത്തിൽ ഒന്നിച്ച്, കൂട്ടായ്മയിലൂടെ കരുത്തോടെ!' (United in Culture, Strengthened by Community!) എന്ന സന്ദേശം ഉയർത്തിപ്പിടിച്ചുകൊണ്ട് സംഘടിപ്പിച്ച ആഘോഷപരിപാടികൾ വൻ വിജയമായി മാറി.







emalayalee.com

GREAT NEWS!

Now You Can INSTANTLY PLACE YOUR ADVT or BOOK YOUR AD SPACE on eMalayalee.com



Just Click


eMalayalee.com/Advertise

പന്തളം ബിജു
ഫോമാ ട്രഷറർ സ്ഥാനത്തേക്ക് മത്സരിക്കുന്നു.

ലാസ് വെഗാസ്: 2028-2030 കാലയളവിലെ ഫോമാ (FOMAA) ട്രഷറർ സ്ഥാനത്തേക്ക് പന്തളം ബിജു തോമസ് മത്സരിക്കുന്നു. ഫോമയിലും, വിവിധ മലയാളി സംഘടനകളിലും, നിരവധി ഉത്തരവാദിത്തങ്ങൾ വഹിച്ച് സംഘടനാ പ്രവർത്തനരംഗത്ത് ശ്രദ്ധേയമായ സംഭാവനകൾ നൽകിയിട്ടുള്ള അദ്ദേഹത്തിന്റെ സ്ഥാനാർഥിത്വം ശ്രദ്ധേയമാണ്. നിലവിൽ, ഫോമയുടെ പുതിയ റീജിയനായ മൗണ്ടെൻ റീജിയന്റെ പ്രഥമ വൈസ് പ്രസിഡന്റ് കൂടിയാണ് അദ്ദേഹം. ഫോമായിൽ, പതിനെട്ട് വർഷങ്ങളായുള്ള സംഘടനാ പ്രവർത്തന മികവും നേതൃപരിചയവും കൈമുതലാക്കിയ സ്ഥാനാർഥിത്വം.

ഫോമയുടെ വെസ്റ്റേൺ റീജിയൻ വൈസ് പ്രസിഡന്റ്, നാഷണൽ കമ്മിറ്റി മെമ്പർ, ബൈലോ കമ്മിറ്റി ചെയർമാൻ, പൊളിറ്റിക്കൽ ഫോറം കൺവീനർ, ലാസ് വെഗാസ് കൺവെൻഷൻ കോർഡിനേറ്റർ, ഫോമാ പബ്ലിക് റിലേഷൻസ് ഓഫീസർ എന്നീ നിലകളിൽ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. കൂടാതെ, കേരള അസോസിയേഷൻ ഓഫ് ലാസ് വേഗസിൻറെ പ്രസിഡന്റായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

വിവിധ തലങ്ങളിൽ സംഘടനാ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുള്ള അദ്ദേഹത്തിന്റെ അനുഭവസമ്പത്ത് ട്രഷറർ സ്ഥാനാർഥിത്വത്തിന് കരുത്തുപകരുന്നു. സംഘടനയുടെ സാമ്പത്തിക കാര്യങ്ങളിൽ സുതാര്യതയും, ഉത്തരവാദിത്തവും ഉറപ്പാക്കുന്നതിനും, അംഗങ്ങളുടെ വിശ്വാസം കാത്തുസൂക്ഷിക്കുന്നതിനും, കൂട്ടായ പ്രവർത്തനങ്ങളിലൂടെ ഫോമയുടെ വളർച്ചയ്ക്ക് സംഭാവന നൽകുന്നതിനും അദ്ദേഹത്തിന്റെ സ്ഥാനാർഥിത്വം ലക്ഷ്യമിടുന്നു.



സംഘടനാ രംഗത്തെ പരിചയവും പ്രവർത്തന മികവും മുൻനിർത്തി ഫോമയുടെ മുന്നോട്ടുള്ള പ്രയാണത്തിൽ കൂടുതൽ ഉത്തരവാദിത്തം ഏറ്റെടുക്കാനാണ് പന്തളം ബിജു തോമസ് ട്രഷറർ സ്ഥാനത്തേക്ക് മത്സരിക്കുന്നത്. ഫോമാ അംഗങ്ങളുടെ അഭ്യുദയകാംക്ഷികളുടെയും പിന്തുണയും സഹകരണവും അദ്ദേഹം ദയവായി അഭ്യർഥിക്കുന്നു.



നീല സുനാമിയിൽ ഒലിച്ചുപോയത് ഉറച്ച റിപ്പബ്ലിക്കൻ കോട്ടകൾ!



ശ്രീകുമാർ ഉണ്ണിത്താൻ

അമേരിക്കൻ രാഷ്ട്രീയത്തിൽ വീണ്ടും വൻ രാഷ്ട്രീയ ഭൂകമ്പം. ഡെമോക്രാറ്റിക് പാർട്ടിയുടെ നീല സുനാമി ആഞ്ഞടിച്ചപ്പോൾ, വർഷങ്ങളായി റിപ്പബ്ലിക്കൻ പാർട്ടിയുടെ കോട്ടകളായി അറിയപ്പെട്ടിരുന്ന പല സംസ്ഥാനങ്ങളിലും രാഷ്ട്രീയ സമവാക്യങ്ങൾ തകിടം മറിഞ്ഞു. പ്രതീക്ഷിക്കാത്ത വിജയങ്ങളും അപ്രതീക്ഷിത പരാജയങ്ങളും നിറഞ്ഞ ഈ ജനവിധി അമേരിക്കൻ രാഷ്ട്രീയത്തിന് നൽകുന്ന സന്ദേശം വളരെ വ്യക്തമാണ്: ജനങ്ങളുടെ പ്രതീക്ഷകൾക്കൊത്ത് ഭരണം നടത്തിയില്ലെങ്കിൽ അവർ അധികാരത്തിലിരിക്കുന്നവരെ തിരസ്കരിക്കും. അധികാരം ജനങ്ങൾ നൽകുന്നതാണ്; അത് തിരിച്ചെടുക്കാനും അവർക്ക് അറിയാം.

2026 നവംബർ 3-ന് നടന്ന ഇടക്കാല തിരഞ്ഞെടുപ്പിൽ അമേരിക്കൻ കോൺഗ്രസിന്റെ ഇരു സഭകളിലും ഡെമോക്രാറ്റുകൾ ഭൂരിപക്ഷം നേടിയെന്നത് ഈ തിരഞ്ഞെടുപ്പിലെ ഏറ്റവും വലിയ രാഷ്ട്രീയ വാർത്തയാണ്. ജനപ്രതിനിധിസഭയിലും സെനറ്റിലും നിയന്ത്രണം തിരിച്ചുപിടിച്ച ഡെമോക്രാറ്റുകൾ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിനും അദ്ദേഹത്തിന്റെ റിപ്പബ്ലിക്കൻ പാർട്ടിക്കും കനത്ത രാഷ്ട്രീയ പ്രഹരമാണ് നൽകിയത്. ഇത് ഏതാനും സീറ്റുകളുടെ വിജയമല്ല; അമേരിക്കൻ ജനതയുടെ രാഷ്ട്രീയ മനോഭാവത്തിൽ ഉണ്ടായ വലിയൊരു മാറ്റത്തിന്റെ അടയാളമാണ്.

ഈ തിരഞ്ഞെടുപ്പിൽ മത്സരിച്ച നിരവധി ഇന്ത്യൻ വംശജരായ സ്ഥാനാർഥികളുടെ വിജയങ്ങൾ നമ്മളെ സംബന്ധിച്ചിടത്തോളം ഏറെ അഭിമാനകരമാണ്. അമേരിക്കയുടെ രാഷ്ട്രീയ-ഭരണരംഗങ്ങളിൽ ഇന്ത്യൻ വംശജർ കൂടുതൽ ശക്തമായ സാന്നിധ്യമായി മാറുന്നത് ഓരോ ഇന്ത്യക്കാരനും സന്തോഷം നൽകുന്ന കാര്യമാണ്.

എന്നാൽ ചില പരാജയങ്ങൾ ഏറെ നിരാശപ്പെടുത്തുന്നതായിരുന്നു. പ്രത്യേകിച്ച് ഒഹായോ ഗവർണർ സ്ഥാനത്തേക്ക് മത്സരിച്ച വിവേക് രാമസ്വാമിയുടെ പരാജയം അപ്രതീക്ഷിതമായിരുന്നു. മികച്ച രാഷ്ട്രീയ വാഗ്മിത്വവും ദേശീയ തലത്തിലുള്ള ശ്രദ്ധയും നേടിയ അദ്ദേഹത്തിന് ഈ തിരഞ്ഞെടുപ്പിൽ വിജയിക്കാനായില്ല.

ന്യൂയോർക്ക് സ്റ്റേറ്റ് അറ്റോർണി ജനറൽ സ്ഥാനത്തേക്ക് റിപ്പബ്ലിക്കൻ സ്ഥാനാർഥിയായി മത്സരിച്ച സരിതാ കൊമട്ടിറെഡ്ഡിയുടെ പരാജയവും നിരാശയുണ്ടാക്കി. കഴിവും അനുഭവപരിചയവുമുള്ള

ഒരു ഇന്ത്യൻ വംശജയായ സ്ഥാനാർഥി എന്ന നിലയിൽ അവർക്ക് വലിയ പ്രതീക്ഷകളുണ്ടായിരുന്നു. അതുപോലെ ന്യൂയോർക്ക് സ്റ്റേറ്റ് അസംബ്ലിയിലേക്ക് മത്സരിച്ച മലയാളിയായ ജോൺ ഐസക്കിന്റെ മത്സരവും മലയാളി സമൂഹം ഏറെ പ്രതീക്ഷയോടെയാണ് കണ്ടത്.

നമ്മളെ സംബന്ധിച്ചിടത്തോളം ഈ മത്സരങ്ങളിൽ പാർട്ടി രാഷ്ട്രീയത്തേക്കാൾ ഉപരി ഇന്ത്യൻ വംശജരായ സ്ഥാനാർഥികളുടെ വിജയമായിരുന്നു പ്രധാനപ്പെട്ടത്. അവർ ഏത് രാഷ്ട്രീയ പാർട്ടിയുടെ സ്ഥാനാർഥികളായിരുന്നാലും അമേരിക്കയുടെ പൊതുരംഗത്ത് നമ്മുടെ സമൂഹത്തിന്റെ ശബ്ദവും സാന്നിധ്യവും ശക്തിപ്പെടണമെന്ന ആഗ്രഹമായിരുന്നു അതിനു പിന്നിൽ.

എന്നാൽ രാഷ്ട്രീയ യാഥാർഥ്യം മറ്റൊന്നായിരുന്നു. വ്യക്തികളുടെ കഴിവും ജനപിന്തുണയും ഉണ്ടായിരുന്നിട്ടും ദേശീയതലത്തിൽ ആഞ്ഞടിച്ച രാഷ്ട്രീയ തരംഗത്തെ മറികടക്കാൻ പലർക്കും കഴിഞ്ഞില്ല. വ്യക്തിഗത സ്ഥാനാർഥിത്വങ്ങളെക്കാൾ വലിയ ശക്തിയായി ചിലപ്പോൾ രാഷ്ട്രീയ സാഹചര്യങ്ങൾ മാറുമെന്നതിന്റെ ഉദാഹരണങ്ങളാണിവ.

ഈ തിരഞ്ഞെടുപ്പിലെ ഏറ്റവും ശ്രദ്ധേയമായ കാര്യം പരമ്പരാഗതമായി റിപ്പബ്ലിക്കൻ പാർട്ടിയുടെ ശക്തികേന്ദ്രങ്ങളായി അറിയപ്പെട്ടിരുന്ന സംസ്ഥാനങ്ങളിൽ ഡെമോക്രാറ്റുകൾ നേടിയ മുന്നേറ്റമാണ്.

ടെക്സസ്, കൻസാസ്, സൗത്ത് കരോലിന തുടങ്ങിയ സംസ്ഥാനങ്ങളിൽ സെനറ്റ് സീറ്റുകൾ പിടിച്ചെടുത്തത് അമേരിക്കൻ രാഷ്ട്രീയ ചരിത്രത്തിലെ നിർണായക സംഭവങ്ങളായി മാറി. ഏകദേശം ഒരു നൂറ്റാണ്ടിനുശേഷമാണ് കൻസാസ് ഒരു ഡെമോക്രാറ്റിക് സെനറ്ററെ തിരഞ്ഞെടുക്കുന്നത്. ടെക്സസിൽ 1988-നുശേഷം ആദ്യമായി ഡെമോക്രാറ്റിക് സ്ഥാനാർഥി സെനറ്റിലേക്ക് വിജയിച്ചു. സൗത്ത് കരോലിനയിലും 1998-നുശേഷം ഡെമോക്രാറ്റുകൾക്ക് സെനറ്റ് വിജയം നേടാനായി.

അയോവ, മെയ്ൻ, നോർത്ത് കരോലിന, ഒഹായോ തുടങ്ങിയ സംസ്ഥാനങ്ങളിലും ഡെമോക്രാറ്റുകൾ നിർണായക വിജയങ്ങൾ നേടി. 2024-ൽ ട്രംപിന് വലിയ പിന്തുണ നൽകിയ ചില സംസ്ഥാനങ്ങളിൽ പോലും ഇത്തവണ വോട്ടർമാർ നിലപാട് മാറ്റി. ഇന്നലെ വരെ ഉറച്ച റിപ്പബ്ലിക്കൻ കോട്ടകളായിരുന്ന ഇടങ്ങളിൽ നീലക്കൊടി പാറിയത് അമേരിക്കൻ രാഷ്ട്രീയത്തെ നിരീക്ഷിക്കുന്നവരെപ്പോലും അത്ഭുതപ്പെടുത്തി.

ഇത് കേവലം ഒരു തിരഞ്ഞെടുപ്പ് തിരിച്ചടിയല്ല. ജനങ്ങളുടെ മനസ്സിൽ രൂപപ്പെട്ട അതൃപ്തി വോട്ടുപെട്ടിയിലൂടെ പുറത്തുവന്നതിന്റെ വ്യക്തമായ സൂചനയാണ്. മലയാളികൾ ആയ നമ്മൾ പലരും ട്രംപിന്റെ വലിയ ആരാധകർ ആയിരുന്നു, പക്ഷേ അവരിലും ചിലരുടെ മനോഭാവത്തിൽ മാറ്റങ്ങൾ വന്നു.

ജീവിതച്ചെലവിലെ വർധനയും വിലക്കയറ്റവും സാധാരണക്കാരുടെ കുടുംബബജറ്റിനെ സാരമായി ബാധിച്ചിട്ടുണ്ട്. ഭക്ഷണം, താമസം, ആരോഗ്യപരിരക്ഷ, ഇൻഷുറൻസ് തുടങ്ങി നിത്യജീവിതവുമായി ബന്ധപ്പെട്ട ചെലവുകൾ ഉയരുമ്പോൾ രാഷ്ട്രീയ പ്രസംഗങ്ങൾകൊണ്ട് മാത്രം ജനങ്ങളെ തൃപ്തിപ്പെടുത്താനാവില്ല.

സാധാരണക്കാരന്റെ ജീവിതം കൂടുതൽ ബുദ്ധിമുട്ടിലാകുമ്പോൾ ഭരണകൂടത്തിന്റെ വാഗ്ദാനങ്ങൾക്കും പ്രസംഗങ്ങൾക്കും പ്രസക്തി നഷ്ടപ്പെടും. കുടുംബത്തിന്റെ സാമ്പത്തിക ഭദ്രതയാണ് ഓരോ വോട്ടറെയും സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ടത്. പെട്രോൾ വിലയും പലചരക്ക് സാധനങ്ങളുടെ വിലയും വീട്ടുവാടകയും വർധിക്കുമ്പോൾ രാഷ്ട്രീയ നേതാക്കളുടെ വിജയപ്രസംഗങ്ങൾ ജനങ്ങൾക്ക് ആശ്വാസമാകില്ല.

ഇതിനുപുറമേ മറ്റു രാജ്യങ്ങളുമായ യുദ്ധവും അതിന്റെ സാമ്പത്തിക പ്രത്യാഘാതങ്ങളും ട്രംപ് ഭരണകൂടത്തിനെതിരായ ജനവികാരം ശക്തമാക്കി. അഴിമതിയെക്കുറിച്ചുള്ള ആശങ്കകളും ഭരണനിർവഹണത്തിലുള്ള അതൃപ്തിയും ഈ ജനവിധിയെ സ്വാധീനിച്ച പ്രധാന ഘടകങ്ങളാണ്.

ജനാധിപത്യത്തിൽ ജനങ്ങളുടെ ജീവിതപ്രശ്നങ്ങൾക്ക് പരിഹാരം കാണുക എന്നതാണ് ഭരണകൂടത്തിന്റെ പ്രഥമ ഉത്തരവാദിത്വം. ജനങ്ങളുടെ ആശങ്കകൾ കേൾക്കാതെ മുന്നോട്ടുപോകുന്ന ഏതൊരു ഭരണാധികാരിക്കും ഒരുനാൾ ജനവിധിയുടെ മുന്നിൽ മറുപടി പറയേണ്ടിവരും.

ഈ തിരഞ്ഞെടുപ്പ് ഡൊണാൾഡ് ട്രംപിന്റെ രാഷ്ട്രീയ നേതൃത്വത്തിനുള്ള വലിയ പരീക്ഷണമായിരുന്നു. തന്റെ ഭരണനയങ്ങൾക്കും



വ്യക്തികളുടെ കഴിവും ജനപിന്തുണയും ഉണ്ടായിരുന്നിട്ടും ദേശീയതലത്തിൽ ആഞ്ഞടിച്ച രാഷ്ട്രീയ തരംഗത്തെ മറികടക്കാൻ പലർക്കും കഴിഞ്ഞില്ല. വ്യക്തിഗത സ്ഥാനാർഥിത്വങ്ങളെക്കാൾ വലിയ ശക്തിയായി ചിലപ്പോൾ രാഷ്ട്രീയ സാഹചര്യങ്ങൾ മാറുമെന്നതിന്റെ ഉദാഹരണങ്ങളാണിവ.

അമേരിക്കൻ ജനാധിപത്യത്തിന്റെ ഏറ്റവും വലിയ പ്രത്യേകതയും അതുതന്നെയാണ്. അധികാരത്തിലിരിക്കുന്നവരെ ചോദ്യം ചെയ്യാനും അവരുടെ പ്രവർത്തനങ്ങളിൽ അതൃപ്തിയുണ്ടെങ്കിൽ മറ്റൊരു രാഷ്ട്രീയ ശക്തിയെ അധികാരത്തിലെത്തിക്കാനും ജനങ്ങൾക്ക് കഴിയും.



രാഷ്ട്രീയ നിലപാടുകൾക്കും ജനപിന്തുണയുണ്ടെന്ന് തെളിയിക്കാനുള്ള അവസരമായിരുന്നു ഇടക്കാല തിരഞ്ഞെടുപ്പ്. എന്നാൽ ജനവിധി അദ്ദേഹത്തിന് നൽകിയത് ശക്തമായ മുന്നറിയിപ്പാണ്.

റിപ്പബ്ലിക്കൻ സ്ഥാനാർഥികൾക്കുവേണ്ടി ട്രംപ് നടത്തിയ പ്രചാരണവും നൽകിയ പിന്തുണയും പല നിർണായക മത്സരങ്ങളിലും വിജയത്തിലേക്ക് നയിച്ചില്ല. മറിച്ച്, അദ്ദേഹത്തിന്റെ രാഷ്ട്രീയ സ്വാധീനം ചില മേഖലകളിൽ തിരിച്ചടിയായോ എന്ന ചോദ്യവും ഉയരുന്നുണ്ട്.

പ്രസിഡന്റിന് വലിയ അധികാരങ്ങളുണ്ടെങ്കിലും അമേരിക്കൻ ഭരണഘടന ആ അധികാരങ്ങൾക്ക് വ്യക്തമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കോൺഗ്രസിന്റെ നിയന്ത്രണം നഷ്ടപ്പെട്ടതോടെ ട്രംപിന്റെ നിയമനിർമാണ പദ്ധതികൾക്ക് ഇനി കൂടുതൽ വെല്ലുവിളികൾ നേരിടേണ്ടിവരും. ഭരണകൂടത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള പരിശോധനകൾക്കും അന്വേഷണങ്ങൾക്കും ഡെമോക്രാറ്റുകൾക്ക് കൂടുതൽ അവസരം ലഭിക്കും.

അധികാരം കൈയിലുണ്ടെന്നത് ജനങ്ങളുടെ വിശ്വാസം കൂടെയുണ്ടെന്നതിന് ഉറപ്പല്ല. ഈ യാഥാർഥ്യമാണ് ട്രംപിനും റിപ്പബ്ലിക്കൻ പാർട്ടിക്കും ഈ തിരഞ്ഞെടുപ്പ് നൽകുന്ന ഏറ്റവും വലിയ പാഠം.

ഈ തിരഞ്ഞെടുപ്പിലെ മറ്റൊരു ശ്രദ്ധേയമായ കാര്യം വിവിധ സാമൂഹിക വിഭാഗങ്ങളിൽ നിന്നുള്ള സ്ഥാനാർഥികൾ നേടിയ ചരിത്രവിജയങ്ങളാണ്. സ്ത്രീകൾക്കും ന്യൂനപക്ഷ വിഭാഗങ്ങൾക്കും അമേരിക്കൻ രാഷ്ട്രീയത്തിൽ കൂടുതൽ പ്രാതിനിധ്യം ലഭിക്കുന്നതിന്റെ സൂചനകൾ ഈ തിരഞ്ഞെടുപ്പിലുണ്ട്.

അമേരിക്കൻ ജനാധിപത്യത്തിന്റെ ഏറ്റവും വലിയ പ്രത്യേകതയും അതുതന്നെയാണ്. അധികാരത്തിലിരിക്കുന്നവരെ ചോദ്യം ചെയ്യാനും അവരുടെ പ്രവർത്തനങ്ങളിൽ അതൃപ്തിയുണ്ടെങ്കിൽ മറ്റൊരു രാഷ്ട്രീയ ശക്തിയെ അധികാരത്തിലെത്തിക്കാനും ജനങ്ങൾക്ക് കഴിയും. ജനാധിപത്യം എന്നത് തിരഞ്ഞെടുപ്പ് ദിവസം വോട്ട് ചെയ്യുന്നതിൽ മാത്രം ഒതുങ്ങുന്നില്ല; അധികാരത്തിലുള്ളവരുടെ പ്രവർത്തനങ്ങൾ നിരന്തരം വിലയിരുത്താനുള്ള ജനങ്ങളുടെ അവകാശം കൂടിയാണ്.

എന്നാൽ കോൺഗ്രസിൽ ഭൂരിപക്ഷം ലഭിച്ചതുകൊണ്ട് മാത്രം ഡെമോക്രാറ്റുകൾക്ക് എല്ലാ കാര്യങ്ങളും എളുപ്പമാകില്ല. പ്രസിഡന്റിന്റെ വീറ്റോ അധികാരവും രാഷ്ട്രീയ അഭിപ്രായവ്യത്യാസങ്ങളും നിയമനിർമാണത്തിന് തടസ്സമാകാം. അതുകൊണ്ട് വിജയത്തിന്റെ ആവേശത്തിൽ മതിമറക്കാതെ ജനങ്ങൾ നൽകിയ വിശ്വാസം കാത്തുസൂക്ഷിക്കാനായിരിക്കണം അവർ ശ്രമിക്കേണ്ടത്.

അമേരിക്കയിൽ ആഞ്ഞടിച്ച ഈ നീല സുനാമി ഡെമോക്രാറ്റിക് പാർട്ടിയുടെ മാത്രം വിജയമല്ല; ജനാധിപത്യത്തിന്റെ ശക്തി വീണ്ടും തെളിയിച്ച ഒരു ജനവിധി കൂടിയാണ്.

ഇന്ന് റിപ്പബ്ലിക്കൻ പാർട്ടിയുടെ കോട്ടകൾ തകർന്നുവെങ്കിൽ നാളെ ഡെമോക്രാറ്റുകളുടെ കോട്ടകളിലും വിള്ളലുണ്ടാകാം. കാരണം അമേരിക്കൻ വോട്ടർമാർ ഒരു പാർട്ടിയോടും സ്ഥിരമായ വിധേയത്വം പുലർത്തുന്നവരല്ല. അവരുടെ ജീവിതത്തിൽ മാറ്റമുണ്ടാക്കാൻ കഴിയുന്നവരെയാണ് അവർ പിന്തുണയ്ക്കുന്നത്. വാഗ്ദാനങ്ങൾ നൽകുന്നവരേക്കാൾ അവ നടപ്പാക്കുന്നവരെയാണ് ജനങ്ങൾക്ക് ആവശ്യം.


രാഷ്ട്രീയത്തിൽ ആരും അജയ്യരല്ല. അധികാരം ജനങ്ങളിൽ നിന്നാണ് ലഭിക്കുന്നത്; അതേ ജനങ്ങൾക്ക് അത് തിരിച്ചെടുക്കാനും കഴിയും. ജനങ്ങളുടെ വിശ്വാസമാണ് ഏതൊരു ഭരണാധികാരിയുടെയും ഏറ്റവും വലിയ ശക്തി. ആ വിശ്വാസം നഷ്ടപ്പെട്ടാൽ എത്ര വലിയ രാഷ്ട്രീയ കോട്ടകൾക്കും അധികകാലം പിടിച്ചുനിൽക്കാനാവില്ല.

അമേരിക്കയിലെ ഈ നീല സുനാമി ലോകത്തിലെ എല്ലാ ജനാധിപത്യ ഭരണാധികാരികൾക്കും നൽകുന്ന വലിയൊരു സന്ദേശമുണ്ട്:

ജനങ്ങൾ നിശ്ശബ്ദരാണെന്ന് കരുതി അവരുടെ വികാരങ്ങളെ അവഗണിക്കരുത്. അവരുടെ ക്ഷമയെ ദൗർബല്യമായി കാണുകയും ചെയ്യരുത്. അവർ പ്രതികരിക്കാൻ തീരുമാനിക്കുന്ന ദിവസം ഏറ്റവും ശക്തനായ നേതാവിനുപോലും പിടിച്ചുനിൽക്കാനാവില്ല; ഏറ്റവും ഉറച്ച രാഷ്ട്രീയ കോട്ടകൾ പോലും കടപുഴകി വീഴും.

em The Weekly
emalayalee.com

ഡോ.ജോസഫ് മട്ടയ്ക്കൽ:
പ്രവാസി സമൂഹത്തിന്റെ ആത്മിക കൂട്ടായ്മക്ക് നിർണായക സംഭാവന നൽകിയ പ്രമുഖൻ



ജീമോൻ റാന്നി

emalayalee.com

ന്യൂയോർക്ക്: വടക്കേ അമേരിക്കയിലെ, പ്രത്യേകിച്ച് ന്യൂയോർക്കിലെ മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ വളർച്ചയ്ക്കും പ്രവാസി സമൂഹത്തിന്റെ ആത്മീയ കൂട്ടായ്മയ്ക്കും നിർണായക സംഭാവന നൽകിയ ആദ്യകാല സഭാനേതാക്കളിൽ പ്രമുഖനാണ് ജോസഫ് മട്ടയ്ക്കൽ. വടക്കേ അമേരിക്കയിലെ മാർത്തോമ്മാ സഭയുടെ രൂപീകരണവും വളർച്ചയും അടയാളപ്പെടുത്തുന്ന 'Formation and Growth of Mar Thoma Church in North America" എന്ന ചരിത്രഗവേഷണരേഖ അദ്ദേഹത്തിന്റെ നേതൃത്വപരമായ സംഭാവനകളിലേക്കും ആദ്യകാല പ്രവാസി സമൂഹത്തിന്റെ കൂട്ടായ പരിശ്രമങ്ങളിലേക്കും വെളിച്ചം വീശുന്നു.

വടക്കേ അമേരിക്കയിലെ മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ ചരിത്രം

ആദ്യകാല കുടിയേറ്റ കുടുംബങ്ങളുടെ അതിജീവനത്തിന്റെയും വിശ്വാസത്തിന്റെയും ദീർഘവീക്ഷണത്തിന്റെയും ഉജ്ജ്വലമായ സാക്ഷ്യമാണ്. 1960-കളുടെ മധ്യത്തിൽ അമേരിക്കയിൽ നടപ്പിലാക്കിയ കുടിയേറ്റ നിയമപരിഷ്കാരങ്ങൾക്കുശേഷം കേരളത്തിൽ നിന്ന് ഉന്നത വിദ്യാഭ്യാസവും തൊഴിൽപരമായ കഴിവുകളുമുള്ള നിരവധി പേർ ന്യൂയോർക്ക് ഉൾപ്പെടെയുള്ള പ്രമുഖ അമേരിക്കൻ നഗരങ്ങളിലേക്ക് കുടിയേറി.

അമേരിക്കൻ തൊഴിൽ മേഖലയിൽ അവർ വേഗത്തിൽ തങ്ങളുടേതായ ഇടം കണ്ടെത്തിയെങ്കിലും, മാതൃഭാഷയിലും പാരമ്പര്യ ആരാധനാക്രമത്തിലും സഭാ കൂട്ടായ്മയിലും അധിഷ്ഠിതമായ ആത്മീയജീവിതത്തിന്റെ അഭാവം വലിയൊരു ശൂന്യതയായി അനുഭവപ്പെട്ടു. ഈ സാഹചര്യത്തിലാണ് ജോസഫ് മട്ടയ്ക്കൽ ശ്രദ്ധേയമായ സഭാ-സാമുദായിക നേതൃത്വമായി ഉയർന്നുവന്നത്. ന്യൂയോർക്കിലെ ന്യൂ ഹൈഡ് പാർക്ക് കേന്ദ്രമാക്കി പ്രവർത്തിച്ച അദ്ദേഹം, വടക്കേ അമേരിക്കയിലും പിന്നീട് യൂറോപ്പിലും മാർത്തോമ്മാ സഭയുടെ ഭദ്രാസന രൂപീകരണത്തിലേക്ക് നയിച്ച മുന്നേറ്റത്തിന് ശക്തമായ അടിത്തറയിട്ടു.

സ്ഥിരമായ മാർത്തോമ്മാ ആരാധനയ്ക്ക് തുടക്കം: 1972 ഏപ്രിൽ 9

1970-കളുടെ ആരംഭത്തിനു മുമ്പ് അമേരിക്കയിലുണ്ടായിരുന്ന മാർത്തോമ്മാ വിശ്വാസികൾക്ക് സ്ഥിരമായ ആരാധനാസൗകര്യം ലഭ്യമായിരുന്നില്ല. ഇന്ത്യയിൽനിന്ന് മെത്രാന്മാരോ വൈദികരോ വടക്കേ അമേരിക്ക സന്ദർശിക്കുന്ന അവസരങ്ങളിൽ മാത്രമായിരുന്നു പലപ്പോഴും വിശ്വാസികൾ ഒരുമിച്ചുകൂടി ആരാധന നടത്തിയിരുന്നത്.

ഒരു വിശ്വാസ സമൂഹത്തിന്റെ നിലനിൽപ്പിനും വളർച്ചയ്ക്കും ക്രമബദ്ധവും തുടർച്ചയുള്ളതുമായ ആരാധനാജീവിതം അനിവാര്യമാണെന്ന് ജോസഫ് മട്ടയ്ക്കൽ തിരിച്ചറിഞ്ഞു.

1971-ലെ പ്രാരംഭ ചരിത്രപരമായ ആരാധനയ്ക്കുശേഷം, 1972 ഏപ്രിൽ 9-ന് അമേരിക്കയിൽ ക്രമമായ മാർത്തോമ്മാ ആരാധനകൾക്ക് തുടക്കം കുറിക്കുന്നതിൽ അദ്ദേഹം നേതൃത്വം നൽകി.

ആദ്യകാല പ്രവാസി വിശ്വാസികൾ വിവിധ പ്രദേശങ്ങളിലായി താമസിച്ചിരുന്നതിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ പരിഗണിച്ച്, ന്യൂയോർക്കിലെ ജമൈക്ക, ക്വീൻസിലുള്ള ഓൾ സെയിന്റ്സ് ലൂഥറൻ ചർച്ചിൽ ആരാധനയ്ക്കുള്ള സൗകര്യങ്ങൾ അദ്ദേഹം ഒരുക്കി.

മൂന്ന് സംസ്ഥാനങ്ങളിലായി ചിതറിക്കിടന്നിരുന്ന കുടുംബങ്ങൾക്ക് സ്വന്തം ഭാഷയും സംസ്കാരവും വിശ്വാസപാരമ്പര്യവും നിലനിർത്താനുള്ള ആത്മീയ കേന്ദ്രമായി ഈ ദേവാലയം മാറി. അമേരിക്കയിലെ മലങ്കര മാർത്തോമ്മാ വിശ്വാസ സമൂഹത്തിന്റെ സംഘടിത വളർച്ചയ്ക്ക് ഈ ആരാധനാ കൂട്ടായ്മ നിർണായകമായ തുടക്കമായി.

സാധാരണ വിശ്വാസികളുടെ നേതൃത്വത്തിൽ രൂപംകൊണ്ട മുന്നേറ്റം

വടക്കേ അമേരിക്കയിലെ മാർത്തോമ്മാ സഭയുടെ രൂപീകരണ ചരിത്രത്തിന് സവിശേഷമായ ഒരു വശമുണ്ട്. കേരളത്തിലെ സഭയുടെ കേന്ദ്ര നേതൃത്വത്തിൽനിന്നുള്ള ഭരണപരമായ നിർദേശങ്ങളുടെ അടിസ്ഥാനത്തിലല്ല ഈ മുന്നേറ്റം ആരംഭിച്ചത്. അമേരിക്കയിൽ ഇടവകകൾ ഔദ്യോഗികമായി സ്ഥാപിക്കുന്നതിനെക്കുറിച്ച് കേരളത്തിലെ സഭാ അധികാരികൾക്ക് ആദ്യഘട്ടത്തിൽ ചില ആശങ്കകളും സംശയങ്ങളും ഉണ്ടായിരുന്നുവെന്ന് പുസ്തകം ചൂണ്ടിക്കാട്ടുന്നു.

അതിനാൽ അമേരിക്കയിലെ ആദ്യകാല സഭാസമൂഹത്തിന്റെ നിലനിൽപ്പിന്റെയും വളർച്ചയുടെയും ഉത്തരവാദിത്വം പ്രധാനമായും സാധാരണ വിശ്വാസികളാണ് ഏറ്റെടുത്തത്.

ജോസഫ് മട്ടയ്ക്കൽ, ജോർജ് പി. കുര്യൻ, തോമസ് മാത്യു, കോശി പി. തോ

മസ്, മാത്യു വി. സക്കറിയ എന്നിവരടങ്ങിയ ആദ്യകാല വിശ്വാസി നേതാക്കൾ പരസ്പര സഹകരണത്തോടെയാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്.

യോഗങ്ങളുടെ അജണ്ട തയ്യാറാക്കുക, ആരാധനകൾക്കും പ്രാർത്ഥനായോഗങ്ങൾക്കും ആവശ്യമായ ക്രമീകരണങ്ങൾ നടത്തുക, വ്യക്തിപരമായ സാമ്പത്തിക സംഭാവനകൾ സമാഹരിക്കുക, വൈദികരുടെ അഭാവത്തിൽ പ്രാർത്ഥനായോഗങ്ങൾക്ക് നേതൃത്വം നൽകുക തുടങ്ങിയ ഉത്തരവാദിത്വങ്ങൾ ഇവർ ഏറ്റെടുത്തു.

കേരളത്തിലെ മലങ്കര മാർത്തോമ്മാ സഭയുടെ വിശ്വാസപാരമ്പര്യവും നവീകരണദർശനവും ജന്മനാട്ടിൽ നിന്ന് ആയിരക്കണക്കിന് മൈലുകൾ അകലെ അമേരിക്കയിലും നിലനിർത്തി വളർത്താൻ കഴിയുമെന്ന് ഈ കൂട്ടായ പരിശ്രമം തെളിയിച്ചു.

സ്ഥാപനപരമായ പൈതൃകവും ഔദ്യോഗിക അംഗീകാരവും

ജോസഫ് മട്ടയ്ക്കലിന്റെ നേതൃത്വത്തിൽ ന്യൂയോർക്കിലെ കീൻസിൽ ഒത്തുചേർന്ന ചെറിയ വിശ്വാസിസമൂഹം പിന്നീട് ഗ്രേറ്റർ ന്യൂയോർക്കിലെ സെന്റ് തോമസ് മാർത്തോമ്മാ ഇടവകയായി വളർന്നു.

വടക്കേ അമേരിക്കൻ മാർത്തോമ്മാ ഭദ്രാസനത്തിന്റെ ആദ്യകാല വളർച്ചയിൽ നിർണായക പങ്കുവഹിച്ച ഈ ഇടവക മാതൃഇടവകയെന്ന നിലയിൽ പ്രത്യേക പ്രാധാന്യത്തോടെ പരിഗണിക്കപ്പെടുന്നു.

അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുടെ ചരിത്രപ്രാധാന്യം ഇന്ത്യയിലെ പ്രമുഖ സഭാ പ്രസിദ്ധീകരണങ്ങളായ മലങ്കര സഭാതാരക, യുവദീപം എന്നിവയിലും അക്കാലത്ത് രേഖപ്പെടുത്തിയിട്ടുണ്ട്. വരും തലമുറയിലെ ചരിത്രഗവേഷകർക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ അദ്ദേഹത്തിന്റെ സംഭാവനകൾ ഈ പ്രസിദ്ധീകരണങ്ങളിൽ ഇടംപിടിച്ചു.

പതിറ്റാണ്ടുകൾ പിന്നിട്ടിട്ടും ന്യൂയോർക്കിലെ ന്യൂ ഹൈഡ് പാർക്കിലുള്ള മലയാളി സമൂഹത്തിൽ ജോസഫ് മട്ടയ്ക്കൽ ആദരിക്കപ്പെടുന്ന വ്യക്തിത്വമായി തുടരുന്നു. കുടുംബത്തോടൊപ്പം അദ്ദേഹത്തിന്റെ സാമൂഹികവും ആത്മീയവുമായ സംഭാവനകളും ഇന്നും സ്മരിക്കപ്പെടുന്നു.

ന്യൂയോർക്ക് സംസ്ഥാനത്തിന്റെ സാംസ്കാരികവും മതപരവുമായ വൈവിധ്യത്തെ സമ്പന്നമാക്കുന്നതിൽ അദ്ദേഹം നൽകിയ സംഭാവനകൾ പരിഗണിച്ച്, ന്യൂയോർക്ക് സ്റ്റേറ്റ് സെനറ്റ് 2025-J2198 എന്ന ലെജിസ്ലേറ്റീവ് പ്രമേയത്തിലൂടെ അദ്ദേഹത്തെ ഔദ്യോഗികമായി ആദരിക്കുകയും ചെയ്തു.

വിശ്വാസത്തിന്റെയും പാരമ്പര്യത്തിന്റെയും ശാശ്വത പാലം

ആത്മീയമായ അടിത്തറ നഷ്ടപ്പെടുമെന്ന ആശങ്കയിൽ കഴിഞ്ഞിരുന്ന ഒരു പ്രവാസി സമൂഹത്തിന് നിർണായകമായ സമയത്ത് മുന്നിട്ടിറങ്ങി പ്രവർത്തിക്കാൻ തയ്യാറായതിലാണ് ജോസഫ് മട്ടയ്ക്കലിന്റെ നേതൃത്വമികവ്.

1972 ഏപ്രിൽ 9-ന് ക്രമമായ ആരാധനകൾക്ക് തുടക്കം കുറിക്കുന്നതിലൂടെ കേരളത്തിനും ന്യൂയോർക്കിനുമിടയിൽ വിശ്വാസത്തിന്റെയും പാരമ്പര്യത്തിന്റെയും ശാശ്വതമായൊരു പാലം പണിയാൻ അദ്ദേഹത്തിന് സാധിച്ചു.

ഒരു സാധാരണ വിശ്വാസി നേതാവെന്ന നിലയിൽ അദ്ദേഹം കാഴ്ചവെച്ച അചഞ്ചലമായ സമർപ്പണവും ദീർഘവീക്ഷണവും അമേരിക്കയിൽ വളർന്നുവന്ന ഇന്ത്യൻ-അമേരിക്കൻ തലമുറകൾക്ക് ശക്തമായ ആത്മീയ സ്വത്വം പകർന്നുനൽകാൻ സഹായിച്ചു.

വടക്കേ അമേരിക്കയിലെ മാർത്തോമ്മാ സഭയുടെ വളർച്ചയുടെയും ചരിത്രത്തിന്റെയും ഏടുകളിൽ ഒഴിവാക്കാനാവാത്ത സ്ഥാനമാണ് ജോസഫ് മട്ടയ്ക്കലിനുള്ളത്. ആദ്യകാല പ്രവാസി വിശ്വാസികളുടെ കൂട്ടായ പരിശ്രമങ്ങൾക്ക് നേതൃത്വം നൽകിയ ഒരാളെന്ന നിലയിൽ അദ്ദേഹത്തിന്റെ സംഭാവനകൾ ചരിത്രത്തിൽ എന്നും സ്മരിക്കപ്പെടും.

MALABAR
GOLD & DIAMONDS

THE SEASON OF
JEWELLERY
THE SEASON OF
OFFERS

FREE
GOLD COINS
WITH DIAMOND
AND PRECIOUS GEM
JEWELLERY PURCHASE

Offer valid
until 8th November 2026

*T&C Apply

ട്രംപിനപ്പുറം, അമേരിക്ക നൽകുന്ന സന്ദേശം





വാൽക്കണ്ണാടി

കോരസൺ

അമേരിക്കയിലെ ഇടക്കാല തിരഞ്ഞെടുപ്പുഫലത്തെ ഡോണൾഡ് ട്രംപിന്റെ വീഴ്ചയുടെ കഥയായി മാത്രം വായിച്ചാൽ, അതിലെ വലിയ സന്ദേശം നാം കാണാതെ പോകും. വ്യക്തികളുടെ ജയപരാജയങ്ങൾക്കപ്പുറം, അധികാരത്തെ തിരുത്താനും അതിനു പരിധി നിശ്ചയിക്കാനുമുള്ള ജനങ്ങളുടെ അവകാശമാണ് ഇവിടെ ശ്രദ്ധിക്കേണ്ടത്. ഒരു നേതാവിനെ ഉയർത്തിയ അതേ ജനാധിപത്യത്തിന്, അദ്ദേഹത്തിന്റെ വഴിയിൽ മുന്നറിയിപ്പിന്റെ വിളക്കുകൾ തെളിക്കാനും കഴിയും. അതാണ് ഈ സംവിധാനത്തിന്റെ സൗന്ദര്യം.

നവംബർ മൂന്നിലെ തിരഞ്ഞെടുപ്പിൽ ജനപ്രതിനിധി സഭയിലും സെനറ്റിലും ഡെമോക്രാറ്റുകൾ ഭൂരിപക്ഷം നേടിയതായി പ്രധാന വാർത്താ ഏജൻസികൾ റിപ്പോർട്ട് ചെയ്യുന്നു. ചില മത്സരങ്ങളുടെ അന്തിമഫലം ഇനിയും വരാനുണ്ടെങ്കിലും, വാഷിങ്ടണിലെ അധികാരസന്തുലനം മാറുകയാണ്. ജീവിതച്ചെലവും ഭരണത്തിന്റെ ഉത്തരവാദിത്വവും യുദ്ധത്തെക്കുറിച്ചുള്ള ആശങ്കകളും ഈ ജനവിധിയുടെ പശ്ചാത്തലത്തിൽ ഉയർന്നുനിൽക്കുന്നു.

എന്നാൽ ഇതോടെ ട്രംപ എന്ന രാഷ്ട്രീയ അധ്യായം അവസാനിച്ചുവെന്ന് വിധിയെഴുതുന്നത് തിടുക്കമായിരിക്കും. തിരിച്ചടികളിൽനിന്ന് തിരിച്ചുവരാനുള്ള അദ്ദേഹത്തിന്റെ കഴിവിനെ ചെറുതായി കാണാനാവില്ല. അദ്ദേഹത്തിന്റെ നിലപാടുകളോട് വിയോജിക്കുമ്പോഴും, അനുയായികളെ സജ്ജരാക്കാനുള്ള ശേഷിയും പോരാട്ടവീര്യവും തിരിച്ചറിയണം. ഒരു നേതാവിനെ വിമർശിക്കാൻ ആദ്യം അദ്ദേഹത്തെ ബുദ്ധിശൂന്യനായി ചിത്രീകരിക്കേണ്ടതില്ല. അത്തരം വിലയിരുത്തലുകൾ വിമർശകന്റെ ആശ്വാസത്തിനാണ് ഉപകരിക്കുക; രാഷ്ട്രീയത്തെ മനസ്സിലാക്കാൻ അത്രയൊന്നും സഹായിക്കില്ല.

ഭരണകക്ഷിക്കെതിരായ ഒരു തിരുത്തൽ അപ്രതീക്ഷിതമായിരിക്കണമെന്നില്ല. അതിന്റെ വ്യാപ്തിയാണ് പലരെയും അമ്പരപ്പിച്ചിരിക്കുന്നത്. ട്രംപ് വ്യക്തിപരമായി എത്രത്തോളം തിരിച്ചടി പ്രതീക്ഷിച്ചിരുന്നു എന്നത് നമുക്കറിയില്ല. എന്നാൽ ജനങ്ങളുടെ അസംതൃപ്തി തിരിച്ചറിയാൻ ജ്യോതിഷപ്രവചനത്തിന്റെ കൃത്യതയൊന്നും ആവശ്യമില്ല. പലപ്പോഴും അതിന്റെ സൂചനകൾ സാധാരണ ജീവിതത്തിൽത്തന്നെയുണ്ട്.

മൂന്നര പതിറ്റാണ്ടായി അമേരിക്കയിൽ ജീവിക്കുന്ന ഒരു മലയാളി എന്ന നിലയിൽ, ഈ രാജ്യത്തിന്റെ ശക്തി ഏറ്റവും അടുത്തറിയുന്നത് അതിന്റെ വലിയ പ്രസംഗങ്ങളിൽനിന്നല്ല. ജോലി ചെയ്തു കുടുംബം പുലർത്തുന്നവരിലും, വ്യത്യസ്ത വിശ്വാസങ്ങളോടെ അയൽക്കാരായി ജീവിക്കുന്നവരിലും, ഭരണത്തെ വിമർശിച്ചുകൊണ്ടുതന്നെ രാജ്യത്തെ സ്നേഹിക്കുന്നവരിലുമാണ് അതു കാണുന്നത്. അവരുടെ വിശ്വാസം ഒരു വ്യക്തിയിലോ പാർട്ടിയിലോ മാത്രം ഒതുങ്ങുമ്പോഴാണ് അമേരിക്കൻ ആശയം ചുരുങ്ങുന്നത്.

അമേരിക്കയുടെ ചരിത്രം മുറിവുകളില്ലാത്ത വിജയഗാഥയല്ല. അടിമത്തവും ആഭ്യന്തരയുദ്ധവും വംശീയ അനീതിയും അതിന്റെ ചരിത്രത്തിലുണ്ട്. നീതിക്കും പൗരാവകാശങ്ങൾക്കും വേണ്ടിയുള്ള സമരങ്ങൾ ആ മുറിവുകളെ പൊതുസമൂഹത്തിന്റെ മുന്നിൽ കൊണ്ടുവന്നു. പ്രതിസന്ധികളെ അതിജീവിച്ച ഏക രാഷ്ട്രമാണ് അമേരിക്ക എന്നു പറയേണ്ടതില്ല. സ്വന്തം ആദർശങ്ങളുമായുള്ള അകലം ചോദ്യം ചെയ്യാനും, വലിയ പോരാട്ടങ്ങളിലൂടെ ആ ആദർശങ്ങളുടെ പരിധി വികസിപ്പിക്കാനും അതിനായിട്ടുണ്ട് എന്നതാണ് പ്രധാനം.

അതിനാൽ അമേരിക്കൻ ജനാധിപത്യത്തെ സ്നേഹിക്കുക എന്നത് അതിലെ എല്ലാ പ്രവൃത്തികളെയും ന്യായീകരിക്കലല്ല. അതിന്റെ വാഗ്ദാനങ്ങൾ ആരിലേക്കാണ് എത്താത്തതെന്ന് ചോദിക്കുന്നതും അതേ സ്നേഹത്തിന്റെ ഭാഗമാണ്. ഒരു കുടിയേറ്റക്കാരന് അമേരിക്ക അവസരത്തിന്റെ പേരാണ്; അതേസമയം, ആ അവസരം അടുത്ത തലമുറയ്ക്കും ലഭിക്കുമോ എന്ന ഉത്കണ്ഠയുടെ പേരുമാണ്.

വോട്ടർ സാമ്പത്തികശാസ്ത്രത്തിന്റെ എല്ലാ സൂചികകളും പഠിച്ചിട്ടാവണമെന്നില്ല പോളിങ് ബൂത്തിലെത്തുന്നത്. കടയിൽ നൽകുന്ന തുകയും വീടിന്റെ വാടകയും ചികിത്സയുടെ ചെലവും മക്കളുടെ ഭാവിയെക്കുറിച്ചുള്ള ആശങ്കയും അയാൾക്കറിയാം. സാമ്പത്തിക വളർച്ചയുടെ കണക്കുകൾ എത്ര മനോഹരമായാലും, കുടുംബത്തിന്റെ കണക്കുപുസ്തകം ചേരുന്നില്ലെങ്കിൽ ഭരണത്തിന്റെ വിശദീകരണങ്ങൾ വിശ്വാസം നേടുക പ്രയാസമാണ്.

ഈ അനുഭവത്തെ ട്രംപിന്റെ സ്വഭാവത്തിലേക്ക് മാത്രം ചുരുക്കാനാവില്ല. ആഗോളവൽക്കരണം സൃഷ്ടിച്ച അവസരങ്ങളും അതിന്റെ നേട്ടങ്ങൾ തുല്യമായി പങ്കിടപ്പെടുന്നില്ലെന്ന പരാതിയും ഒരുമിച്ചാണ് നാം കേൾക്കുന്നത്. സാങ്കേതികവിദ്യ സൗകര്യങ്ങൾ നൽകുമ്പോൾ തൊഴിൽ സുരക്ഷയെക്കുറിച്ചുള്ള ഭയവും ഉയരുന്നു. വേഗത്തിൽ മാറുന്ന സമൂഹത്തിൽ സ്വന്തം ശബ്ദവും സ്ഥാനവും നഷ്ടപ്പെടുന്നുവെന്ന് കരുതുന്നവരുണ്ട്. അവരുടെ ആശങ്കകളെ മുഴുവൻ അറിവില്ലായ്മയായി തള്ളിയാൽ, രാഷ്ട്രീയത്തിലെ അസ്വസ്ഥതയുടെ വേരുകൾ കാണാനാവില്ല.



എന്റെ വായനയിൽ, ഈ തിരമാലയുടെ ശക്തനായ പ്രതീകമാണ് ട്രംപ്. അതിന്റെ ഏക സ്രഷ്ടാവല്ല. അദ്ദേഹം രാഷ്ട്രീയവേദിയിൽനിന്ന് മാറിയാലും, ആ അസ്വസ്ഥതകളെല്ലാം ഒപ്പം അപ്രത്യക്ഷമാകില്ല. അതിനാൽ അദ്ദേഹത്തെ തോൽപ്പിക്കുക മാത്രമാണ് പരിഹാരമെന്നു

കരുതുന്നവർ, അദ്ദേഹത്തെ ശക്തനാക്കിയ സാഹചര്യങ്ങളെക്കുറിച്ചും ചിന്തിക്കണം. അതുപോലെ, എല്ലാ പ്രശ്നങ്ങൾക്കും ഒരു നേതാവിന്റെ ഇച്ഛാശക്തി മാത്രം മതിയെന്ന വിശ്വാസവും പരിശോധിക്കപ്പെടണം.

ഇതുപറയുന്നത് ട്രംപിന് കൈയടിക്കാനല്ല. ഒരു സാമൂഹിക അസ്വസ്ഥതയെ മനസ്സിലാക്കുന്നത് അതിന്റെ പേരിൽ നടക്കുന്ന എല്ലാ രാഷ്ട്രീയപ്രവൃത്തികളെയും അംഗീകരിക്കലുമല്ല. നേതാവിന്റെ തിരിച്ചുവരവിനുള്ള കഴിവിനെ അംഗീകരിച്ചുകൊണ്ടുതന്നെ, അദ്ദേഹത്തിന്റെ തീരുമാനങ്ങളുടെ ഫലത്തെ കർശനമായി ചോദ്യം ചെയ്യാം. ജനാധിപത്യത്തിൽ വ്യക്തിയുടെ കരുത്തും പൊതുജീവിതത്തോടുള്ള ഉത്തരവാദിത്വവും ഒരേ അളവുകോലല്ല.

ഈ ജനവിധി വിജയിച്ച ഡെമോക്രാറ്റുകൾക്കും ഒരു പരീക്ഷണമാണ്. എതിരാളിയോടുള്ള വിരോധം കൊണ്ട് ലഭിക്കുന്ന പിന്തുണയെ സ്ഥിരമായ വിശ്വാസമായി തെറ്റിദ്ധരിക്കരുത്. ഭരണത്തെ പരിശോധിക്കാനും അധികാരദുർവിനിയോഗം തടയാനും അവർക്ക് ബാധ്യതയുണ്ട്. അതിനൊപ്പം, സാധാരണ കുടുംബങ്ങളുടെ ജീവിതം മെച്ചപ്പെടുത്താനുള്ള പ്രായോഗിക നിർദേശങ്ങളും വേണം. ജനങ്ങളുടെ ദുരിതം അടുത്ത തിരഞ്ഞെടുപ്പുവരെ സൂക്ഷിക്കാനുള്ള രാഷ്ട്രീയ മൂലധനമല്ല.

പ്രസിഡന്റും കോൺഗ്രസും വ്യത്യസ്ത പാർട്ടികളുടെ നിയന്ത്രണത്തിലാകുന്നത് ജനാധിപത്യത്തിലെ തകരാറായി മാത്രം കാണേണ്ടതില്ല. അധികാരം പങ്കിടപ്പെടുന്നതിന്റെ അർഥം, തീരുമാനങ്ങൾ ചർച്ചയിലൂടെയും പരിശോധനയിലൂടെയും കടന്നുപോകണം എന്നതാണ്. എന്നാൽ അതിനെ നിരന്തരമായ പ്രതികാരത്തിന്റെയും തടസ്സപ്പെടുത്തലിന്റെയും ആയുധമാക്കിയാൽ വില നൽകേണ്ടിവരുന്നത് ജനങ്ങളാണ്. നിയന്ത്രണവും സഹകരണവും ഒരുമിച്ച് സാധ്യമാക്കുന്നതാണ് രാഷ്ട്രീയപക്വത.

അമേരിക്കയിലെ ഈ ചർച്ച അതിന്റെ അതിർത്തിയിൽ അവസാനിക്കുന്നില്ല. വ്യാപാരം, ഊർജം, തൊഴിൽ, കുടിയേറ്റം, വിദ്യാഭ്യാസം എന്നിവയിലൂടെ ലോകത്തെ കുടുംബങ്ങൾ പരസ്പരം ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നു. വാഷിങ്ടണിലെ ഒരു നയമാറ്റത്തിന്റെ പ്രതിഫലം ന്യൂയോർക്കിലെ ഒരു വീട്ടിലും കേരളത്തിലെ ഒരു പ്രവാസികുടുംബത്തിലും വ്യത്യസ്ത രൂപത്തിൽ എത്താം. ലോകത്തെക്കുറിച്ചുള്ള ചിന്ത ഇന്ന് വിദേശകാര്യവിദഗ്ധരുടെ മാത്രം വിഷയമല്ല; അത് കുടുംബത്തിന്റെ ഭാവിയെക്കുറിച്ചുള്ള ചിന്ത കൂടിയാണ്.

ഇന്നത്തെ സംഘർഷങ്ങളിൽ അതിർത്തികൾക്കും ഭൂപ്രദേശത്തിനും പ്രാധാന്യമില്ലെന്നു പറയാനാവില്ല. എന്നാൽ ഭൂമിക്കുവേണ്ടിയുള്ള പോരാട്ടത്തോടൊപ്പം മനുഷ്യരുടെ മനസ്സിലും ഏറ്റുമുട്ടൽ നടക്കുന്നുണ്ട്. അപമാനിക്കപ്പെട്ടുവെന്ന ബോധവും നഷ്ടഭയവും മതപരവും ദേശീയവുമായ അസുരക്ഷിതത്വവും രാഷ്ട്രീയത്തെ സ്വാധീനിക്കുന്നു. ആയുധംകൊണ്ട് നേടിയ മേൽക്കൈ മാത്രം ഈ മനസ്സുകളെ സമാധാനത്തിലാക്കണമെന്നില്ല.

അതുകൊണ്ടാണ് ചിന്തയിൽ മിതത്വവും സമീപനത്തിൽ സംയമനവും വേണ്ടത്.

അതിന്റെ അർഥം അനീതിയോടു വിട്ടുവീഴ്ച ചെയ്യുക എന്നല്ല. തെളിവിന്റെ മുന്നിൽ സ്വന്തം നിലപാട് തിരുത്താനും, എതിരാളിയുടെ മനുഷ്യത്വം അംഗീകരിക്കാനും, അഭിപ്രായവ്യത്യാസത്തെ ശത്രുതയാക്കി വളർത്താതിരിക്കാനുമുള്ള പക്വതയാണ് അത്. അഭിമാനത്തിന് അഹങ്കാരത്തിന്റെ ഭാഷ ആവശ്യമില്ല; രാജ്യസ്നേഹത്തിന് മറ്റു ജനതകളോടുള്ള വെറുപ്പും ആവശ്യമില്ല.

ചരിത്രം നമുക്ക് അനുഭവങ്ങളും മുന്നറിയിപ്പുകളും നൽകുന്നു. എന്നാൽ ഇന്നത്തെ എല്ലാ പ്രശ്നങ്ങൾക്കും തയ്യാറാക്കിയ ഉത്തരപ്പുസ്തകം അതിന്റെ കൈയിലില്ല. കൃത്രിമബുദ്ധിയും ഡിജിറ്റൽ പ്രചാരണവും പരസ്പരാശ്രിതമായ സമ്പദ്‌വ്യവസ്ഥയും ചേർന്ന ലോകത്തിൽ പുതിയ തീരുമാനങ്ങൾ വേണ്ടിവരും. പഴയ മുദ്രാവാക്യങ്ങൾ മാത്രം ആവർത്തിച്ചുകൊണ്ട് പുതിയ തലമുറയുടെ ഭാവി നിർമിക്കാനാവില്ല.

അമേരിക്ക വീണ്ടും മഹത്തരമാകണം എന്ന ആഗ്രഹത്തെക്കുറിച്ച് തർക്കിക്കാം. എന്നാൽ മഹത്വം അളക്കുന്നത് ആരുടെ ജീവിതം നോക്കിയാണ് എന്ന ചോദ്യം ഒഴിവാക്കരുത്. സാധാരണക്കാരന് അന്തസ്സോടെ ജീവിക്കാനും ന്യൂനപക്ഷത്തിന് ഭയമില്ലാതെ നടക്കാനും അടുത്ത തലമുറയ്ക്ക് പ്രതീക്ഷയോടെ വളരാനും കഴിയുന്നിടത്താണ് ഒരു രാജ്യത്തിന്റെ മഹത്വം മനുഷ്യർ അനുഭവിക്കുന്നത്.

ഈ തിരഞ്ഞെടുപ്പിനെ ഞാൻ കാണുന്നത് ട്രംപിന്റെ വീഴ്ച ആഘോഷിക്കാനുള്ള അവസരമായല്ല; അധികാരത്തോട് തിരുത്തൽ ആവശ്യപ്പെടുന്ന ജനങ്ങളുടെ ശബ്ദമായാണ്. ആ ശബ്ദം കേൾക്കേണ്ടത് തോറ്റവർ മാത്രമല്ല, ജയിച്ചവരും കൂടിയാണ്. വലിയതും മനോഹരവുമായ ഒരു ഭാവിയെക്കുറിച്ച് ലോകത്തിന് ഇനിയും സ്വപ്നം കാണാം. ആ സ്വപ്നത്തിൽ വ്യത്യസ്തരായ മനുഷ്യർക്കും ഇടമുണ്ടാകുമ്പോഴാണ് അതിന് ഭംഗിയുണ്ടാകുന്നത്.

NEW CAR KEYS

ARE KEY TO SAVING ON CAR INSURANCE

Call me today to see
How much you can save with
Allstate's New Car Discount



Allstate®
You're in good hands.

CALL
718 831 6500

Joseph V Thomas
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com

30 Plus years in Insurance Business

We Offer 6 Hours Defensive Driving Course in NY/NJ

ചരിത്രനേട്ടങ്ങളുമായി കറുത്തവർഗക്കാരും തദ്ദേശീയരും ലാറ്റിനോ വിഭാഗക്കാരും LGBTQ പ്രതിനിധികളും



വാഷിങ്ടൺ: 2026ലെ ഇടക്കാല തിരഞ്ഞെടുപ്പിൽ വിവിധ വംശീയ, സാമൂഹിക വിഭാഗങ്ങളിൽ നിന്നുള്ള സ്ഥാനാർഥികൾ ചരിത്ര നേട്ടങ്ങൾ സ്വന്തമാക്കി. കറുത്തവർഗക്കാർ, തദ്ദേശീയ അമേരിക്കക്കാർ, ലാറ്റിനോ വിഭാഗക്കാർ, LGBTQ സമൂഹം എന്നിവർക്കു രാഷ്ട്രീയ പ്രാതിനിധ്യത്തിൽ പുതിയ അധ്യായം തുറന്നുകൊണ്ടാണ് ഇത്തവണത്തെ തിരഞ്ഞെടുപ്പ് ശ്രദ്ധേയമായത്.

ജോർജിയയിൽ ഡെമോക്രാറ്റിക് സ്ഥാനാർഥി കീഷ ലാൻസ് ബോട്ടംസ് അമേരിക്കൻ ചരിത്രത്തിലെ ആദ്യ കറുത്തവർഗക്കാരിയായ വനിതാ ഗവർണറായി തിരഞ്ഞെടുക്കപ്പെട്ടു. മുൻ അറ്റ്‌ലാന്റ മേയറായിരുന്ന അവർ റിപ്പബ്ലിക്കൻ സ്ഥാനാർഥി റിക്ക് ജാക്സണെയാണ് പരാജയപ്പെടുത്തിയത്. 1998നുശേഷം ആദ്യമായാണ് ജോർജിയയിൽ ഡെമോക്രാറ്റുകൾ ഗവർണർ സ്ഥാനം നേടുന്നത്.

ന്യൂമെക് സിക്കോയിൽ ഡെമോക്രാറ്റിക് സ്ഥാനാർഥി ഡെബ് ഹാലൻഡ് ഒരു യുഎസ് സംസ്ഥാനത്തിന്റെ ഗവർണറാകുന്ന ആദ്യ തദ്ദേശീയ അമേരിക്കൻ വനിതയായി. മുൻ പ്രസിഡന്റ് ജോ ബൈഡന്റെ ഭരണകാലത്ത് ആഭ്യന്തര സെക്രട്ടറിയായിരുന്ന ഹാലൻഡ്,

ലഗൂണ പ്യൂബ്ലോ ഗോത്ര വിഭാഗത്തിൽപ്പെട്ടയാളാണ്.

ടെക്സസിൽ ഗിന ഹിനോജോസ ആദ്യ ലാറ്റിന വനിതാ ഗവർണറായി തിരഞ്ഞെടുക്കപ്പെട്ടു. റിപ്പബ്ലിക്കൻ സ്ഥാനാർഥിയും നിലവിലെ ഗവർണറുമായ ഗ്രെഗ് ആബട്ടിനെയാണ് അവർ പരാജയപ്പെടുത്തിയത്. മൂന്ന് പതിറ്റാണ്ടിലേറെയായി റിപ്പബ്ലിക്കൻ നിയന്ത്രണത്തിലായിരുന്ന ഗവർണർ പദവിയും ഡെമോക്രാറ്റുകൾ തിരിച്ചു പിടിച്ചു.

ഫ്ലോറിഡയിൽ റിപ്പബ്ലിക്കൻ സ്ഥാനാർഥി ബൈറൺ ഡൊണാൾഡ്സ് സംസ്ഥാനത്തിന്റെ ആദ്യ കറുത്തവർഗക്കാരനായ ഗവർണറായി തിരഞ്ഞെടുക്കപ്പെട്ടു. അമേരിക്കയിൽ ഗവർണറാകുന്ന ആദ്യ കറുത്തവർഗക്കാരനായ റിപ്പബ്ലിക്കൻ നേതാവെന്ന നേട്ടവും അദ്ദേഹത്തിന് സ്വന്തമായി.

മിനസോട്ടയിൽ ആമി ക്ലോബുചാർ സംസ്ഥാനത്തിന്റെ ആദ്യ വനിതാ ഗവർണറായി തിരഞ്ഞെടുക്കപ്പെട്ടു.

സെനറ്റ് തിരഞ്ഞെടുപ്പിലും നിരവധി ചരിത്രനേട്ടങ്ങളുണ്ടായി. മിനസോട്ട ലെഫ്റ്റനന്റ് ഗവർണറായ പെഗ്ഗി ഫ്ലാനഗൻ യുഎസ് സെനറ്റിലെത്തുന്ന ആദ്യ തദ്ദേശീയ അമേരിക്കൻ വനിതയായി.

ന്യൂഹാംഷെയറിൽ ക്രിസ് പപ്പാസ് വിജയിച്ചതോടെ യുഎസ് സെനറ്റിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന ആദ്യ സ്വവർഗാനുരാഗിയായ പുരുഷനെന്ന നേട്ടം സ്വന്തമാക്കി.

മിഷിഗണിൽ അബ്ദുൾ എൽ-സയ്യിദ് വിജയിച്ചതോടെ യുഎസ് സെനറ്റിലെത്തുന്ന ആദ്യ മുസ്ലിം അമേരിക്കക്കാരനായി. കാൻസസിൽ ആദം ഹാമിൽട്ടന്റെ വിജയം 1932നുശേഷം സംസ്ഥാനത്ത് ഡെമോക്രാറ്റുകൾക്ക് ലഭിക്കുന്ന ആദ്യ സെനറ്റ് വിജയമാണ്.

ടെക്സസിൽ ജെയിംസ് തലാരിക്കോയുടെ വിജയത്തോടെ 1988നുശേഷം ആദ്യമായി ഡെമോക്രാറ്റിക് സ്ഥാനാർഥി സംസ്ഥാനത്തെ സെനറ്റ് സീറ്റ് നേടി. സൗത്ത് കരോലിനയിൽ ആനി ആൻഡ്രൂസ് വിജയിച്ചതോടെ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് സെനറ്റിലെത്തുന്ന ആദ്യ വനിതയെന്ന നേട്ടവും സ്വന്തമായി.

ഇല്ലിനോയിയിൽ ജൂലിയാന സ്ട്രാറ്റന്റെ വിജയത്തോടെ സംസ്ഥാനത്തെ സെനറ്റ് പ്രതിനിധികളിൽ രണ്ട് കറുത്തവർഗക്കാരായ വനിതകൾ ഉണ്ടാകുന്ന സാഹചര്യമുണ്ടായി.

കാലിഫോർണിയയിൽ സേവ്യർ ബെസെറ ഗവർണറായി തിരഞ്ഞെടുക്കപ്പെട്ടതോടെ 19-ാം നൂറ്റാണ്ടിന്റെ അവസാനത്തിനുശേഷം സംസ്ഥാനത്തിന് ആദ്യ ലാറ്റിനോ ഗവർണറെ ലഭിക്കും.

ഹൗസിൽ ഡെമോക്രാറ്റുകൾക്ക് ഭൂരിപക്ഷം ലഭിക്കുകയും പാർട്ടി അംഗങ്ങൾ ഹക്കീം ജെഫ്രീസിനെ സ്പീക്കറായി തിരഞ്ഞെടുക്കുകയും ചെയ്താൽ യുഎസ് ചരിത്രത്തിലെ ആദ്യ കറുത്തവർഗക്കാരനായ ഹൗസ് സ്പീക്കറെന്ന നേട്ടവും അദ്ദേഹത്തെ കാത്തിരിക്കുന്നു.

അമേരിക്കൻ രാഷ്ട്രീയത്തിൽ സ്ത്രീകളുടെയും വംശീയ ന്യൂനപക്ഷങ്ങളുടെയും വിവിധ സാമൂഹിക വിഭാഗങ്ങളുടെയും പ്രാതിനിധ്യം വർധിക്കുന്നതിന്റെ സൂചനയായാണ് ഈ തിരഞ്ഞെടുപ്പ് നേട്ടങ്ങൾ വിലയിരുത്തപ്പെടുന്നത്.



ഭരണകൂടം കാട്ടിയ ക്രൂരതകൾക്കു ശക്തമായി മറുപടി നൽകി അമേരിക്കൻ ജനത (പിപിഎം)

വഞ്ചിക്കപ്പെട്ട ജനതയുടെ പ്രതികാരമാണ് ചൊവാഴ്ച്ച രാത്രി അമേരിക്കയിൽ കണ്ടതെന്നു പറയുന്നത് തെല്ലും അതിശയോക്തി ആവില്ല. ഡെമോക്രാറ്റുകളോടുള്ള കടുത്ത ആരാധനയല്ല ഈ വിധിയെഴുത്തിനു പിന്നിലെന്ന് ആരും പറഞ്ഞു വയ്ക്കാതെ തന്നെ വ്യക്തമാണ്. രണ്ടു വർഷം മുൻപ് അധികാരത്തിലേറുമ്പോൾ ഉയർത്തിയ പ്രതീക്ഷകൾ മുഴുവൻ കാറ്റിൽ പറത്തി അധികാരം തലയ്ക്കു പിടിച്ച പോലെ നീതിയും യുക്തിയും ഇല്ലാതെ അഴിഞ്ഞാടുകയായിരുന്നു പ്രസിഡന്റ് ട്രംപും അദ്ദേഹത്തിന്റെ കൂട്ടാളികളും എന്നത് എടുത്തു പറയാനുമില്ല.

ആ സമീപനം ജനത്തിനു ജീവിതം ദുസ്സഹമാക്കി എന്ന സത്യം ബാക്കി നിൽക്കെ അതിന്റെ തിരിച്ചടിയാണ് ചൊവ്വാഴ്ച്ച രാത്രി കണ്ടതെന്നു ലോകം വിലയിരുത്തി കഴിഞ്ഞു. താൻ ബാലറ്റിൽ ഉണ്ടെന്നു സങ്കൽപിച്ചു വോട്ട് ചെയ്യാൻ 47 പ്രാവശ്യം (ന്യൂയോർക്ക് ടൈംസ് കണക്ക്) ആഹ്വാനം ചെയ്ത ട്രംപ് തോൽവിക്കു മുന്നിൽ യാതൊരു കൂസലും കാട്ടാതെ പറഞ്ഞതോ, തന്നെക്കുറിച്ചായിരുന്നില്ല ഈ ജനവിധി എന്നാണ്.

അദ്ദേഹം പ്രചാരണം നടത്തിയതു കൊണ്ടു മാത്രം തോറ്റ റിപ്പബ്ലിക്കൻ സ്ഥാനാർഥികൾ ഉണ്ടെന്ന വസ്തുത നിലനിൽക്കെയാണ് ആ കൈകഴുകൽ.



പച്ചക്കള്ളം പറയുന്നതും ജനം കേട്ടു

വിലകൾ കുത്തനെ ഉയരുമ്പോൾ അവ നിയന്ത്രിക്കുന്നതിനു പകരം വിലകൾ കുത്തനെ താഴോട്ടാണ് എന്നു പച്ചക്കള്ളം പറയുന്നതും ജനം കേട്ടു. അമേരിക്കയ്ക്കു യാതൊരു ആവശ്യവും ഇല്ലാത്ത ഇറാൻ യുദ്ധത്തിനു പോയതു കൊണ്ടു വന്ന ദുരിതങ്ങളും ജനത്തിന്റെ ചുമലിൽ തന്നെ വീണു. അതിനെല്ലാം പുറമെയാണ് ട്രംപും കുടുംബവും കൂടി ഉൾപ്പെട്ട നിരവധി അഴിമതി ആരോപണങ്ങൾ.

അനധികൃത കുടിയേറ്റക്കാരെ കണ്ടെത്താൻ എന്ന പേരിൽ മുഖം മറച്ച ഫെഡറൽ ഏജന്റുമാർ നടത്തിയ വേട്ടകൾ ഒരു ജനാധിപത്യ സമൂഹത്തിനും അംഗീകരിക്കാൻ കഴിയുന്നതായിരുന്നില്ല. യുഎസ് പൗരന്മാരെ വരെ അവർ വെടിവച്ചു കൊന്നു.

ജനാധിപത്യത്തിൽ എപ്പോഴും ബദൽ ഉണ്ടെന്ന സത്യം വീണ്ടും തെളിഞ്ഞു. ഡെമോക്രാറ്റുകൾക്കു ജനം യുഎസ് കോൺഗ്രസിന്റെ ഇരു സഭകളും ഏല്പിച്ചു കൊടുക്കയാണ് ചെയ്തത്. റിപ്പബ്ലിക്കൻ ഉരുക്കു കോട്ടകൾ നെടുകെ പിളർന്നപ്പോൾ ഗവർണർ മന്ദിരങ്ങളും ഡെമോക്രാറ്റുകൾ പിടിച്ചു.

അമ്പരപ്പിച്ച ടെക്സസ്

ടെക്സസ് ആണ് അമ്പരപ്പിക്കുന്ന ഫലങ്ങൾ നൽകിയ ഒരു സംസ്ഥാനം. പതിറ്റാണ്ടുകളായി റിപ്പബ്ലിക്കൻ കോട്ടയായിരുന്ന സംസ്ഥാനത്തു രാഷ്ട്രീയ ശക്തി കേന്ദ്രമായിരുന്ന ഗവർണർ ഗ്രെഗ് ആബട്ട് പോലും മൂക്കും കുത്തി വീണു. അഴിമതി കുറ്റം തെളിഞ്ഞ അറ്റോണി ജനറൽ കെൻ പാക്സ്റ്റൻ ട്രംപിനോടുള്ള അടുപ്പം കൊണ്ടു സെനറ്റ് സ്ഥാനാർഥി ആയെങ്കിലും ജനം അതിനൊരു വിലയും കൽപിച്ചില്ല.

പണം ജനത്തിനു പുല്ലാണെന്നും ടെക്സസ് തെളിയിച്ചു. ഇലോൺ മസ്ക് റിപ്പബ്ലിക്കൻ പാർട്ടിക്കു വേണ്ടി ഏറ്റവുമധികം ഡോളറുകൾ വാരിയെറിഞ്ഞത് ടെക്സസിൽ ആയിരുന്നു. അതൊക്കെ വെള്ളത്തിൽ ഒഴുകിപ്പോയി. മാത്രമല്ല, ഡെമോക്രാറ്റുകൾ ഉടൻ ആരംഭിക്കുന്ന അന്വേഷണങ്ങളിൽ ഒരു പ്രധാന പ്രതി മസ്ക് ആയിരിക്കും എന്നും പ്രതീക്ഷിക്കാം.

ബാധ്യതയാവുന്ന ട്രംപ്

സൗത്ത് കരളിനയാണ് മറ്റൊരു വമ്പൻ അട്ടിമറി കണ്ടത്. ദീർഘകാലം റിപ്പബ്ലിക്കൻ സെനറ്ററായി ട്രംപിന്റെ ഉറ്റ സുഹൃത്തായിരുന്ന ലിൻഡ്സെ ഗ്രെയമിന്റെ നിര്യാണം മൂലം ഒഴിവ് വന്ന സെനറ്റ് സീറ്റിൽ അദ്ദേഹത്തിന്റെ സഹോദരിയാണ് തോറ്റത്. ട്രംപിനു വേണ്ടപ്പെട്ടവർക്ക് അദ്ദേഹം ബാധ്യതയാവുന്നതിന്റെ മറ്റൊരു ഉദാഹരണം. ഡെമോക്രാറ്റ് ആനി ആൻഡ്രൂസ് വിജയ പ്രസംഗത്തിൽ പറഞ്ഞത് താൻ 'വാഷിംഗ്ടണിൽ ആരുടെയോ' സ്ഥാനാർഥി ആയിരുന്നില്ല എന്നാണ്.

ഡെമോക്രാറ്റിക് പാർട്ടിയിൽ ശക്തി പ്രാപിച്ചിട്ടുള്ള സോഷ്യലിസ്റ്റ് വിഭാഗത്തിൽ നിന്നുള്ള അബ്ദുൽ എൽ സായിദ് മിഷിഗണിൽ നിന്നു സെനറ്റിലേക്കു മത്സരിച്ചത് കടുത്ത ആക്രമണം നേരിട്ടാണ്. മുസ്ലിം ആയ അദ്ദേഹം ഭീകരവാദിയാണ് എന്നു വരെ പറഞ്ഞു വയ്ക്കാൻ ട്രംപ് മടിച്ചില്ല. സായിദിനോടു പ്രൈമറിയിൽ തോറ്റ ഹേലി സ്റ്റീവൻസ് കാലുമാറി റിപ്പബ്ലിക്കൻ സ്ഥാനാർഥി മൈക്ക് റോജേഴ്സിനെ പിന്തുണച്ചെങ്കിലും കടുത്ത പോരാട്ടത്തിൽ സായിദ് തന്നെ ജയിച്ചു. അങ്ങിനെ യുഎസ് സെനറ്റിൽ ആദ്യമായി മുസ്ലിം അംഗമുണ്ടായി.



മെയ്നിൽ സെനറ്റിലെ ആദരവുള്ള അംഗമായ സൂസൻ കോളിൻസ് വീണു. ട്രംപിനെ എതിർത്തിരുന്നു എന്നതല്ല കാരണം. ഡെമോക്രാറ്റ് ട്രോയ് ജാക്സൺ ഉന്നയിച്ച വിഷയങ്ങൾ ജനത്തിന്റെ ഹൃദയത്തോടു ചേർന്നു നിന്നിരുന്നു എന്നതാണ്. യുവതലമുറ ട്രംപിനെ കൈവിട്ടു എന്നതാണ് ശ്രദ്ധേയമായ ഒരു വിഷയം. മറ്റൊരു വിഭാഗം ലാറ്റിനോകളാണ്.

അത്യധികം ഊർജിതമായി ട്രംപ് പ്രചാരണം നടത്തി എന്ന സത്യം ബാക്കി നിൽക്കുന്നു. ഡെമോക്രാറ്റുകളുടെ പ്രധാന പ്രചാരകൻ ബരാക്ക് ഒബാമ ആയിരുന്നു. ട്രംപ് ഭരണത്തിനെതിരെ ആഞ്ഞടിക്കാൻ ഇക്കുറി ഒബാമ മടിച്ചില്ല. അതിനൊന്നും ഫലപ്രദമായി മറുപടി നൽകാൻ ട്രംപിനു കഴിഞ്ഞതുമില്ല.

പ്രചാരണ രംഗത്തു പാളിപ്പോയ മറ്റൊരു നേതാവ് വൈസ് പ്രസിഡന്റ് ജെ ഡി വാൻസ് ആണ്. ഭാഗികമായെങ്കിലും അതിനു കാരണം ട്രംപ് ഭരണത്തിന്റെ പരാജയങ്ങൾക്കു വിശദീകരണമില്ല എന്നതാണ്. 2028 പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ മത്സരിക്കണോ എന്ന് നവംബർ 3 കഴിഞ്ഞു തീരുമാനിക്കാം എന്നു പറഞ്ഞ വാൻസിനു സൂചനകൾ വ്യക്തമാണ്.

ഡെമോക്രാറ്റിക് വിജയത്തിന്റെ മാർജിൻ ഏതാണ്ട് 13% എന്നാണ് വിലയിരുത്തൽ. ആധുനിക ചരിത്രത്തിൽ ഏറ്റവും ഉയർന്നത്. സെനറ്റിൽ 55-44 ഭൂരിപക്ഷം ചരിത്രമാണ്. സ്വപ്നം കണ്ടതിനപ്പുറമാണ് ഹൗസ് വിജയം എന്നും പറയണം: 228-139.

തർക്കമില്ലാത്ത ഒരു നിഗമനം ട്രംപിന്റെ രാഷ്ട്രീയ ജീവിതത്തിനു തിരശീല താഴ്ത്തും മുൻപ് കുറിച്ചു വയ്ക്കാം: അദ്ദേഹത്തിനു ജനത്തിന്റെ മേൽ ഉണ്ടായിരുന്നു എന്നു.

emalayalee.com

Great News!



NOW YOU CAN

INSTANTLY

PLACE YOUR ADVT

or

BOOK YOUR AD SPACE

ON

eMalayalee.com

TARGET MALAYALEE AUDIENCE

THOUSANDS OF DAILY VISITORS

BOOST YOUR BRAND VISIBILITY

EASY, FAST & EFFECTIVE





WIDE ONLINE REACH

PREMIUM AD SPACES AVAILABLE

TRUSTED MEDIA PLATFORM

Just Click **eMalayalee.com/Advertise**



Save $894.* Combine Home & Auto.

Michael Tharian, Agent

1855 Victory Blvd
Staten Island, NY 10314

Toll Free:
888-644-7222

My State Farm agency's products and services are available. Call me for Auto, Home & Life Insurance quotes.

We Serve These States
NY, NJ, PA, & CT.

State Farm®

***Average household savings based on 2016 national survey of new policyholders who reported savings by switching to State Farm®.**

State Farm Mutual Automobile Insurance Company
State Farm Indemnity Company
State Farm Fire and Casualty Company
State Farm General Insurance Company
Bloomington, IL

1601489

ന്യു യോർക്കിൽ ടോം സോസിയുടെ വിജയത്തിനു പിന്നിലെ മലയാളികൾ; നിർണായകമായി ഇന്ത്യൻ അമേരിക്കൻ വോട്ടുകൾ



നൃു യോർക്ക്: ന്യൂയോർക്കിലെ ലോംഗ് ഐലൻഡിൽനിന്നുള്ള ഡെമോക്രാറ്റിക് കോൺഗ്രസ് അംഗം ടോം സോസിയുടെ വിജയത്തിനായി ഇന്ത്യൻ അമേരിക്കൻ സമൂഹം നടത്തിയ സംഘടിത പ്രവർത്തനങ്ങൾ തിരഞ്ഞെടുപ്പ് പ്രചാരണത്തിലെ ശ്രദ്ധേയമായ ഘടകമായി. കോൺഗ്രഷണൽ ഇന്ത്യ കോക്കസിന്റെ വൈസ് ചെയർമാനായ സോസി ഇന്ത്യൻ അമേരിക്കൻ സമൂഹവുമായി അടുത്ത ബന്ധം പുലർത്തുന്ന നേതാവാണ്. പ്രചാരണത്തിൽ വിവിധ ഇന്ത്യൻ അമേരിക്കൻ സംഘടനകളുടെയും വിഭാഗങ്ങളുടെയും പിന്തുണ ഉറപ്പാക്കാൻ അദ്ദേഹം പ്രത്യേക ശ്രദ്ധ ചെലുത്തി.

ലോംഗ് ഐലൻഡിലെ വലിയ ഇന്ത്യൻ അമേരിക്കൻ ജനസംഖ്യയും അവരുടെ വോട്ടുകൾക്കുള്ള നിർണായക സ്വാധീനവും തിരിച്ചറിഞ്ഞ് സോസിയുടെ പ്രചാരണസംഘം സമൂഹത്തിലേക്കുള്ള പ്രവർത്തന

ങ്ങൾ ശക്തമാക്കി. ഒക്ടോബർ 13-ന് യൂണിയ്ഡെയിലിലെ ലോംഗ് ഐലൻഡ് മാരിയറ്റിൽ നടന്ന 'ഇന്ത്യൻ അമേരിക്കൻസ് ഫോർ സോസി' പ്രചാരണ സംഗമത്തിൽ 500-ലധികം പേർ പങ്കെടുത്തു.

പഞ്ചാബി, ഗുജറാത്തി, തെലുങ്ക്, തമിഴ്, മറാത്തി വിഭാഗങ്ങളുടെ പ്രതിനിധികൾക്കൊപ്പം ഹിന്ദു, സിഖ്, ക്രൈസ്തവ സമൂഹങ്ങളിലെ അംഗങ്ങളും ബിഎപിഎസ് സംഘടനയുടെ പ്രതിനിധികളും സംഗമത്തിൽ പങ്കെടുത്തു. ഇന്ത്യൻ അമേരിക്കൻ സമൂഹത്തിന്റെ വൈവിധ്യമാണ് അവരുടെ ഏറ്റവും വലിയ ശക്തികളിലൊന്നെന്ന് സോസി പറഞ്ഞു. ഇന്ത്യൻ അമേരിക്കൻ കുടുംബങ്ങൾ തനിക്ക് നൽകിയ സൗഹൃദത്തിനും പിന്തുണയ്ക്കും അദ്ദേഹം നന്ദി രേഖപ്പെടുത്തി.

സോസിയുടെ തിരഞ്ഞെടുപ്പ് പ്രചാരണത്തിൽ മലയാളികൾ നടത്തിയ സജീവമായ ഇടപെടൽ പ്രത്യേകം ശ്രദ്ധേയമായി. മലയാളി സമൂഹത്തിൽ നിന്ന് കോശി ഒ. തോമസ്, കളത്തിൽ വർഗീസ്, ജോർജ് എബ്രഹാം, രാജു വർഗീസ്, അലക്സ് എസ് തപ്പാൻ, ക്രിസ് തോപ്പിൽ, ജോൺ സൺ സാമുവൽ, ഉഷ ജോർജ്, എന്നിവർ പ്രചാരണ പ്രവർത്തനങ്ങളിൽ സജീവ പങ്കാളികളായി.



ഏകദേശം മൂന്ന് മാസത്തോളം നീണ്ട പ്രവർത്തനങ്ങളിലൂടെ ഇവർ വോട്ടർമാരെ നേരിട്ട് ബന്ധപ്പെടുകയും സോസിയുടെ നിലപാടുകളും വികസന കാഴ്ചപ്പാടുകളും വിശദീകരിക്കുകയും സമൂഹത്തിന്റെ പിന്തുണ ഉറപ്പാക്കുകയും ചെയ്തു. പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുന്നതിലും തിരഞ്ഞെടുപ്പ് ദിനത്തിലെ പ്രവർത്തനങ്ങളിലും ഇവർ സജീവമായി പങ്കെടുത്തു. അമേരിക്കൻ തിരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ മലയാളികളുടെ വർധിച്ചുവരുന്ന പങ്കാളിത്തത്തിന്റെ പ്രതിഫലനം കൂടിയായിരുന്നു ഈ ഇടപെടൽ.

ലോംഗ് ഐലൻഡിലുടനീളം സോസിക്ക് പിന്തുണ ഉറപ്പാക്കാൻ ഇന്ത്യൻ അമേരിക്കൻ സംഘടനകൾ നടത്തിയ വിപുലമായ പ്രവർത്തനങ്ങളുടെ ഭാഗമായിരുന്നു മലയാളികളുടെ ഈ മുന്നേറ്റം. വോട്ടർമാർ എന്ന നിലയിൽ മാത്രമല്ല, തിരഞ്ഞെടുപ്പ് പ്രചാരണത്തിന്റെയും താഴെത്തട്ടിലുള്ള രാഷ്ട്രീയ പ്രവർത്തനങ്ങളുടെയും ഭാഗമായും ഇന്ത്യൻ അമേരിക്കൻ സമൂഹം സ്വാധീനം വർധിപ്പിച്ചുവരുന്നതിന്റെ തെളിവുകൂടിയായി ഈ തിരഞ്ഞെടുപ്പ്.



ഇന്ത്യൻ അമേരിക്കൻ സമൂഹവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സോസി നടത്തിയ ഇടപെടലുകളും വോട്ടർമാർക്കിടയിൽ അദ്ദേഹത്തിന് പിന്തുണ വർധിപ്പിക്കാൻ സഹായിച്ചു. ക്ഷേത്രങ്ങളിലും ഗുരുദ്വാരകളിലും സേവനം ചെയ്യുന്ന ഇന്ത്യൻ വംശജരായ പുരോഹിതർക്ക് മതപരമായ വിസാ ആനുകൂല്യങ്ങൾ ഉറപ്പാക്കുന്നതിനുള്ള പിന്തുണ, മതസേവന രംഗത്തുള്ളവർക്ക് ഗ്രീൻ കാർഡ് ലഭ്യമാക്കുന്നതിനുള്ള നിയമനിർമാണത്തെ അനുകൂലിക്കൽ, വിസാ സംബന്ധമായ വെല്ലുവിളികൾ നേരിടുന്ന ഇന്ത്യൻ വംശജരായ ഡോക്ടർമാർക്കും സാങ്കേതിക വിദഗ്ധർക്കും സഹായം നൽകൽ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു.

അമേരിക്കൻ രാഷ്ട്രീയത്തിൽ ഇന്ത്യൻ അമേരിക്കൻ

സമൂഹം നിർണായക ശക്തിയായി വളർന്നുവരുകയാണെന്ന് തിരഞ്ഞെടുപ്പ് ഫലം വീണ്ടും വ്യക്തമാക്കുന്നു. മലയാളികൾ ഉൾപ്പെടെയുള്ള ഇന്ത്യൻ അമേരിക്കക്കാർ വോട്ടർമാർ എന്ന നിലയിൽ മാത്രമല്ല, തിരഞ്ഞെടുപ്പ് പ്രചാരണങ്ങളിലും പ്രാദേശിക രാഷ്ട്രീയ പ്രവർത്തനങ്ങളിലും സജീവ പങ്കാളികളായും സ്വാധീനം ഉറപ്പിക്കുകയാണ്.

അമേരിക്കൻ ഇടക്കാല തിരഞ്ഞെടുപ്പ് ഫലം പ്രസിഡന്റ് ഡൊണാൾഡ് ട്രംപിനും റിപ്പബ്ലിക്കൻ പാർട്ടിക്കും കനത്ത രാഷ്ട്രീയ തിരിച്ചടിയായി. ഹൗസിലും സെനറ്റിലും ഭൂരിപക്ഷം ഉറപ്പാക്കി ഡെമോക്രാറ്റുകൾ കോൺഗ്രസിന്റെ ഇരുസഭകളുടെയും നിയന്ത്രണം തിരിച്ചുപിടിച്ചു. ട്രംപിന്റെ രണ്ടാം ഭരണകാലത്തെ അവസാന രണ്ടു വർഷങ്ങളിൽ ഭരണകൂടത്തിന്റെ നയങ്ങളെയും തീരുമാനങ്ങളെയും ശക്തമായി ചോദ്യം ചെയ്യാൻ ഇതോടെ പ്രതിപക്ഷത്തിന് അവസരമൊരുങ്ങി.

ജീവിതച്ചെലവിലെ വർധന, പണപ്പെരുപ്പം, ഇറാനുമായുള്ള യുദ്ധം, താരിഫ് നയങ്ങൾ, ഭരണകൂടത്തിനെതിരായ അഴിമതി ആരോപണങ്ങൾ തുടങ്ങിയ വയിലുള്ള ജനങ്ങളുടെ അതൃപ്തിയാണ് ഡെമോക്രാറ്റുകളുടെ വിജയത്തിന് പ്രധാന കാരണമായതെന്നാണ് പ്രാഥമിക വിലയിരുത്തൽ. പരമ്പരാഗതമായി റിപ്പബ്ലിക്കൻ പാർട്ടിക്ക് ശക്തമായ സ്വാധീനമുള്ള സംസ്ഥാനങ്ങളിൽപ്പോലും ഡെമോക്രാറ്റുകൾ മുന്നേറ്റം നടത്തിയതും തിരഞ്ഞെടുപ്പ് ഫലത്തിന്റെ രാഷ്ട്രീയ പ്രാധാന്യം വർധിപ്പിക്കുന്നു.





സെനറ്റിൽ നോർത്ത് കരോലിന, സൗത്ത് കരോലിന, ടെക്സസ്, കൻസാസ്, അയോവ, മെയ്ൻ, ഒഹായോ തുടങ്ങിയ സംസ്ഥാനങ്ങളിൽ റിപ്പബ്ലിക്കൻ പാർട്ടിയുടെ സീറ്റുകൾ പിടിച്ചെടുത്താണ് ഡെമോക്രാറ്റുകൾ ഭൂരിപക്ഷം ഉറപ്പിച്ചത്. ഹൗസിൽ റിപ്പബ്ലിക്കൻ പാർട്ടിയുടെ രണ്ട് ഡസനിലധികം സീറ്റുകളും ഡെമോക്രാറ്റുകൾ സ്വന്തമാക്കി. ഗവർണർ തിരഞ്ഞെടുപ്പുകളിലും പാർട്ടി ശ്രദ്ധേയമായ നേട്ടമുണ്ടാക്കി.




കോൺഗ്രസിന്റെ ഇരുസഭകളുടെയും നിയന്ത്രണം ഡെമോക്രാറ്റുകൾക്ക് ലഭിച്ചതോടെ ട്രംപ് ഭരണകൂടത്തിന് നിയമനിർമാണ അജൻഡകൾ മുന്നോട്ടുകൊണ്ടുപോകുന്നതിൽ വലിയ വെല്ലുവിളികൾ നേരിടേണ്ടിവരും. ഭരണകൂടത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് കോൺഗ്രസ് അന്വേഷണങ്ങൾ ആരംഭിക്കാനും ഉന്നത ഉദ്യോഗസ്ഥരോട് വിശദീകരണം തേടാനും നയപരമായ തീരുമാനങ്ങൾ തടയാനോ മാറ്റങ്ങൾ ആവശ്യപ്പെടാനോ ഡെമോക്രാറ്റുകൾക്ക് കൂടുതൽ അധികാരമുണ്ടാകും. ഉന്നത സർക്കാർ, ജുഡീഷ്യൽ പദവികളിലേക്കുള്ള നിയമനങ്ങളിലും സെനറ്റിന്റെ നിയന്ത്രണം നിർണായക സ്വാധീനം ചെലുത്തും.

പുസ്തക പരിചയം 48

പ്രവാസിയുടെ നേരും നോവും

(ലേഖനം) - കോരസൺ





പുസ്തക പരിചയം
തയ്യാറാക്കിയത് :
ബാജി ഓടംവേലി, ഡാലസ്

ഈ പുസ്തകത്തിലെ ലേഖനങ്ങൾ കൈകാര്യം ചെയ്യുന്ന വിഷയങ്ങളുടെ കേന്ദ്ര ബിന്ദു പലപ്പോഴും കേരളത്തിനു പുറത്താണ്. എങ്കിലും ഒരു കേരളീയന്റെ അനുഭത്തിന്റെയും കാഴ്ചപ്പാടുകളുടെയും അടിസ്ഥാനം ഇവയ്ക്കുണ്ട്. ഉറച്ച മാനവിക താബോധത്തോടെയാണ് ഇതിലെ ഓരോ വിഷയങ്ങളെയും ലേഖകൻ സമീപിച്ചിരിക്കുന്നത്.

ഈ ലേഖനങ്ങൾ ഒരു ജീവിതാവസ്ഥയെ ചിത്രീകരിക്കുന്നതിലോ ഒരു വാദമുഖത്തെ വൈകാരികസ്പർശത്തോടെ മുന്നോട്ടു വെയ്ക്കുന്നതിലോ ആണ് ശ്രദ്ധിച്ചിരിക്കുന്നത്. ഇതിന്റെ ആവിഷകാരരീതി സ്വച്ഛന്ദമാണ്. ആഖ്യാനത്തിന്റെയും അവതരണത്തിന്റെയും കാര്യത്തിൽ കഥകളോടാണിവ ചേർന്നു നിൽക്കുന്നത്. മനോഹരമായ ഒരു കഥവായിക്കുന്നതുപോലെ ഓരോ ലേഖനത്തിലൂടെയും സഞ്ചരിക്കാനാവും.

'വീഞ്ഞിന്റെ സുവിശേഷം; ല-ഹൈമ്മ്'


എന്ന ലേഖനത്തിൽ അടുത്ത വീട്ടിലെ യഹൂദനായ സ്കോട്ടിന്റെ കുടുംബത്തോടൊപ്പം താങ്ക്സ് ഗിവിങ്ങ് ആഘോഷിക്കാൻ പോയതിന്റെ വ്യത്യസ്ഥമായ വിവരണമാണ്. എല്ലാവരും മേശയ്ക്കു ചുറ്റും ഇരുന്ന്, പോയവർഷം അവരവർക്ക് പ്രീയപ്പെട്ട കാര്യങ്ങൾ നടന്നതിന് ഈശ്വരനോട് നന്ദി പറയും. ഓരോരുത്തരും പറഞ്ഞു കഴിയുമ്പോൾ വൈൻ ഗ്ളാസ്സ് ഉയർത്തി 'ല - ഹൈമ്മ് ' എന്ന ഹീബ്രു വാക്ക് ഉച്ചത്തിൽ പറഞ്ഞ് ഗ്ളാസ്സുകൾ മുട്ടിച്ച് ടോസ്റ്റ് ചെയ്യുമായിരുന്നു. ഈ വാക്കിന്റെ അർത്ഥം 'റ്റു ലൈഫ് ' (ജീവനു വേണ്ടി) എന്നാണ്. എഴുത്തുകാരന്റെ നന്ദി വാക്കുകൾക്കു ശേഷം എഴുത്തുകാരനു വേണ്ടിയും അവരത് പറഞ്ഞു. അവസാനം എഴുത്തുകാരനും കുടുംബവും മനസ്സറിഞ്ഞ് ല - ഹൈമ്മ് പറഞ്ഞാണ് ലേഖനം അവസാനിപ്പിച്ചിരിക്കുന്നത്.

ഈ നിശ്ശബ്ദതകൾ ആത്മവഞ്ചനയാണ് എന്നു തുടങ്ങുന്ന 'അവകാശമില്ല നമുക്ക് നിശ്ശബ്ദരായിരിക്കുവാൻ' എന്ന ലേഖനത്തിൽ എവിടെയോ കൈമോശം വന്ന നമ്മുടെ ധാർമ്മിക കവചങ്ങൾ കണ്ടു പിടിക്കാൻ ശ്രമമൊന്നും ഉണ്ടാകുന്നില്ലെന്ന് ചൂണ്ടിക്കാണിക്കുന്നു. ഭയമാണ് നമ്മളെ ഒന്നിനും കൊള്ളാത്ത കൂട്ടങ്ങളാക്കുന്നത്. നാം ആരെയൊക്കെയോ എപ്പോഴും ഭയന്നാണ് ജീവിക്കുന്നതെന്ന സത്യം ഓരോ നിമിഷവും വ്യക്തമാവുകയാണ്. ജോലിയിലും വീട്ടിലും സമൂഹത്തിലും സംസാരത്തിലും ആരാധനാകേന്ദ്രങ്ങളിലും വഴിനടക്കുമ്പോളും മാത്രമല്ല, ഉറക്കത്തിൽ പോലും എന്തോ, ഏതോ ഭീതിയുടെ അടിമകളായി നാം മാറിയിരിക്കുന്നു. നിർഭയമായിരിക്കുക എന്നത് ചിന്തിക്കാൻ പോലും സാധിക്കാത്ത നമ്മുടെ അവസ്ഥയെ വാക്കുകളിലൂടെ വ്യക്തമാക്കിയിരിക്കുന്നു.

'ഫിലോസഫർ കിംഗ് ' എന്ന ലേഖനത്തിലെ ചുവടെ ചേർത്തിരിക്കുന്ന ഭാഗം ഒരു കഥ പോലെ മനോഹരമാണ്.

അമേരിക്കയിലുള്ള മിനിയാപ്പോളീസിലുള്ള ഒരു ടാർഗറ്റ് സ്റ്റോറിലേക്ക് ഒരു കസ്റ്റമർ കടന്നു വന്ന് മാനേജരെ കാണണം എന്നു പറഞ്ഞ് ബഹളം വെച്ചു. 'നിങ്ങളുടെ കടയിൽ നിന്നും കുട്ടികൾക്കുള്ള ഉടുപ്പുകളുടെയും തൊട്ടിലിന്റെയും മറ്റും കൂപ്പണുകളാണ് എന്റെ മകൾക്കു തപാലിൽ ലഭിച്ചത്. അവൾ ഹൈസ്കൂളിൽ പഠിക്കുന്ന കുട്ടിയാണ്. എന്താ അവളെ ഗർഭം ധരിപ്പിക്കാൻ നിങ്ങൾ പ്രേരിപ്പിക്കുകയാണോ?' അയാൾ അലറി. കാര്യങ്ങൾ മനസ്സിലാവാതിരുന്ന സ്റ്റോർ മാനേജർ ക്ഷമ പറഞ്ഞു. കുറച്ചു ദിവസങ്ങൾക്കു ശേഷം വീണ്ടും ക്ഷമ പറയാൻ കസ്റ്റമറെ വിളിച്ചു. ഇത്തവണ കസ്റ്റമർ പതിഞ്ഞ രീതിയിലാണ് പ്രതികരിച്ചത്. 'ഞാൻ അറിയാത്ത ചില കാര്യങ്ങൾ എന്റെ കുടുംബത്തിൽ നടക്കുന്നുണ്ട്. മകൾ ഗർഭിണിയാണ്.., ഞാനാണ് നിങ്ങളോട് ക്ഷമ ചോദിക്കേണ്ടത്.'

ഒരു സ്ത്രീ ഗർഭം ധരിച്ചു എന്ന് അവളുടെ വീട്ടുകാർ അറിയും മുൻപേ ടാർഗറ്റ് കമ്പനി അറിയുന്നു. അവരുടെ ഭാവി കസ്റ്റമർ ആയേക്കാവുന്ന ഉപഭോക്താവിനെ അവൾക്കു വേണ്ടി വന്നേക്കാവുന്ന ഉൽപ്പന്നങ്ങളുടെ വിവരങ്ങൾ അറിയിക്കുന്നു. ബിഗ് ഡാറ്റാ അതിന്റെ പ്രയാണം ആരംഭിച്ചതേയുള്ളൂ. നാം അറിയാതെ നമ്മിൽ നിന്നും ശേഖരിക്കുന്ന വിവരങ്ങളിൽ നിന്നും അതിന്റെ ദ്രുതഗതിയിലുള്ള വിശകലനങ്ങളിൽ നിന്നും അത്ഭുതകരമായ ഒരു ലോകത്തിലേക്കാണ് നമ്മൾ അറിയാതെ നടന്നുടുക്കതെന്ന് ലേഖനം ചൂണ്ടിക്കാട്ടുന്നു.



'ബ്ളാക്ക് വോൾസ്ട്രീറ്റ് കത്തിച്ചാമ്പലാക്കിയതിന്റെ ശതവാർഷികം' എന്ന ലേഖനത്തിൽ 100 ൽ അധികം വർഷങ്ങൾക്ക് മുൻപ് കൃത്യമായി പറഞ്ഞാൽ 1921 ജൂൺ 1 ന് ഒക്കലഹോമയിലെ ടെൽസയിൽ നടന്ന വംശീയ നരനായാട്ടിനെക്കുറിച്ച് പറയുകയാണ്. തീർച്ചയായും ഇത് അമേരിക്കയുടെ ചരിത്രത്തിലെ

ലജ്ജിക്കേണ്ട അധ്യായമാണ്. മുന്നൂറോളം കറുത്ത വർഗ്ഗക്കാർ കൂട്ടക്കൊല ചെയ്യപ്പെടുകയും അവരുടെ വീടുകളും ബിസിനസ് കെട്ടിടങ്ങളും തീ വച്ചു നശിപ്പിക്കുകയും ചെയ്ത ടെൽസ കൂട്ടക്കൊലയുടെ പിന്നാമ്പുറകഥകൾ ഭീതിയോടെയെ വായിച്ചു തീർക്കുവാനാകൂ.

'റിബെക്ക - ഒരു മിന്നാമിനുങ്ങിന്റെ നക്ഷത്രത്തിളക്കം' എന്ന ലേഖനം ഏറെ അടുപ്പമുള്ള അയൽപക്കത്തെ യഹൂദകുടുംബത്തിലെ സ്കോട്ടിന്റെ മകൾ റിബെക്കയെക്കുറിച്ചാണ്. അവൾ എഴുത്തുകാരന്റെ മകളുടെ അടുത്ത കൂട്ടുകാരിയാണ്. ഐസ് സ്കീയിംഗിനിടയിൽ അപകടം പിണഞ്ഞ് കഴുത്തിനു താഴെ ചലനമറ്റ അവസ്ഥയിൽ കഴിയുന്ന റിബെക്ക ജീവിതത്തോട് പുലർത്തുന്ന പോസിറ്റീവായ സമീപനം ചിത്രീകരിക്കുന്ന ലേഖനം ഏറെ ഹൃദയസ്പർശിയും വായനക്കാർക്ക് പ്രതിസന്ധികളെ നേരിടാനുള്ള മനോവീര്യം പകരുന്നവയുമാണ്.

പലസ്തീൻ പ്രശ്നം, റോഹിഗ്യൻ അഭയാർത്ഥി പ്രശ്നം തുടങ്ങിവയെ കുറിച്ചുള്ള ലേഖനങ്ങൾ ഉള്ളിൽ തട്ടുന്ന വായനാനുഭവം സമ്മാനിക്കും. വെള്ളക്കാരുടെ പറുദീസയായ നാട്ടിൽ കറുത്തവരും തവിട്ടു നിറക്കാരും നേരിടുന്ന വിവേചനങ്ങളും അതുളവാക്കുന്ന ഭീതിയും മറ്റും അനുഭവബോധ്യത്തോടെ എഴുതിയിരിക്കുന്നു. മാറേണ്ടതുണ്ട് മലയാളികൾ എന്ന ലേഖനത്തിൽ അത്യാവശ്യം അറിഞ്ഞിരിക്കേണ്ട കുറേ പ്രായോഗിക നിർദ്ദേശങ്ങളുണ്ട്. അങ്ങനെ വായനക്കാർ അത്യാവശ്യം അറിഞ്ഞിരിക്കേണ്ട 22 വിഷയങ്ങളെക്കുറിച്ചുള്ള മികവുറ്റ ലേഖനങ്ങളാണ് ഈ പുസ്തകത്തിൽ ഉള്ളത്.

ചുറ്റുമുള്ള ചെറുതും വലുതുമായ കാര്യങ്ങളെ തുറന്ന കണ്ണോടെ കാണാനും സന്തുലിതമായി വിലയിരുത്താനും ശ്രമിച്ചിരിക്കുന്നു. സാഹിത്യ പരിചയത്തിന്റെ പശ്ചാത്തലവും സാമകാലികമായ ലോകാവസ്ഥയെക്കുറിച്ചുള്ള യഥാർത്ഥ്യ നിഷ്ഠമായ തിരിച്ചറിവുകളും ചരിത്രബോധത്തിന്റെ അടിസ്ഥാന ബോധ്യങ്ങളും ഈ ലേഖനങ്ങളുടെ അടിത്തറയാകുന്നു എന്ന് അവതാരികയിൽ ഡോ. കെ. എസ്. രവികുമാർ സാക്ഷ്യപ്പെടുത്തുന്നു.

ഈ പുസ്തകത്തെക്കുറിച്ചുള്ള, മലയാളത്തിന്റെ പ്രിയ കഥാകാരൻ സക്കറിയയുടെ വിലപ്പെട്ട വാക്കുകൾ ആമുഖമായി ചേർത്തിട്ടുണ്ട്. അവതാരിക എഴുതിയിരിക്കുന്നത് സഹപാഠിയും സുഹൃത്തും പ്രശസ്ത മലയാള സാഹിത്യ വിമർശകനും എഴുത്തുകാരനുമായ ഡോ. കെ. എസ്. രവികുമാർ ആണ്. മംഗളോദയം ഗ്രീൻ ബുക്സാണ് ഈ പുസ്തകം പ്രസിദ്ധീകരിച്ചിരിക്കുന്നത്. 144 പേജുകളുള്ള ഈ പുസ്തകത്തിന്റെ വില 140 രൂപയാണ്.



കോരസൺ

(കോരസൺ വർഗീസ്)

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളിയിൽ ജനനം. കുടുംബം നിരണം വിയപുരം മുളമൂട്ടിൽ. സർക്കാർ ഉദ്യോഗസ്ഥരായിരുന്ന മാതാപിതാക്കൾ പന്തളത്ത് താമസിക്കുന്നു. പന്തളം എൻ.എസ്.എസ്. കോളേജിൽ പഠനം. കേരള സർവ്വകലാശാലയിൽ നിന്നും കോമേഴ്സിൽ ബിരുദാനന്തര ബിരുദം. യു.എ.ഇ. യിൽ എട്ടു വർഷത്തോളം ജോലി ചെയ്തു. ഇപ്പോൾ ന്യൂയോർക്ക് സിറ്റി സർക്കാർ ഉദ്യോഗസ്ഥനാണ്. മലയാള മനോരമയിൽ 'വാൽക്കണ്ണാടി' എന്ന കോളം നിരവധി വർഷങ്ങളായി തുടരുന്നു. ആനുകാലികങ്ങളിലും ഓൺലൈൻ പ്രസിദ്ധീകരണങ്ങളിലും ശ്രദ്ധേയമായ ലേഖനങ്ങൾ എഴുതുന്നു.

വാൽക്കണ്ണാടി (ലേഖനം), പ്രവാസിയുടെ നേരും നോവും (ലേഖനം) എന്നിവ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിരവധി പുരസ്കാരങ്ങൾ തേടിയെത്തിയിട്ടുണ്ട്.

കഴിഞ്ഞ മൂന്നു പതിറ്റാണ്ടിലേറെയായി ന്യൂയോർക്കിൽ താമസിക്കുന്നു. സാഹിത്യ സാംസ്കാരിക രംഗങ്ങളിൽ സജീവമാണ്.

ഭാര്യ :- സന്തോഷ് കോരസൺ

മക്കൾ :- ക്രിസ്റ്റീൻ, ജോനാഥാൻ, ക്രിസ്റ്റൽ

ഇ-മെയിൽ :- vkoraosn@yahoo.com

pravasi CHANNEL HD

eM emalayalee.com

Pravasi Channel & eMalayalee
Presents

GlobeON

GlobeON
News



Every Day
10am | 2pm |
6pm & 10pm US EST

Watch all Media Outlets via 'MediaAppUSA'

MediaAppUSA
mediaappusa.com

Download for FREE on all
Streaming Devices and Smart TV's

Also on iPhone
and Android Phone

For more info: 1-917-662-1122 | info@medialogistics.us